15.	''	വി.ജെ. പൗലോസ്
16.	''	തിരുവഞ്ചൂർ രാധാകൃഷ്ണൻ
17.	ശ്രീമതി	രാധാ രാഘവൻ
18.	ശ്രീ	പാലോട് രവി
19.	''	തമ്പാനൂർ രവി
20.	ശ്രീമതി	റോസമ്മ ചാക്കോ
21.	പ്രൊഫ.	സാവിത്രി ലക്ഷ്മണൻ
22.	ശ്രീമതി	ശോഭനാ ജോർജ്
23.	''	കെ. സുധാകരൻ
24.	''	തോമസ് ചാഴികാടൻ
25.	''	ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ- 48

പ്രതികൂലിക്കുന്നവർ- 25

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

(1999-ലെ കേരള ലോക് അയുക്ത (ഭേദഗതി)ബിൽ പാസ്സാക്കണമെന്ന പ്രമേയം 25 നെതിരെ 48 വോട്ടുകളോടെ സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി).

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുശേഷം 2.15ന് വീണ്ടും യോഗം ചേരുന്നതുമാണ്.

(ഉച്ചഭക്ഷണത്തിനായി ഉച്ചയ്ക്കുശേഷം 1.38ന് യോഗം പിരിഞ്ഞ സഭ 2.15ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

നിയമനിർമ്മാണ കാര്യം : (തുടർച്ച)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ

[2 PM]

മി. സ്പീക്കർ : ഓർഡർ....ഓർഡർ...വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി, ശ്രീ. പി.ജെ. ജോസഫ്...

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ †പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഇനി ഡിസന്റിലേയ്ക്ക് കടക്കാമല്ലോ, അതുകഴിഞ്ഞ് ഒരു ബിൽകൂടി വരുന്നു എന്നുള്ളത് ഓർമ്മ വേണം, അംഗങ്ങൾ ഒറ്റയ്ക്ക് ഒറ്റയ്ക്ക് എന്നോട് പെട്ടെന്നു തീർക്കണമെന്നു പറയുന്നുണ്ട്. നമുക്ക് പെട്ടെന്ന് തീർക്കണം. നല്ല മാതൃക കാണിക്കണം-ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എല്ലാപേരുംകൂടി ചർച്ച പെട്ടെന്നു തീർക്കുന്ന കാര്യത്തിൽ മാതൃക കാണിക്കാൻ എന്നെത്തന്നെ തെരഞ്ഞെടുത്തത് നന്നായി (നിയമസഭാ ഹാളിനുള്ളിൽ സെൽഫോണിന്റെ ശബ്ദം കേട്ടതിനെത്തുടർന്ന് സഭയിൽ ബഹളം)

X. അറിയിപ്പ്

നിയമസഭാഹാളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ടുവരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : നിയമസഭാ ഹാളിനുള്ളിൽ മറ്റ് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളൊന്നും പാടില്ല; അതിലെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് സെൽഫോൺ, അത് ഇതിനകത്ത് അനുവദനീയമല്ല, അത് സഭയിൽ കൊണ്ടുവരാതിരിക്കുക, അഥവാ ആരെങ്കിലും കൈവശം വച്ചാൽ അത് ഓഫ് ചെയ്തു വയ്ക്കുക, ഇത് അംഗങ്ങൾക്ക് മാത്രമല്ല അത് ഈ സഭയിൽ പ്രവേശിക്കുന്ന എല്ലാപേർക്കും ബാധകമാണ്. അത് കൊണ്ടുവരാതിരിക്കുന്നതാണ് നല്ലത്. കാരണം കൊണ്ടുവന്നു, മറവിപറ്റി എന്നൊക്കെ എക്സ്ക്യൂസ് ഉണ്ട്, അതിനേക്കാൾ നല്ലത് കൊണ്ടുവരാതിരിക്കുന്നതാണ്, പുറത്തുവച്ചിട്ട് വരിക, ഇതുസംബന്ധിച്ച് മുമ്പും റൂളിംഗ് നൽകിയതാണ്. വീണ്ടും ആവർത്തിക്കുന്നു. അവിടെ ശബ്ദിച്ച സെൽഫോൺ ചെയറിനെ ഏൽപ്പിക്കുക.

നിയമനിർമ്മാണ കാര്യം - തുടർച്ച

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഹൈവേ സംരക്ഷണത്തിനു വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞാൻ പൊതുവെ സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലിലെ ചില അപാകതകൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരുലക്ഷത്തി ഇരുപത്തിആയ്യായിരം കിലോമീറ്റർ റോഡുകളുള്ളതിൽ 3500 കിലോമീറ്റർ റോഡുകളെ മാത്രം ബാധിക്കുന്ന രൂപത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതിനകത്ത് സ്റ്റേറ്റ് ഹൈവേയും നാഷണൽ ഹൈവേയും ഒ.ഡി.ആർ.ഉം. എം.ഡി.ആർ.ഉം വില്ലേജ് റോഡ്സും ഉണ്ടാകും. പലവിധത്തിലുള്ള റോഡുകളിൽ ഹൈവേയായി ഇപ്പോൾ പറഞ്ഞിട്ടുള്ളത് 3500 കിലോമീറ്റർ മാത്രമാണ്. അപ്പോൾ കേരളത്തിലെ ടോട്ടൽ റോഡ് സ്ട്രെങ്തിന്റെ ഒരു നെഗ്ലിജിബിൽ പെർസെന്റിനെ മാത്രമാണ് ഈ നിയമം ബാധിക്കുന്നത് എന്നുള്ളതാണ് എന്റെ ആക്ഷേപം. അതിന് എനിക്ക് ചില പ്രതിവിധികൾകൂടിയുണ്ട്. അതിന് പ്രധാനമായി ചെയ്യാവുന്നത് എം.ഡി.ആർ.ഉം ഒ.ഡി.ആർ.ഉം ആയി അറിയപ്പെടുന്ന റോഡുകൾ കൂടി ഹൈവേയാക്കി മാറ്റാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഈ ബില്ലിനകത്ത് ഒരു പ്രത്യേകകാര്യം പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഹൈവേയായിട്ട് ഡിക്ലയർ ചെയ്യാൻ കഴിയുന്ന റോഡുകളുണ്ട്. അങ്ങനെ പലവിധത്തിൽ തരംതിരിക്കാതെ കേരളത്തിലെ റോഡുകളുടെ സമഗ്രമായ വികസനത്തിന് റോഡുകളുടെ മുഴുവൻ കൺട്രോളും ഒരു കേന്ദ്രീകൃത നേതൃത്വത്തിൽ ഉണ്ടാകും. കേരളത്തിലെ മുഴുവൻ റോഡുകളും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി നിയമം വിപുലപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഒന്നാമത്തെ സജഷൻ: ഈ നിയമം പാസ്സാക്കിക്കഴിയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ മഹാഭൂരിപക്ഷം റോഡുകളും അനാഥമായി പിന്നേയും കിടക്കും. അതുകൊണ്ട് മഹാഭൂരിപക്ഷം വരുന്ന റോഡുകൾകൂടി ഉൾക്കൊള്ളിക്കാൻ നമുക്ക് കഴിയണം. വലിയ ഗുണമില്ലെങ്കിലും പി.ഡബ്ല്യൂ.ഡി. റോഡുകൾ അവിടെയും ഇവിടെയും ഒക്കെ മെച്ചപ്പെടുത്താൻ ചില പ്രൊവിഷൻസ് ഉണ്ട്. വില്ലേജ് റോഡുകളുടെ അവസ്ഥയെന്താണ്? ആ റോഡുകൾ നന്നാക്കുന്നതിന് ഒരു മാർഗ്ഗവുമില്ല.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ഈ നിയമം പാസാകുന്നതോടുകൂടി ഇത് ഹൈവേ ആകുകയാണല്ലോ. ഇപ്പോൾ മന്ത്രിയുടെ വകുപ്പ് പി.ഡബ്ല്യൂ.ഡി. എന്നാണ്. മിനിസ്റ്റർ ഫോർ ഹൈവേയ്സ് എന്നാക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, മിനിസ്റ്റർ ഫോർ ഹൈവേയ്ക്ക് എന്ന് പേര് മാറ്റിയാൽ മാത്രം പോരാ. അങ്ങനെ മാറ്റുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. മാറ്റണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം...

<u>ശ്രീ. പി. രാജു</u> : സർ, ശ്രീ. പി.സി. ജോർജ് ഇവിടെ പറഞ്ഞതുപോലെ അദ്ദേഹം മിനിസ്റ്റർ ഫോർ ഹൈവേയ്സ് മാത്രമല്ല മിനിസ്റ്റർ ഫോർ എഡ്യൂക്കേഷൻ, രജിസ്ട്രേഷൻ, ഭവനനിർമ്മാണം ഒക്കെയാണ്. ബാക്കി വകുപ്പ് ശ്രീ. ജോർജിന് വേണമോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഹൈവേയെക്കുറിച്ച് പറയുമ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് മന്ത്രി എന്നാണ് അറിയപ്പെടുന്നത്. ശ്രീ. പി.സി. ജോർജ് വച്ച നിർദ്ദേശം അനുസരിച്ച് അങ്ങനെയൊരു പുതിയ വകുപ്പ് ഉണ്ടാക്കി ഒരു മന്ത്രിയെക്കൂടി വയ്ക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ഇപ്പോൾ ഈ ബില്ലിന്റെ ചർച്ച തുടങ്ങിയതുകൊണ്ട് മൊണോട്ടണസ്സായി പോകേണ്ട എന്ന് കരുതിയാണ് ഇത്രയും കൂടുതൽ വഴങ്ങിയത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, Declaration of Roads, Chapter II വായിക്കണം. Declaration of roads, ways or land as highway:- The Government may, by notification in the Gazette, declare any road, way or land apurtenant thereto to be a highway and classify it as a State highway or a major district road or any other category or road-എന്നാണ്. അദ്ദേഹം നിർദ്ദേശിച്ചതിന് ഇവിടെത്തന്നെ പരിഹാരമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ ഒരു വെർഷൻ പറയാം. ഗവൺമെന്റിന് സെലക്ടീവായിട്ട് ഏതെങ്കിലും ചില റോഡുകൾ ഡിക്ലയർ ചെയ്യാമെന്നാണ് അങ്ങ് വായിച്ചതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്, അങ്ങനെ സെലക്ടീവാകുമ്പോൾ പലപ്പോഴും പക്ഷപാതപരമായിട്ടാണ് പോകുന്നത്. ഡിസ്ക്രിമിനേഷൻ ഉണ്ടാകും. ഇന്ന് രാവിലെ ചില ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സൂചിപ്പിച്ചതുപോലെ ഡിസ്ക്രിമിനേഷനുള്ള പോസിബിലിറ്റിയുണ്ട്. സംസ്ഥാനത്ത് ഒരു നിയമമുണ്ടാകുമ്പോൾ അത് ഡിസ്ക്രിമിനേറ്റീവായിട്ട് വിനിയോഗിക്കാൻവേണ്ടി ഡിസ്ക്രീഷൻ കൊടുക്കുന്നത് ശരിയല്ല. അത് Law of ethics -ന് ചേർന്നതല്ല.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, മൂന്നാമത്തെ പേജിൽ ഡെഫിനിഷൻ നോക്കണം. "highway" means any road, way or land declared as a highway under Section 3; and includes any land acquired of demarcated for construction of a highway എന്നാണ്. അതുകൊണ്ട് അതെല്ലാം ഇൻക്ലൂസീവ് ആണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇതൊക്കെ only after declaration എന്നാണ്. ആരാണ് ഈ ഡിക്ലറേഷൻ നടത്താനുള്ള അതോറിറ്റി എന്നുള്ളതാണ് പ്രശ്നം. അവിടെയാണ് ഡിസ്ക്രിമിനേറ്റീവായിട്ട് ഇത് വിനിയോഗിക്കാനുള്ള സാദ്ധ്യതയുണ്ടാകുന്നത്. Government may come and go എന്റെ കാഴ്ചപ്പാടിൽ കേരളത്തിന്റെ റോഡുകളെ ക്വാളിറ്റി അനുസരിച്ച് പല തായി തരംതിരിക്കുന്നതിൽ വിരോധമില്ല. പക്ഷേ, മൊത്തം റോഡുകളുടെ സമഗ്രമായ വികസനമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ആ സമഗ്രമായ വികസന ത്തിനുവേണ്ടിയുള്ള സാദ്ധ്യതകൾ കണ്ടെത്തണം. കേരളത്തിലെ റോഡുക ളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ്. ഇന്ന് രാവിലെ തന്നെ ട്രഷറി ബഞ്ചിൽനിന്ന് മറുപടി പറഞ്ഞപ്പോൾ കേരളത്തിൽ ആക്സിഡന്റ് കുറ വാണ്. അങ്ങനെയുള്ള മരണങ്ങൾ കുറവാണ് എന്നൊക്കെ പറഞ്ഞു. ആക്സി ഡന്റ് കുറവാകട്ടെ എന്നുള്ളതാണ് നമ്മുടെ പ്രാർത്ഥന. കേരളത്തിൽ ആക്സി ഡന്റ് കുറയും. കാരണം കേരളത്തിൽ വണ്ടി സ്പീഡിൽ ഓടിക്കാനുള്ള സാദ്ധ്യത കുറവാണ്. ഞാൻ ആരേയും കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. സാമ്പത്തിക പ്രശ്നമാണ് അതിൽ പ്രധാനപ്പെട്ടത്. നമ്മുടെ റോഡുകൾ നന്നാ ക്കണമെങ്കിൽ അതിനുള്ള റിസോഴ്സസ് കണ്ടെത്തണം. ആ റിസോഴ്സസ് കണ്ടെത്താനുള്ള മാർഗ്ഗങ്ങളുണ്ടാകണം. നമ്മുടെ റോഡുകളുടെ നന്മയെക്കു റിച്ച് പറയുമ്പോൾ റോഡ് നിർമ്മാണത്തിൽ നമ്മൾ ഒരിക്കലും പുതിയ ടെക്നോളജി ഉപയോഗിക്കുന്നില്ല. ചിരപുരാതനകാലം മുതൽ തുടർന്നുവരു ന്ന, പരമ്പരാഗതമായ ഒരു മാർഗ്ഗം മാത്രമാണ് റോഡുകളുടെ നിർമ്മാണപ്രവർത്തനത്തിൽ ഇപ്പോഴും നിലനിൽക്കുന്നത്. അവിടെ പുതിയ ടെക്നോളജി അപ്ലൈ ചെയ്യാൻ നമുക്ക് കഴിയണം. അതിന് നമുക്ക് പുതിയ സാമ്പത്തിക ശക്തിയുണ്ടാകണം. അത് ഉണ്ടാക്കാൻ കഴിയുന്ന ഏജൻസികളു മായി നമ്മൾ ബന്ധപ്പെടേണ്ടി വരും. ഇതിനെല്ലാം ട്രഷറിയിൽനിന്ന് പണം എടുക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. അതിന് പറ്റുന്ന ആളുകളെക്കൂടി ബന്ധിപ്പിക്കാൻ കഴിയണം. ഡൽഹിയിൽ വളരെ ചുരുങ്ങിയ കാലയളവിനു ള്ളിലാണ് മൂന്നുകിലോമീറ്ററോളം നീളംവരുന്ന റോഡും പാലവും പാലത്തിന് അനുബന്ധമായിവരുന്ന അപ്രോച്ച്റോഡും ഉണ്ടാക്കിയത്. അത് ജപ്പാന്റെ സഹായത്തോടുകൂടി ഉണ്ടാക്കിയ ഒരു പാലമാണ്. നമുക്കും എന്തുകൊണ്ട് അതേക്കുറിച്ച് ആലോചിച്ച് കൂടാ? സംസ്ഥാനത്തെ ആളുകൾക്ക് യാത്രാസൗ കര്യമുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ഇതുപോലുള്ള ഏജൻസികളുടെ സഹായംകൂടി നമ്മൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനായി അവരു മായി നമുക്ക് ബന്ധപ്പെടാൻ കഴിയണം. അതിനു കഴിയത്തക്കവിധത്തിലുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം. ഈ അടുത്തകാലത്ത് എക്സ്പ്രസ് റോഡിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ വിശദവിവരത്തിലേക്ക് വരാം. കേരളത്തിലെ റോഡുകളുടെ ഇന്നത്തെ ദുരവസ്ഥയ്ക്ക് മാറ്റം വരുത്താൻ കഴിയണം. ഇന്ന് കാണുന്ന ഇടുങ്ങിയ കാഴ്ചപ്പാട് മാറ്റി കുറച്ചുകൂടി വിപുലമായ നിലയിൽ, ഇവിടത്തെ ഒന്നേകാൽ ലക്ഷത്തോളം കിലോമീറ്റർ ദൂരം വരുന്ന റോഡ് കവർ ചെയ്യുന്നതിനുതകുന്ന വിധത്തിലുള്ള ഒരുനിയമം കൊണ്ടുവരണം. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തിൽ അത് കവർ ചെയ്യുന്നില്ലായെന്നുള്ളതാണ് എനിക്ക് പ്രധാനമായിട്ടും പറയാനുള്ളത്, അതാണ് എന്റെ മുഖ്യമായ ആക്ഷേപം.

രണ്ടാമതായി എനിക്കുപറയാനുള്ളത് നമ്മുടെ റോഡുകളുടെ പണികൾ നടത്തുന്നതിനെക്കുറിച്ചാണ്. അങ്ങുതന്നെ പലപ്രാവശ്യം പറഞ്ഞു, റോഡ് നിർമ്മാണത്തിൽ കോസ്റ്റ് എസ്ക്കലേഷൻ ഉണ്ടാകുന്നു എന്ന്. കോസ്റ്റ് എസ്ക്കലേഷൻ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്. ടെൻഡർ തുകയുടെ 110 ശതമാനം, 112 ശതമാനം വരെ കോസ്റ്റ് എസ്ക്കലേഷൻ വരുന്നുണ്ട്. ടെൻഡർ കമ്മിറ്റി അംഗീകരിക്കുന്നതിനേക്കാൾ കൂടുതൽ തുകയ്ക്കാണ് പണികൾ പലതും പോകുന്നത്. പണികൾ നടത്തിയാൽ മാത്രം പോര, പണിനടത്തിയവർക്കുള്ള പണവുംകൂടി കൊടുക്കണ്ടേ? പണി നടത്തുന്നതിനായി അവർ മുടക്കുന്ന പണം പലിശയ്ക്ക് വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ആ ഇനത്തിൽ കൊടുക്കേണ്ടിവരുമെന്ന് കണക്കാക്കി, മൂന്നുനാലുകൊല്ലക്കാലത്തേക്ക് ബിൽ പാസ്സായിക്കിട്ടിയില്ലെങ്കിൽപോലും ഈടാക്കേണ്ട തുക വസൂലാക്കിയാണ് ഓരോ കോൺട്രാക്ടറും ഇപ്പോൾ ഓരോ വർക്കിനുമുള്ള ടെൻഡർ റേറ്റ് കോട്ട് ചെയ്യുന്നത്. കേരളത്തിൽ തന്നെ വ്യസ്തങ്ങളായ റേറ്റാണ്. ഒന്ന്, സംസ്ഥാനത്ത് സെൻട്രൽ പി.ഡബ്ല്യൂ.ഡി. യിൽ നടത്തുന്ന വർക്കുകൾ ചിലത് എസ്റ്റിമേറ്റ് തുകയേക്കാൾ ബിലോ ആയി പോകുന്നു. ചിലത് 10% മാത്രം കൂടുതൽ പോകുന്നു മറ്റുചിലത് മാക്സ്സിമം 20% എബൗവിൽ വരെ പോകുന്നു. കേരളത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ കോൺട്രാക്ട് വർക്ക് എടുക്കുന്ന ആളുകൾ 120% എബൗവ് ആയിട്ട് അതിന്റെ കോസ്റ്റ് കാട്ട ചെയ്യുന്നു. ഇത് രണ്ടും നടക്കുന്നത് കേരളത്തിൽ തന്നെയാണ്. ഒരുഭാഗത്ത് സെൻട്രൽ പി.ഡബ്ല്യൂ.ഡി. നടത്തിക്കൊണ്ടിരിക്കുന്ന വർക്കുകൾ ഇത്രയും കുറഞ്ഞ തോതിൽ പോകുന്നു എന്നുവരികിലും നമ്മുടെ സംസ്ഥാനത്തെ പി.ഡ.ബ്ല്യൂ.ഡി. റോഡുകളുടെ നിർമ്മാണത്തിൽ ഭാരിച്ച തുക ഇങ്ങനെ പോകുന്നുണ്ട്. സർക്കാരിന് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വളരെ വലിയ തുക നഷ്ടമാകുന്നു എന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? ആ തുക അങ്ങനെ നഷ്ടപ്പെടുന്നത് കുറയ്ക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണ്ടേ? സത്യംപറഞ്ഞാൽ ഗവൺമെന്റ് ചെയ്യുന്നത് ഒരു ചെറിയ അനീതിയല്ലേ? റോഡ് വർക്ക് കോൺട്രാക്ട് എടുക്കുന്ന വ്യക്തി, അല്ലെങ്കിൽ റോഡിന്റെ പണി എടുക്കുന്ന വ്യക്തി ഒരു കോൺട്രാക്ടിൽ ഏർപ്പെട്ടുകഴിഞ്ഞാൽ അയാൾക്ക് സർക്കാരുണ്ടാക്കിയ ആ കോൺട്രാക്ടറുമായി ബന്ധപ്പെട്ട് കോൺട്രാക്ചൽ ഒബ്ലിഗേഷൻസുണ്ട്. കോൺട്രാക്ടറുടെ പണി പൂർത്തിയാക്കിക്കഴിഞ്ഞാൽ അതിന്റെ ഗ്യാരന്റി പീരിയഡ് കൂടി നിലനിറുത്തണമെന്നുള്ളതാണ് കോൺട്രാക്റ്റ് എക്സിക്യൂട്ട് ചെയ്യുന്ന വ്യക്തി എടുക്കുന്ന കോൺട്രാചൽ ഒബ്ളിഗേഷൻ. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു കോൺട്രാക്ചൽ ഒബ്ലിഗേഷനുണ്ട്. കോൺട്രാക്ടർ പണി തീർത്തുകഴിഞ്ഞാൽ പണം കൊടുക്കുക എന്നത്, ഗവൺമെന്റിന്റെ കോൺട്രാക്ചൽ ഒബ്ലിഗേഷനാണ്. ഇത് പലപ്പോഴും പാലിച്ചുകാണുന്നില്ല എന്നതാണ് വസ്തുത. സംസ്ഥാനത്ത് ഏറ്റവുമധികം ദുരിതപൂർണ്ണമായി കിടക്കുന്ന റോഡുകൾ നന്നാക്കുന്നതിന് നിലവിലുള്ള മാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളൊന്നും പോരാ. അതുകൊണ്ട് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ നിയമം വിപുലപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എനിക്ക് ഒന്നുരണ്ട് ചെറിയ കാര്യങ്ങൾക്കൂടി ഓർമ്മിപ്പിക്കാനുണ്ട്. പി.ഡബ്ല്യു.ഡി. റോഡ് വർക്കിനെക്കുറിച്ച് ഒരു എൻവയൺമെന്റൽ സ്റ്റഡി നടത്തുന്നതിനുവേണ്ടി പുതിയൊരു ഏജൻസിയെ ചുമതലപ്പെടുത്തിയതായുള്ള വാർത്ത ഞാൻ പത്രത്തിൽ വായിച്ചു. അതിനുശേഷം പത്രത്തിൽ (ഇത് ഹിന്ദുപത്രത്തിനകത്ത് വന്ന ഒരു റിപ്പോർട്ടാണ്) അതിനെക്കുറിച്ച് റിപ്പോർട്ട് വന്നു. അത് ഒരുപക്ഷേ വേണമെങ്കിൽ ഡിലേ ചെയ്തുപോകാൻ സാദ്ധ്യതയുണ്ടെന്നാണ് ഹിന്ദുപത്രത്തിൽ വന്ന റിപ്പോർട്ട്. റിപ്പോർട്ട് എന്റെ കൈവശമുണ്ട്. പക്ഷെ സമയക്കുറവുകൊണ്ട് ഞാനത് ഇവിടെ വായിക്കുന്നില്ല. ലൂയിസ് ബർഗൻ ഇന്റർനാഷണൽ എന്ന ഒരു കമ്പനിക്ക് വേൾഡ് ബാങ്കിന്റെ സ്കീം അനുസരിച്ചുള്ള ഒരു റോഡ് പണിയുടെ കൺസൾട്ടൻസി സർവ്വീസ് കൊടുത്തു. ഞാൻ ആ കേസ്സിന്റെ മെരിറ്റിലേയ്ക്കൊന്നും പോകുന്നില്ല. ആ സ്കീം ഡിലേ ആയിപോകുന്നത് വളരെ ആശങ്കാകരമായ ഒരു സാഹചര്യമാണ് സൃഷ്ടിക്കുന്നത്. കാരണം, നമ്മുടെ സംസ്ഥാനത്തെ എല്ലാ വർക്കുകളും ഇതുപോലെ ഡിലേ ആയി കോസ്റ്റ് എസ്ക്കലേഷൻ വന്ന് ഒരിക്കലും നടപ്പാക്കാതെ പോകുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് അത് ഡിലേ ആയി പോകാതിരിക്കുന്നതിനുള്ള സാഹചര്യത്തെക്കുറിച്ച് ആലോചിക്കണം. കഴിയുന്നത്ര വേഗം ആ സ്കീം ഇംപ്ലിമെന്റ് ചെയ്യാൻ കഴിയണം. അതിനെ സംബന്ധിച്ച് പരിസ്ഥിതിവാദികളായവരുടെ ഒരു ഓർഗനൈസേഷൻ ഉന്നയിച്ചിട്ടുള്ള ചില ആവശ്യങ്ങളുണ്ട്. അതിനെക്കുറിച്ചുകൂടി പരിശോധിക്കണം. അതോടൊപ്പംതന്നെ "നാറ്റ്പാക്നെപ്പോലുള്ള ഹെൽപ്പുള്ള ഏജൻസികൾ നമുക്കുണ്ട്. നാറ്റ്പാക്നെകൂടി ഇത്തരം പഠനങ്ങളിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം.

<u>ശ്രീ. പാലോട് രവി</u> : സർ, ബഹുമാനപ്പെട്ട മന്ത്രികൂടി ശ്രദ്ധിക്കുന്നതിനുവേണ്ടിയാണ് ഇത് പറയുന്നത്. ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന റോഡുപണികളെ സംബന്ധിച്ചുപറയുകയാണെങ്കിൽ റോഡുപണികൾക്കായി നമ്മുടെ സംസ്ഥാനത്തുപയോഗിച്ചുകൊണ്ടിരിക്കുന്ന ടെക്നോളജി വളരെ പഴയതാണ്. പഴയ ടെക്നിക്കുകൾ തന്നെയാണ് ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാത്രമാണ് റോഡുകളുടെ ക്വാളിറ്റി കുറയുന്നത്. മാത്രവുമല്ല റോഡുകളുടെ പണി നടത്തുന്നതിൽ ഗവൺമെന്റും പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കുന്നില്ല. 1950-തുകളിൽ ഉപയോഗിച്ചുകൊണ്ടിരുന്ന അതേ ടെക്നിക്കും ടെക്നോളജിയുമാണ് ഇപ്പോഴും റോഡ് പണികൾക്കും മെയിന്റനൻസിനും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. റോഡുകളുടെ ക്വാളിറ്റി നിലനിറുത്താനും റോഡുപണിയിൽ കൃത്രിമം കാണിക്കുന്നവരുടെ പേരിൽ കർക്കശമായ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ പറഞ്ഞുവന്ന ഒരു പ്രധാനപ്പെട്ട പോയിന്റ് അത് തന്നെയായിരുന്നു. ഞാൻ ഇതേക്കുറിച്ചുപറഞ്ഞുകൊണ്ടിരുന്നപ്പോൾ ബഹുമാനപ്പെട്ട രവി ഇവിടെ ഉണ്ടായിരുന്നില്ല. എനിക്ക് പറയാനുള്ളത് നമ്മുടെ റോഡ് പണികൾക്കായി ഉപയോഗിക്കുന്ന ടെക്നോളജി വളരെ പഴയതാണ്, ഔട്ട് ഡേറ്റഡ് ആണ് എന്നാണ്. അതുകൊണ്ട് പലപ്പോഴും റോഡുകളുടെ ക്വാളിറ്റി മോശമായിപ്പോവുകയാണ് ചെയ്യുന്നത്. റോഡുപണിയുടെ കാര്യത്തിലും അതുപോലെതന്നെ റോഡുകളുടെ ഉപരി

LIBRARY ARCHIVES Kerala Legislative Assembly

തലം മിനുക്കലിനും റോഡ് മെയിന്റനൻസിനുമൊക്കെ മോഡേൺ ടെക്നോളജി പ്രയോജനപ്പെടുത്തണം. സത്യംപറഞ്ഞാൽ അഞ്ചുകിലോമീറ്റർ, ആറുകിലോമീറ്റർ, ഏഴുകിലോമീറ്റർ ദൂരമുള്ള റോഡിന്റെ പണിയെങ്കിലും ഒരുദിവസംകൊണ്ട് ചെയ്തുതീർക്കത്തക്കവിധത്തിലുള്ള സംവിധാനങ്ങൾ നമ്മുടെ രാജ്യത്തിന്റെ പലസംസ്ഥാനങ്ങളിലും ഉണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും റോഡ് നന്നാക്കാൻ ഉപയോഗിക്കുന്നത് ആധുനിക ടെക്നോളജിയാണ്. അതുകൊണ്ട് അവിടത്തെ റോഡുകളും നന്നാകുന്നു. അവയുടെ ക്വാളിറ്റിയും മെച്ചപ്പെടുന്നു. തമിഴ്നാടും കർണ്ണാടകവുമൊക്കെ റോഡ് നിർമ്മാണത്തിനുപയോഗിച്ചുവരുന്ന മോഡേൺ ടെക്നോളജി നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും അതുപോലെതന്നെ മെയിന്റൻസ് കാര്യത്തിനുമായി പ്രയോജനപ്പെടുത്തണമെന്നാണ് എനിക്ക് ഇതേക്കുറിച്ച് ഓർമ്മപ്പെടുത്താനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള ടെക്നോളജി റോഡ് നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തുന്നില്ലായെന്നതാണ് വസ്തുത. ലേറ്റസ്റ്റ് ടെക്നോളജി റോഡുകളുടെ നിർമ്മാണത്തിൽ അഡോപ്റ്റ് ചെയ്തുകഴിഞ്ഞാൽ കള്ളപ്പണി നടത്താൻ കഴിയുകയില്ല. അതിനകത്ത് ക്വാളിറ്റി കീപ്-അപ്-ചെയ്യണം. ഇതൊക്കെ ചെയ്യുന്നത് കമ്പ്യൂട്ടർ കൺട്രോളിലാണ്. കമ്പ്യൂട്ടർ കൺട്രോളിലൂടെയാണ് മിക്സിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളൊക്കെ നടത്തുന്നത്. അതുകൊണ്ട് ക്വാളിറ്റിയും മെച്ചപ്പെടും. ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗപ്പെടുത്തണമെങ്കിൽ അതിനുവേണ്ട മെഷിനറി ഇവിടെ വേണം. അതിനുകുറേ പണം ചെലവുവരുമെങ്കിലും സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ടതായിട്ടുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. രണ്ടാമതായി എനിക്കൊരു നിർദ്ദേശംകൂടി മുന്നോട്ടു വയ്ക്കാനുണ്ട്. റോഡ് നിർമ്മാണത്തിന്റെ പരിപൂർണ്ണമായിട്ടുള്ള ചുമതല അതായത് പാലത്തിന്റെ നിർമ്മാണം, റോഡിന്റെ നിർമ്മാണം, നാട്ടിലെ അതുപോലുള്ള നിർമ്മാണപ്രവർത്തനങ്ങൾ പരിപൂർണ്ണമായും ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടിത്തന്നെ നടക്കുമെന്നുള്ള അഭിപ്രായം എനിയ്ക്കില്ല. അതിന് മറ്റൊരു ഏജൻസിയെ നമുക്ക് ബന്ധിപ്പിക്കാൻ കഴിയണം. ആ ഏജൻസി ടോൾ പിരിക്കുന്നുണ്ടെങ്കിൽ പിരിക്കട്ടെ. നമ്മുടെ ആളുകൾക്ക് ഇന്ന് റോഡിലൂടെ യാത്രചെയ്യാൻ പറ്റുമോ? അതുകൊണ്ട് റോഡ്നിർമ്മാണത്തിന് ഏതെങ്കിലുമൊരു ഏജൻസിയെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗമെന്താണെന്ന് ബഹുമനപ്പെട്ട മന്ത്രി ആലോചിക്കണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽ ഒരു നിർദ്ദേശം പറഞ്ഞു. പുതിയ സാമ്പത്തികനയത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യത്തിനും അനാവശ്യത്തിനും എതിർത്തുകൊണ്ടിരിക്കുന്ന ആളുകൾ അങ്ങയുടെ ആ നിർദ്ദേശത്തെ എങ്ങനെയെടുക്കുമെന്നും, അതിനെ ഏതു നിലയിൽ കാണുമെന്നും എനിക്കറിയില്ല. അങ്ങ് നേരത്തേ സബ്ജക്ട് കമ്മിറ്റിയിൽ ഇതേക്കുറിച്ച് സംസാരിച്ചത് ഞാനോർക്കുന്നു. ട്രാഫിക് വളരെ കൂടുതലുള്ള കോട്ടയം മുതൽ കുമരകം വരെയുള്ള പ്രദേശത്തിന്റേയും അതുപോലെ ടൂറിസ്റ്റ്സ് ഇമ്പോർട്ടൻസുള്ള തിരുവനന്തപുരം മുതൽ പാലോടുവരെയുള്ള റോഡുകളുടേയും നിർമ്മാണത്തിനും വികസനത്തിനുമായി ഏതെങ്കിലും ഏജൻസിയെ ബന്ധിപ്പിക്കണം. അതിനായി ടോൾ അവർ പിരിക്കുന്നുവെങ്കിൽ പിരിക്കട്ടെ, ഇവിടെ നല്ല റോഡുകളുണ്ടാവുമല്ലോ. റോഡ് നന്നാകുമല്ലോ, ഒരു എയിറ്റ് ലൈൻ ട്രാഫിക് റോഡ് ആയി വളരെ വിപുലപ്പെടുത്തുന്നതിനെക്കുറിച്ച്, അതുപോലുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, സമയം വളരെയായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പറഞ്ഞുതീർന്നില്ല. എനിക്ക് ഒരു രണ്ടുമീനിറ്റുകൂടി തരണം.

മി. സ്പീക്കർ : ഇല്ല. സമയം വളരെ താമസിച്ചു. ഇനിയും സമയമില്ല. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാനായിട്ട് ഇനി താമസിപ്പിക്കുന്നില്ല. ഞാൻ പറഞ്ഞുവന്ന വാചകം പൂർത്തിയാക്കാം. നമ്മൾ കോടിക്കണക്കിനുരൂപ റോഡിന്റെ സൈഡിൽ ഓട കെട്ടാൻ ചെലവാക്കുന്നുണ്ട്. അതിന്റെ അതോറിറ്റി ഗവൺമെന്റ് തന്നയാകണം. റോഡിന്റെ വശങ്ങൾ ഡെവലപ്പ് ചെയ്യാനുള്ള ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണം, അതും നമ്മുടെ ഒരു വരുമാനമാർഗ്ഗമാക്കി മാറ്റണം. അങ്ങനെ റോഡുകളെ രക്ഷിക്കണം. ഈ നിയമം അപര്യാപ്തമാണ്; അത് സമഗ്രമായി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഈ ബിൽ കൊണ്ടുവരാൻ നിർബന്ധിതമാക്കിയ സാഹചര്യങ്ങളെക്കുറിച്ചും ഇത് കൊണ്ടുവരാൻ വൈകിയതിനെക്കുറിച്ചും ബില്ലിലുണ്ടായിട്ടുള്ള അപര്യാപ്തതകളെക്കുറിച്ചും ചൂണ്ടിക്കാണിക്കാനാണ് ഈ അവസരം വിനിയോഗിക്കുന്നത്. എന്റെ അഭിപ്രായം ഈ ബില്ലിന്റെ പേരുതന്നെ മാറ്റണമെന്നാണ്. ഹൈവേ പ്രൊട്ടക്ഷൻ ബിൽ എന്നതിനുപകരം റോഡ് പ്രൊട്ടക്ഷൻ ബിൽ എന്നുള്ള ഒരു ഭേദഗതി മന്ത്രിക്ക് ഓറലായിട്ട് കൊണ്ടുവരാവുന്നതാണ്. അതാണ് ഈ ബില്ലിന് ഏറ്റവും അനുയോജ്യമായ പേര്. എന്തുകൊണ്ടെന്നാൽ ഹൈവേ എന്ന് കേൾക്കുമ്പോൾ നമ്മൾ ഓർത്തുപോകുന്നത് നാഷണൽ ഹൈവേകളെയാണ്. ചിലപ്പോൾ സ്റ്റേറ്റ് ഹൈവേയും വേണമെങ്കിൽ ഓർത്തുപോകാം. നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്ന് നിയമമാക്കുമ്പോൾ ആ നിയമത്തിന്റെ വ്യാപ്തി പ്രഥമദൃഷ്ട്യാ കുറച്ചുകാണാൻ ഇടവരുന്ന സാഹചര്യമൊഴിവാക്കുന്നതിന് ഈ പേരുമാറ്റംകൊണ്ട് സാധിക്കും. റോഡിന്റെ സംരക്ഷണം എന്നുപറഞ്ഞാൽ ഏത് റോഡ് സംരക്ഷിക്കപ്പെടണം.? നാഷണൽ ഹൈവേ മാത്രംപോരാ; സ്റ്റേറ്റ് ഹൈവേ മാത്രം പോരാ, അതിന്റെ പരിധിയിൽ മന്ത്രി കൊണ്ടുവന്നിട്ടുള്ള എം.ഡി.ആർ. (മേജർ ഡിസ്ട്രിക്ട് റോഡ്സും) പോരാ. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കണക്കുകളും കാര്യങ്ങളും ഞാൻ സമയക്കുറവുകൊണ്ട് ആവർത്തിക്കുന്നില്ല. ഒന്നേകാൽ ലക്ഷത്തോളം കിലോമീറ്റർ ദൂരം റോഡുകളുള്ളതിൽ, നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും മേജർ ഡിസ്ട്രിക്റ്റ് റോഡുകളും കൂട്ടത്തിൽ അദർ ഡിസ്ട്രിക്ട് റോഡുകൾ കൂടി അപ്ഗ്രേഡ് ചെയ്ത് മേജർ ഡിസ്ട്രിക്റ്റ് റോഡ്സ് ആക്കിയാലും ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിലൊന്നുഭാഗം മാത്രമാണ് ഈ നിയമത്തിന്റെ സംരക്ഷണ പരിധിയിൽ വരുന്നത്. നമ്മുടെ ഈ സംസ്ഥാനത്ത് സർക്കാർ ഏറ്റെടുത്ത സർക്കാർ ഭരണാനുമതി കൊടുത്ത സർക്കാർ പണമുപയോഗിച്ച് പണി നടത്തി പൂർത്തിയാക്കിയ റോഡ് ആരുടെ കൈവശമിരിക്കുന്നതായിരുന്നാലും അത് പരിപൂർണ്ണമായും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ഒരു വ്യവസ്ഥ ഇതിനകത്ത് ചേർക്കണം. അതിന്റെ പരിധിയിൽ വില്ലേജ് റോഡുകൾ വരെ വരണം. വില്ലേജ് റോഡുകൾ വരെ ഹൈവേ ആയി പ്രഖ്യാപിക്കാനുള്ള വിശദാംശങ്ങൾ പറഞ്ഞിരുന്നു. നമ്മുടെ നാട്ടിൽ ഇന്ന് വില്ലേജ് ഇല്ല. വില്ലേജു

LIBRARY ARCHIVES Kerala Legislative Assembly

കളെപ്പോലും ഇന്ന് തിരിച്ച് ടൗൺ ആക്കി. പി.ഡബ്ല്യൂ.ഡി ഏറ്റെടുത്തിട്ടുള്ള ഇപ്പോൾ വില്ലേജ് റോഡുകളുടെ സ്റ്റാറ്റസിൽ നിൽക്കുന്ന ആ റോഡുകളും അതിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള വ്യവസ്ഥകൾകൂടി ഇതിൽ ചേർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പഞ്ചായത്തിരാജ് നിയമം പാസ്സാക്കിയപ്പോൾ സംഭവിച്ച ഒരു കൈപ്പിഴകൊണ്ടാണ് നമ്മൾ ഇങ്ങനെ ഇതെല്ലാം വിസ്തരിച്ചു പറയേണ്ടിവന്നത്. അതിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും പി.ബ്ല്യൂ.ഡി റോഡുകളെ പറയുന്നത് ഹൈവേഎന്നാണ്. പി.ഡബ്ല്യൂ.ഡി.യെ ഹൈവേ ഡിപ്പാർട്ടുമെന്റ് എന്നാണ് പറയുന്നത്. കേന്ദ്ര നിയമത്തിൽ നാഷണൽ ഹൈവേയെക്കുറിച്ച് ഹൈവേസ് എന്നു പറഞ്ഞതുകൊണ്ട് കേരളത്തിലെ നാഷണൽ ഹൈവേകൾ മാത്രമാണ് ഇതിന്റെ പരിധിയിൽ വരുന്നത്. മറ്റുള്ളതെല്ലാം ഈ നിയമപ്രകാരം നമ്മൾ താഴോട്ട് വിട്ടുകൊടുക്കേണ്ടതാണെന്ന് അധികാരവികേന്ദ്രീകരണത്തിന്റെ വക്താക്കളായി മാറിയ ആളുകളെല്ലാം മൽസരിച്ച് പറഞ്ഞ് അത് പൂർണ്ണമായി വിട്ടുകൊടുത്തു. അതിന്റെ ഒരു വലിയ കുറവ് ഇന്ന് നമ്മുടെ സംസ്ഥാനത്തെ റോഡുകളെ സംബന്ധിച്ചിടത്തോളമുണ്ട്. അത് എവിടെ വെസ്റ്റ് ചെയ്തിരുന്നാലും റോഡുകൾ സംരക്ഷിക്കുന്നതിനുള്ള നിയമത്തിൽ അത്തരം റോഡുകളെ കൊണ്ടുവരുന്നതുകൊണ്ട് ഒരു അപാകതയും ഉണ്ടാകുന്നില്ല. അതുകൊണ്ട് അതുകൂടി ചേർക്കണം. അങ്ങനെ ചേർക്കണമെന്ന് പറയുന്ന കൂട്ടത്തിൽ ഞാൻ ഒന്നുകൂടെ പറയുന്നു. ഇപ്പോൾ അവശേഷിക്കുന്നതായ, സർക്കാരിൽ വെസ്റ്റ് ചെയ്തിട്ടില്ലാത്ത റോഡുകൾകൂടി വരുംനാളുകളിൽ സർക്കാർ ഏറ്റെടുക്കേണ്ട ഒരു സാഹചര്യം വരും. നമ്മുടെ ബ്ലോക്കുകളുടെ കീഴിൽ ജെ. ആർ. വൈ, സ്കീം അനുസരിച്ചും അതുപോലെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടുകൂടിയും നിർമ്മിച്ചിട്ടുള്ള, നിർബന്ധമായും 8 മീറ്റർ വീതി ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥചെയ്ത് നിർമ്മിച്ചിട്ടുള്ളതായ, പി.ഡബ്ല്യൂ.ഡി റോഡുകളുടെ സ്റ്റാറ്റസ്സിൽവരെ വന്നിട്ടുള്ള ആ റോഡുകൾ പി.ഡബ്ല്യൂ.ഡിക്ക് വരും നാളുകളിൽ ഏറ്റെടുക്കേണ്ട ആവശ്യം വന്നുചേരാം. അങ്ങനെയുള്ള റോഡുകൾ പി.ഡബ്ല്യൂ.ഡിയുടെ കീഴിലില്ലെങ്കിലും അത്തരം റോഡുകളും റോഡ് പ്രൊട്ടക്ഷൻ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. അതിന് ഒരിക്കലും കേടുപാടുകൾ സംഭവിക്കാത്ത, അല്ലെങ്കിൽ ആരെങ്കിലും കൈവശപ്പെടുത്തുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു കൂട്ടിച്ചേർക്കൽ കൂടി ഈ കാര്യത്തിൽ ആവശ്യമാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത് റോഡുകളുടെ സംരക്ഷണമാണ്. റോഡുകളുടെ സംരക്ഷണമെന്ന് പറയുമ്പോൾ റോഡുകളുടെ സംരക്ഷണം എല്ലാവർക്കും നിർവ്വഹിക്കാൻ കഴിയുമോ? ഞാൻ ഇത് പറയാൻ കാരണം, നിലവിലുള്ള പഞ്ചായത്തിരാജ് നിയമമനുസരിച്ച് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന പല റോഡുകളുടെ കാര്യത്തിലും അതിന്റെ ഉത്തരവാദപ്പെട്ടവർ അത് സംരക്ഷിക്കുന്ന കാര്യത്തിൽ പലപ്പോഴും വീഴ്ചകൾ വരുത്തിക്കൊണ്ടിരിക്കുന്ന ധാരാളം സംഭവങ്ങളുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അപ്പോൾ അത് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് വിട്ടുകൊടുത്താലും, ജില്ലാപഞ്ചായത്തിലേയ്ക്ക് വിട്ടുകൊടുത്താലും ഒരിക്കൽ സർക്കാർ പി.ഡബ്ലിയു.ഡി റോഡുകളായി ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തി മെയിന്റയിൻ ചെയ്തുകൊണ്ടിരിക്കുന്ന, അല്ലെങ്കിൽ മെയിന്റയിൽ ചെയ്തുകൊണ്ടിരുന്നതായ റോഡുകൾ വിട്ടുകൊടുക്കുമ്പോൾ, മറ്റാവശ്യങ്ങൾക്കുവേണ്ടി, കൈയ്യേറുന്നവർക്ക് പതിച്ചുകൊടുക്കാനോ അല്ലെങ്കിൽ മറ്റു രീതിയിൽ ഉപയോഗപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താനോ കഴിയുന്ന സാഹചര്യം ഉണ്ടാകാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ടാണ് ഈ റോഡുകളെല്ലാം ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് ഞാൻ പറഞ്ഞത്. പല കാര്യങ്ങളും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. ഇത് നമ്മുടെ സംസ്ഥാനത്ത് വളരെ നേരത്തേ കൊണ്ടുവരേണ്ട ഒരു നിയമമായിരുന്നു. വളരെ വൈകിയാണെങ്കിലും നിയമം കൊണ്ടുവന്നു. ആ സാഹചര്യത്തിൽ ഇവിടെ നടക്കുന്ന ചർച്ചയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാൻ മന്ത്രി പ്രത്യേകം താൽപ്പര്യം കാണിക്കണമെന്ന് ആഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, കേരളം മനോഹരമായ ഒരു സംസ്ഥാനമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മനോഹരമായ അറബിക്കടൽ, മലയോരങ്ങൾ തുടങ്ങിയവയുള്ള പ്രകൃതിരമണീയമായ സംസ്ഥാനമാണ് കേരളമെങ്കിലും നമ്മുടെ റോഡുകൾ ഇതുവരെ മനോഹരമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴെങ്കിലും ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന് തുടക്കം കുറിച്ചതിൽ, റോഡുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു നിയമനിർമ്മാണത്തിന് തയ്യാറായതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. പുതിയ നൂറ്റാണ്ടിലേയ്ക്കുള്ള പ്രവേശനമാണ്. റോഡുകൾ മനോഹരമാക്കണം. വാഹനങ്ങളുടെ എണ്ണം ഓരോ ദിവസവും കൂടിക്കൂടി വരുന്നുണ്ട്. അടുത്ത കാലത്തായി വാഹനങ്ങളുടെ എണ്ണം എത്രമാത്രം വർദ്ധിച്ചു. ജനങ്ങളുടെ എണ്ണവും വർദ്ധിച്ചു. പക്ഷേ റോഡുകളുടെ വീതി അല്പമെങ്കിലും കൂട്ടാൻ കഴിയുന്നില്ല. റോഡുകളുടെ കാര്യത്തിൽ എവിടെയെങ്കിലും അക്വിസിഷൻ പ്രൊപ്പോസൽ തയ്യാറാക്കിയാൽ കോടതികളിൽപ്പോയി അത് സ്റ്റേ ചെയ്യുകയും വർഷങ്ങളോളം ആ റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ഒരു കാരണവശാലും നമ്മുടെ റോഡും റോഡുപുറമ്പോക്കുകളും ആരെയും കൈയ്യേറാൻ അനുവദിക്കാതെ പൂർണ്ണമായും സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ ബിൽ തയ്യാറാക്കുമ്പോൾതന്നെ പൊതുജനങ്ങളുടെ വലിയ പിൻതുണ ഈ കാര്യത്തിലുണ്ടാവും. പൊതുജനങ്ങൾ ആഗ്രഹിക്കുന്നത് അവർക്ക് യഥേഷ്ടം സ്വതന്ത്രമായി സഞ്ചരിക്കാനുള്ള വിസ്താരമുള്ള റോഡുകളാണ്. അതുകൊണ്ട് കേരളത്തിലെ ഏതാണ്ട് മൂന്നുകോടിയോളം വരുന്ന ജനങ്ങൾ ഇത്തരത്തിലുള്ള ഒരു നീക്കത്തിന്; റോഡ് സംരക്ഷണത്തിന് പിൻതുണ നൽകും. റോഡപകടങ്ങൾകൊണ്ടുണ്ടാകുന്ന മരണത്തിനെല്ലാം കാരണമാകുന്നത് റോഡ് കയ്യേറ്റങ്ങളാണ്. അതുകൊണ്ടുതന്നെ റോഡുപുറമ്പോക്കുകൾ ഒരു കാരണവശാലും പതിച്ചുകൊടുക്കാൻ പാടില്ല. റോഡ് കയ്യേറ്റത്തിന് ആര് സ്വാധീനിക്കാൻ വന്നാലും അതിന് ഗവൺമെന്റോ പൊതുമരാമത്തു വകുപ്പു ദ്യോഗസ്ഥൻമാരോ കൂട്ടുനിൽക്കരുത്. നമ്മുടെ നിയമസഭാസമാജികൻമാരും മന്ത്രിമാരും തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ റോഡിലൂടെ സഞ്ചരിച്ചാൽ കാണുന്നത് എന്താണ്? റോഡിന്റെ ഇരുവശങ്ങളിലും സ്തൂപങ്ങളും കൊടിമരങ്ങളും കയ്യേറ്റങ്ങളും കാണാം. കൊടിമരം നാട്ടുന്നതിന് ആരും എതിരല്ല. വിശാലമായ പ്ലാറ്റ്ഫോം കെട്ടി കൊടിമരം നാട്ടിയാലും ഏതെങ്കിലും മരത്തിന്റെ പോസ്റ്റിൽ കൊടി കെട്ടിയാലും കൊടി അവിടെ നിലനിൽക്കും. ഇപ്പോൾ പൊതുസ്ഥലം കയ്യേറ്റം ചെയ്ത് കൊടിമരം നാട്ടുകയാണ്. ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയപ്പാർട്ടികളും തമ്മിൽ പരസ്പരം മൽസരമാണ്. ഇതിന്റെ പേരിൽ രാഷ്ട്രീയ കൊലപാതകങ്ങളുണ്ടാകുന്നു. സംഘട്ടനങ്ങളു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ ഒരു കാര്യം അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളിൽ എത്രമാത്രം കൈയ്യേറ്റം നടന്നിട്ടുണ്ട്. ആരുടെയെല്ലാം കൈയ്യിൽ ഭൂമിയുണ്ടെന്നുള്ളതു സംബന്ധിച്ച് ഒരു ഉന്നതതല സർവ്വേ നടത്തി അതിന്റെ വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കണം. അതോടൊപ്പംതന്നെ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥൻമാരെയും രാഷ്ട്രീയ നേതാക്കൻമാരേയും വിളിച്ചുകൂട്ടി അവർ സ്ഥാപിച്ച സ്തൂപങ്ങളും കൊടിമരങ്ങളും മാറ്റാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം. അതിന് എല്ലാ പാർട്ടിക്കാരും സഹായിക്കും. പ്രതിപക്ഷനേതാവ് ഇക്കാര്യത്തിൽ എല്ലാവിധ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് എല്ലാ പാർട്ടിക്കാരും അംഗീകരിച്ചാൽ കേരളത്തിലെ റോഡുകൾ എന്ത് മനോഹരമായിരിക്കും! ഇക്കാര്യത്തിൽ ഒരു ദാക്ഷിണ്യവുമുണ്ടാകാൻ പാടില്ല; ആരുടെയും ശുപാർശ കേൾക്കാൻ പാടില്ല.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : മുൻമന്ത്രിയായ ശ്രീ. അഹമ്മദ് അലി പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുകയാണ്. ക്രിസ്ത്യാനിയുടേയും മുസ്ലീമിന്റേയും ഹിന്ദുവിന്റേയും കുരിശുപള്ളിയും നേർച്ചക്കുറ്റിയുമെല്ലാം എടുത്തുമാറ്റിയാൽ റോഡ് രക്ഷപ്പെടുമല്ലോ. ഇക്കാര്യത്തിൽ എന്താണ് അങ്ങയുടെ അഭിപ്രായം.?

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : ഇക്കാര്യത്തിൽ ഒരു കൂടിയാലോചന നടത്തണം. ഒരു യോജിച്ച തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റോഡ് കയ്യേറ്റത്തെക്കുറിച്ച് ഒരു സർവ്വേ നടത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ റോഡും റോഡുപുറമ്പോക്കും പൂർണ്ണമായും സംരക്ഷിക്കണം. പൊതുമരാമത്ത് വകുപ്പിന്റെ റോഡും റോഡ് പുറമ്പോക്ക് അതിരും എവിടെയാണെന്ന് ഇന്ന് മനസ്സിലാകുന്നില്ല. അതിര് ആരെങ്കിലും കയ്യേറിയാൽ, ആരെങ്കിലും വീട് വച്ചാൽ ഇതിന്റെ അതിർത്തി എവിടെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അപകടമേഖലകൾ കാണിക്കുന്ന സ്റ്റോൺ കാണാം .....

<u>ശ്രീ. എ. കണാരൻ</u> : ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഏറ്റവും നല്ലതാണ്. റോഡിന്റെ ഇരുഭാഗങ്ങളിലും ധാരാളം കച്ചവടസ്ഥാപനങ്ങളും വീടുകളുമുണ്ട്. കാലാകാലങ്ങളിൽ ജോലി ചെയ്ത് ഉപജീവനമാർഗ്ഗം തേടിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനങ്ങളെല്ലാം പൊളിച്ചുമാറ്റാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് അതിനോടനുബന്ധിച്ച് പുനരധിവാസം കൂടി കൊടുക്കണമെന്ന കാര്യത്തെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, അത്തരം ആളുകളെ വഴിയാധാരമാക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥൻമാരും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരും റവന്യൂ വകുപ്പുദ്യോഗസ്ഥൻമാരും കൂടി വെരിഫിക്കേഷൻ നടത്തി അതിർത്തി തിട്ടപ്പെടുത്തണം.

<u>ശ്രീ. ബി വിജയകുമാർ</u> : അങ്ങ് മന്ത്രിയായിരുന്നപ്പോഴും ശ്രീ. പി. കെ.കെ. ബാവ മന്ത്രിയായിരുന്നപ്പോഴുമാണ് തിരുവനന്തപുരം നഗരത്തിൽ ബഹുമാനപ്പെട്ട എ. കണാരൻ പറഞ്ഞമാതിരിയുള്ള ഫുട്പാത്ത് കയ്യേറിയ പെട്ടിക്കടകൾ പൂർണ്ണമായും ഒഴിവാക്കിയതെന്നും അവരെ പുനരധിവസിപ്പിക്കുന്നതിന് തയ്യാറാക്കിയ ആ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ കഴിഞ്ഞ മൂന്നര വർഷമായി കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണെന്നുമുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ശരിയാണ്. എനിക്കോർമ്മയുണ്ട്. ഫുട്പാത്ത് കയ്യേറിയത് ഒഴിവാക്കിയതു സംബന്ധിച്ച് കർശനമായ നിലപാട് എടുത്തതിന്റെ പേരിൽ ഒരുപാട് വെറുപ്പ് സമ്പാദിച്ചിരുന്നു. പക്ഷേ അന്ന് ശക്തമായ നടപടികൾ കയ്യേറ്റത്തിന് നേരെ സ്വീകരിച്ചിരുന്നു. അക്കാര്യത്തിൽ ഒരുപാട് ആളുകളുടെ ശുപാർശകൾ അംഗീകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. അതു ചെയ്തത് പൊതുതാത്പര്യം മുൻനിർത്തി മാത്രമാണമാണ്. അവരെ വഴിയാധാരമാക്കാതിരിക്കാനുള്ള ചർച്ചകൾ നടത്തി, പുനഃരധിവസിപ്പിക്കാൻ ആവശ്യമായ പദ്ധതികളുണ്ടാക്കി. അത് ഇന്നും കടലാസിൽ കിടക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി പുനരധിവാസത്തിനുള്ള പദ്ധതി തയ്യാറാക്കി റോഡ് പുറമ്പോക്കിൽനിന്നും ഒഴിവാക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അപകടമേഖലകളുടെ സ്റ്റോൺ ഇട്ടതുപോലെ പെയിന്റിട്ട് എല്ലാ അതിർത്തികളും വ്യക്തമാക്കണം. എവിടെയെങ്കിലും ഒരിഞ്ച് ഭൂമി കയ്യേറിയാൽ അത് മനസ്സിലാക്കാൻ കഴിയണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചേർന്ന് പരിശോധന നടത്തി റോഡ് പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തി അതിർത്തി നിശ്ചയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മൾ പുതിയ നൂറ്റാണ്ടിലേക്ക് കടക്കുകയാണ്. നമ്മുടെ റോഡുകളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ ഉണ്ട്. വളരെ സൗകര്യം കുറഞ്ഞ വെയിറ്റിംഗ് ഷെഡ്ഡുകളും ഉണ്ട്. ചിലത് വളരെ വലുതായിരിക്കും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ചർച്ച നടത്തി ഏറ്റവും മനോഹരവും സൗകര്യപ്രദവുമായ രണ്ടു മൂന്നു ഡിസൈനുകൾ തയ്യാറാക്കി കോർപ്പറേഷൻ ഏരിയകളിലും മറ്റു പ്രദേശങ്ങളിലും വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കണം. ഡിസൈനുകൾ എല്ലാ സ്ഥലത്തും. ഒരേ രീതിയിലാകണം. അതു വളരെ മനോഹരമായിരിക്കും ഓരോ സ്ഥലത്തും ഓരോ രീതിയിലുള്ള ഡിസൈൻ ഒഴിവാക്കിക്കൊണ്ട് സൗകര്യപ്രദമായ രണ്ടു മൂന്നു ഡിസൈൻ തയ്യാറാക്കി കേരളത്തിൽ അങ്ങോളമിങ്ങോളം അത് . നടപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി സഹകരിക്കണം. വെയിറ്റിംഗ് ഷെഡ്ഡ് കെട്ടാനുള്ള പെർമിഷന് കാലതാമസമുണ്ടാകുന്നുണ്ട്. ജില്ലാതലത്തിൽ അതിനുള്ള അനുവാദം നൽകാനുള്ള നടപടിയെടുക്കണം. മൃഗങ്ങളുടെ അഴിഞ്ഞാട്ടം റോഡുകളിൽ വലിയ അപകടങ്ങളുണ്ടാകാൻ ഇടയാക്കുന്നുണ്ട്. കന്നുകാലികളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. പക്ഷേ റോഡിലുടനീളം കന്നുകാലികൾ അഴിഞ്ഞാടിക്കൊണ്ടിരിക്കുകയാണ്. റോഡുകളിൽ വാഹനഗതാഗതം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും പൊതുമരാമത്തു വകുപ്പും ഒരുമിച്ച് ഇക്കാര്യത്തിൽ കൂട്ടായ പദ്ധതികൾ തയ്യാറാക്കണം. ഒരു റോഡിലും ഒരു മൃഗത്തേയും കാണാൻ കഴിയാത്ത രീതിയിൽ അവയെ പിടികൂടാൻ നടപടിയുണ്ടാകണം. എങ്കിൽ ഒരുപാട് അപകടങ്ങൾ ഒഴിവാകും. അതുപോലെയാണ് റോഡരികിലെ പരസ്യബോർഡുകൾ. പരസ്യബോർഡുകൾ സ്ഥാപിച്ചാൽ എത്രരൂപയാണ് ഒരു കൊല്ലത്തിൽ വരുമാനം? കോൺട്രാക്ടർമാർക്ക് വരുമാനം കിട്ടുമായിരിക്കും. ഡിപ്പാർട്ടുമെന്റിന് വലിയ വരുമാനം ഉണ്ടാകുമെന്നു തോന്നുന്നില്ല. പല സ്ഥലങ്ങളിലും പരസ്യബോർഡുകൾ സ്ഥാപിച്ചിരിക്കുന്നതുമൂലം വാഹനങ്ങൾ വരുന്നതു കാണുന്നില്ല. അങ്ങനെ അപകടങ്ങളുണ്ടാകുന്നുണ്ട്. റോഡുകളിൽ പരസ്യബോർഡുകൾ പൂർണ്ണമായും ഒഴിവാക്കണം. സ്വകാര്യ സ്ഥലത്ത് പരസ്യബോർഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊള്ളട്ടെ. ട്രാഫിക് സിഗ്നലുകൾ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മോട്ടോർ വാഹന ഡിപ്പാർട്ട്മെന്റുമായി ചർച്ച നടത്തി ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കണം. ഇപ്പോൾ എം.എൽ.എ. ഹോസ്റ്റലിലേക്ക് പോലും നടന്നുപോകണമെങ്കിൽ എത്ര മണിക്കൂറുകൾ കാത്തുനിൽക്കണം. ചിലപ്പോൾ അപകടങ്ങളുമുണ്ടാകും. പ്രധാന റോഡുകളിൽ ഒരുപാട് തിരക്കാണ്. അവിടെയെല്ലാം ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചാൽ ട്രാഫിക് ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയും. അതിനാൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റുമായി ചർച്ച നടത്തി കേരളത്തിലെ പ്രധാന നഗരങ്ങളിൽ സിഗ്നലുകൾ സ്ഥാപിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. തിരുവനന്തപുരം സിറ്റിയിൽ പ്രത്യേകിച്ചും അത് അത്യാവശ്യമാണ്. കോഴിക്കോട്, എറണാകുളം തുടങ്ങിയ പട്ടണങ്ങളിൽ മന്ത്രിമാർക്കുപോലും എത്ര മണിക്കൂറാണ് യാത്രയ്ക്കിടയിൽ നഷ്ടപ്പെടുന്നത്. അതുകൊണ്ട് എറണാകുളം, കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിൽ ഫ്ളൈഓവറുകൾ സ്ഥാപിച്ച് ഗതാഗതം സുഗമമാക്കണം. മുൻകാലങ്ങളെപ്പോലെയല്ല, ഇപ്പോൾ പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചാൽ വിദേശ സഹായം കിട്ടും. ഇപ്പോൾ നാലും അഞ്ചും മണിക്കൂറുകളാണ് ട്രാഫിക് തടസ്സപ്പെടുന്നത്, അതിനാൽ ഫ്ളൈഓവർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. തീരദേശ റോഡും ഹിൽ ഹൈവേയും നാഷണൽഹൈവേയ്ക്ക് സമാന്തരമായി ഉണ്ടാകണം. മലയോര കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഹിൽ ഹൈവേയും മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ തീരദേശ റോഡും വേണം. അങ്ങനെ പരസ്പരം എല്ലാ റോഡുകളെയും ബന്ധിപ്പിച്ചു കഴിഞ്ഞാൽ നാഷണൽ ഹൈവേയ്ക്കു സമാന്തരമായി ഏറ്റവും നല്ല റോഡുകൾ നിർമ്മിക്കാൻ കഴിയും. കറണ്ട് ചാർജ് അടയ്ക്കാൻ തയ്യാറുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുമരാമത്തുവകുപ്പുമായി ബന്ധപ്പെട്ട് പ്രധാന സിറ്റികളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ച് നമ്മുടെ റോഡുകൾ മനോഹരമാക്കി മാറ്റാൻ കഴിയും. അതിനു പൊതുമരാമത്തു വകുപ്പ് മുൻകൈയെടുക്കണം. റോഡിന്റെ ഇരുവശങ്ങളിലും ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. സർവ്വെ നടത്തി റോഡിന്റെ ഇരുവശങ്ങളിലുമുള്ളവരെ പൂർണ്ണമായും ഒഴിപ്പിച്ച് അവർക്ക് അതിനേക്കാൾ നല്ല സ്ഥലവും നല്ല വീടും നിർമ്മിച്ചുകൊടുത്ത് റോഡുകൾ മനോഹരമാക്കിത്തീർക്കാൻ കഴിയണം. പുതിയ നൂറ്റാണ്ട് പിറക്കുമ്പോൾ കേരളത്തിലെ റോഡുകൾ മനോഹരമായ റോഡുകളാക്കി മാറ്റാൻ ഈ നിയമം കൊണ്ട് സാധിക്കട്ടെ. ഇനിയും ഒരുപാട് ഭേദഗതികൾ ആവശ്യമായി വരും; പുതിയ നിയമനിർമ്മാണം ആവശ്യമായി വരും. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ നിയമത്തിൽ ഒട്ടേറെ ഭേദഗതികൾ വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, സബ്ജക്ടു കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ടു കമ്മിറ്റിയുടെ റിപ്പോർട്ടിനുശേഷം കൊണ്ടുവന്നിരിക്കുന്ന ബിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഹൈവേ വികസനത്തിന് ഒരു പരിധിവരെ പ്രയോജനകരമാകേണ്ടതാണ്. പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ ആഗ്രഹമനുസരിച്ച് എല്ലാ കാലഘട്ടങ്ങളിലും നമ്മുടെ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അതിന് അനുവദിക്കാറുണ്ടോ എന്ന ചോദ്യം ഇവിടെയും പ്രസക്തമാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിൽ ഒരുപാട് പ്രൊവിഷൻസുണ്ട്. പുതിയ ഹൈവേ വെട്ടിയുണ്ടാക്കുന്നതിനു വേണ്ടിയുള്ള ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട ഒട്ടേറെ സാമ്പത്തിക ബാദ്ധ്യത വരുന്ന പുതിയ വകുപ്പുകളെക്കുറിച്ചുള്ള ഒരുപാട് ഐഡിയാസുണ്ട്. നല്ല സ്കോപ്പുള്ള ഒരു ബില്ലാണിത്. പക്ഷേ ഇതിനാവശ്യമായ സാമ്പത്തിക സഹായം എങ്ങനെയുണ്ടാക്കുമെന്നതിനെക്കുറിച്ച് ഒരിടത്തും പറഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ടിനെ മാത്രം ആശ്രയിച്ചുകൊണ്ടാണോ ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കാൻ പോകുന്നത്? ധനകാര്യവകുപ്പ് പൊതുമരാമത്ത്വകുപ്പിനു നൽകേണ്ട കുടിശ്ശിക നൽകുന്നില്ല. എത്ര മാത്രം കുടിശികയുണ്ട്. ഇന്നലെ ആലപ്പുഴയിലുണ്ടായ സംഭവം അങ്ങേയ്ക്കറിയാമല്ലോ. ആലപ്പുഴ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നൂറ്റിയമ്പതോളം വരുന്ന കോൺട്രാക്ടർമാർ ഘെരാവോ ചെയ്തു.

[3 PM] കോഴിക്കോട് ജില്ലയ്ക്ക് മാത്രം മുഴുവൻ തുക കൊടുത്തു. ഞാൻ പ്രാദേശികവാദം പറയുന്നതല്ല. ആലപ്പുഴ ജില്ലയിലുണ്ടായ സംഭവമാണ്. ആലപ്പുഴയിലെ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ കരാറുകാർ ഘെരാവോ ചെയ്തു. വളരെ കുറച്ച് തുക മാത്രമേ ആലപ്പുഴ ജില്ലയിലെ പി.ഡബ്ല്യു.ഡി.ക്ക് ധനകാര്യവകുപ്പ് കൊടുത്തിട്ടുള്ളൂ. അവിടെ കോൺട്രാക്ടർമാർ സമരത്തിലാണ്. 'ഇനി ഞങ്ങൾ ജോലി ചെയ്യുകയില്ല' എന്ന് അവർ പറഞ്ഞിരിക്കുകയാണ്. എല്ലാ ജോലികളും നിറുത്തിവച്ചിരിക്കുകയാണ്. പൂർത്തിയായ പണികൾക്കൊന്നും കാശ് കൊടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കാവശ്യമായ സാമ്പത്തികമായ ബഡ്ജറ്ററി സപ്പോർട്ട് ഒരു കാലഘട്ടത്തിലും കിട്ടിയിട്ടില്ല. രണ്ടു മൂന്ന് വർഷമായി ബഡ്ജറ്ററി സപ്പോർട്ട് തീരെയില്ലെന്ന് എല്ലാവർക്കുമറിയാം. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ഹൈവേ വികസനത്തിനുവേണ്ടിയുള്ള നൂതനങ്ങളായ സങ്കൽപ്പങ്ങളും ഭാവനകളുമായി ഈ ബിൽ വരുമ്പോൾ ഇതിനുള്ള ഫണ്ടിന്റെ സമാഹരണം എവിടെനിന്നു നടത്തുമെന്നുള്ളതിനെക്കുറിച്ച് ഈ ബില്ലിൽ ഒരിടത്തെങ്കിലും പറഞ്ഞിട്ടുണ്ടോ? പിന്നെ സ്വപ്നം കണ്ടതുകൊണ്ടുമാത്രം ഇതിനകത്ത് കാര്യമുണ്ടോ? ഇന്നലെ നമ്മൾ ചർച്ച ചെയ്തു. സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങളാരും അനുകൂലമല്ലെന്നാണ് അപ്പുറത്തുള്ളവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിനാണെങ്കിൽ ഇതൊക്കെ വഹിക്കാനുള്ള ശേഷിയുണ്ടോ? പൊതുമരാമത്ത് വകുപ്പുവഴി ഒരു പുതിയ സ്റ്റേറ്റ് ഹൈവേ ബഡ്ജറ്റിനെ മാത്രം ആശ്രയിച്ച് ഉണ്ടാക്കാൻ ശേഷിയുണ്ടോ? അതിലെന്താണ് ഉദ്ദേശിക്കുന്നത്? ഇനി ഇടതുപക്ഷ മുന്നണിയുടെ കൂട്ടുത്തരവാദിത്വത്തോടുകൂടിയ തീരുമാനമുണ്ടോ? ഈ ബില്ലിനെ സംബന്ധിച്ച് നോക്കിയാൽ സാമ്പത്തിക രംഗത്ത് ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ ഉറപ്പ് നൽകുന്നില്ല എന്നു കാണാം. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. സി.ടി. അഹമ്മദ് അലിയുമൊക്കെ വളരെ ക്രിയാത്മകമായ ഒരുപാട് നിർദ്ദേശങ്ങൾ വച്ചു. അങ്ങ് പറഞ്ഞു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചുകൂട്ടുമെന്ന്. ഞാൻ അങ്ങയോട് ചലഞ്ചിംഗ് രൂപത്തിൽ പറയുകയാണ്, കേരളത്തിൽ കാസർഗോഡ് മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഹൈവേയിലെ (നമ്മളൊക്കെ റോഡിലൂടെ യാത്ര ചെയ്യുന്നതാണ്.) റോഡുകളുടെ ഇരുവശവുമുള്ള ഇരുപക്ഷത്തെ പാർട്ടിയിലുമുള്ള നേതാക്കന്മാരുടെ സ്തൂപങ്ങൾ അഴിച്ചു മാറ്റാൻ, ഏത് വെല്ലുവിളിയേയും നേരിടാനുള്ള ചലഞ്ച് ഏറ്റെടുക്കാൻ അങ്ങേയ്ക്ക് കഴിയുമോ? എനിക്ക് ഉറപ്പുണ്ട്. അപ്പുറത്തിരിക്കുന്ന ഒരു വിഭാഗത്തിന്റെ ശക്തമായ എതിർപ്പ് അങ്ങേയ്ക്ക് ഈ കാര്യത്തിലുണ്ടാകും. ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ നിലപാട് ഞങ്ങൾ പറഞ്ഞല്ലോ. ഞങ്ങളുടെ നേതാക്കന്മാരുടേതായാലും ഞങ്ങളുടെ ചിഹ്നങ്ങളായാലും തരക്കേടില്ല, റോഡ് വികസനത്തിനു വേണ്ടിയുള്ള ഒരു നിർദ്ദേശംവച്ചാൽ ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അവിടെനിന്ന് പിന്തുണ കിട്ടുമോ? ബിൽ ഉണ്ടാക്കി, അതിന് ഭാവനയുണ്ടാക്കി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഉദ്ദേശിക്കുന്നത് ഈ ബിൽ നിയമമായി ക്കാര്യങ്ങൾ തുടങ്ങുമ്പോഴേക്ക് ഗവൺമെന്റ് മാറും. അപ്പോൾ അങ്ങയുടെ തലയിൽനിന്ന് ഇത് പോകും. തലവേദന ഞങ്ങൾക്കായിക്കോട്ടേയെന്നാണ് അങ്ങ് ഒരുപാട് ഭാവനയുള്ള ആളാണ്, അത് ഞാൻ സമ്മതിക്കുന്നു. ഉദ്ദേശിക്കുന്നതെങ്കിൽ അത് ശരിയാവുകയില്ല. ആ ഭാവനയ്ക്കനുസരിച്ച് അങ്ങയെ സപ്പോർട്ടുചെയ്യാൻ ധനകാര്യവകുപ്പ് ഇതുവരെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? ഇതുവരെ നിങ്ങൾക്ക് സപ്പോർട്ട് കിട്ടിയിട്ടുണ്ടോ? കിട്ടിയിരുന്നുവെങ്കിൽ കേരളത്തിലെ മരാമത്ത് വകുപ്പിന് കുടിശ്ശിക ഇത്ര കൂടുമായിരുന്നില്ലല്ലോ. ആലപ്പുഴയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെപ്പോലും ഘെരാവോ ചെയ്ത് മൂന്നു മണിക്കൂർ സ്തംഭിപ്പിച്ച സ്ഥിതിവിശേഷമുണ്ടാകുമായിരുന്നോ? ഇല്ല.

<u>ശ്രീ. പാലോട് രവി</u> : സർ, കുഞ്ചൻ നമ്പ്യാർ ഇപ്രകാരം പാടിയിട്ടുണ്ട്. 'അരിമണിയൊട്ട് കൊറിക്കാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹം' എന്ന്. നമ്മുടെ മന്ത്രി ഏതാണ്ട് ആ ഒരു സിറ്റുവേഷനിലാണ് എത്തിയിരിക്കുന്നതെന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, വ്യക്തിപരമായി മന്ത്രിയുടെ വകുപ്പിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ കൊള്ളാം. പക്ഷേ ആ സങ്കൽപ്പങ്ങൾ യാഥാർത്ഥ്യമാകുന്നത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ചുള്ള ബോധം കൂടി അങ്ങേക്കുണ്ടാകണമല്ലോ.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ആലപ്പുഴയിലെ അനുഭവം എങ്ങനെയാണ്? അവിടെ വല്ലതും നടക്കുന്നുണ്ടോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ആലപ്പുഴയിലെ പാലങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ അങ്ങ് സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണി പുതുതായി നൽകിയതല്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ ബഡ്ജറ്റ് സപ്പോർട്ടോടെ ഇരുപത് ലക്ഷംരൂപ കൊടുത്ത വർക്കിന് ഇപ്പോൾ അഞ്ച് ലക്ഷം രൂപയേ കൊടുത്തിട്ടുള്ളൂ, അങ്ങ് അത് മനസ്സിലാക്കിയിട്ടുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു പ്രത്യേക സഹായം ഒരു കാര്യത്തിൽ ചെയ്തിട്ടുണ്ട്. ഇതൊക്കെ ഐക്യജനാധിപത്യ മുന്നണി ബഡ്ജറ്റിൽ വച്ചതാണ്. യു.ഡി.എഫ്.ന്റെ ബഡ്ജറ്റ് പ്രൊവിഷനിലുണ്ടായിരുന്നതാണ്, അന്ന് നടക്കാതിരുന്നു, പിന്നീട് വന്ന ഗവൺമെന്റ് നടത്തി. അത് ഞാൻ സമ്മതിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ബഡ്ജറ്റിൽ പൈസ കൊടുത്തുവെന്ന് വിചാരിച്ച് എ.എസ്. കൊടുത്താലും അവസാനം അതിന്റെ വർക്ക് ടെണ്ടർ ചെയ്യാനാവശ്യമായ പ്രൊവിഷനില്ലെങ്കിൽ വർക്ക് നടക്കുമോ? ഈ വർക്കുകളൊക്കെ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തുക അനുവദിച്ച് നടപടി സ്വീകരിച്ച് തീർത്തതല്ലേ? ബഡ്ജറ്റിൽ എ.എസ്. കൊടുത്തതെല്ലാംകൂടി മൂവായിരം കോടി രൂപയുടെ വർക്ക് കാണും. പക്ഷേ ഈ വർക്കുകൾ ഈ ഗവൺമെന്റ് അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽവന്നതിനുശേഷം തുക അനുവദിച്ച് ടെണ്ടർ വിളിച്ച് ചെയ്ത വർക്കുക ളല്ലേ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ ഇക്കാര്യത്തിൽ അങ്ങ യോട് ഒരു വാദപ്രതിവാദത്തിന് മുതിരുന്നില്ല. ഞാൻ സൂചിപ്പിച്ച കോൺടെക്സ്റ്റും അങ്ങ് പറയുന്നതും വ്യത്യസ്തമാണ്. ആലപ്പുഴയിൽ നാലഞ്ച് പാലങ്ങൾ തീർക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി യെന്നുള്ള നിലയിൽ അങ്ങ് കാണിച്ച താൽപ്പര്യം, അതല്ല ഞാൻ പറയാനുദ്ദേ ശിക്കുന്നത്. ഹൈവേ വികസനത്തിനുവേണ്ടി ബൃഹത്തായ ഒരു കർമ്മ പദ്ധതി തയ്യാറാക്കുമ്പോൾ അതിനാവശ്യമായ ഫണ്ട് സമാഹരണത്തെക്കുറിച്ച് എന്താണ് കാഴ്ചപ്പാട്? അത് പറയുമ്പോൾ ഇത് പറഞ്ഞിട്ട് എന്താണ് കാര്യം? ഇപ്പോഴും ഞാൻ പറഞ്ഞുവരുന്നത് പണിപൂർത്തിയാക്കിയ കരാറുകാർക്ക് പൈസ കൊടുക്കാൻ കഴിയുന്നില്ല എന്നതാണ്.

<u>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ</u> : സർ, ബഹുമാനപ്പെട്ട പൊതുമരാ മത്ത് വകുപ്പുമന്ത്രി പല കാര്യങ്ങളും ചെയ്യിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ വക യിൽ ഒരൊറ്റ പൈസപോലും കോൺട്രാക്ടർക്ക് കൊടുക്കാത്തതുകൊണ്ടല്ലേ ആലപ്പുഴയിൽ ഘെരാവോ നടന്നത്? അത് അങ്ങ് എന്താണ് മനസ്സിലാക്കാ ത്തത്?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, അത് അങ്ങേക്കറിയാമല്ലോ. അദ്ദേഹത്തിന് വകുപ്പുമന്ത്രിയുടെ കസേരയിലിരുന്നുകൊണ്ട് അതേപറയാൻ പറ്റുകയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങേക്ക് കരാറുകാർ സംതൃപ്തരല്ലെന്ന കാര്യം നന്നായി അറിയാമല്ലോ.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ഡൊമിനിക് പ്രസന്റേഷന്റെ മണ്ഡലത്തിൽ 30 കോടി രൂപയുടെ വർക്കിന് രണ്ടാഴ്ചക്ക് മുൻപല്ലേ തറക്കല്ലിട്ടത്? മുപ്പത് കോടി രൂപയുടെ പാലം ഒരുവർഷംകൊണ്ട് തീർക്കാൻ പോകുകയാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഒറ്റ പൈസ സർക്കാരിന് മുട ക്കുണ്ടോ?

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുകയാണ്. 23-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് 2-'96-ൽ ആരം ഭിച്ച ഏറ്റുമാനൂർ-നീണ്ടൂർ-വെച്ചൂർ റോഡിന്റെ പണി മൂന്നര വർഷക്കാലമാ യിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന അവസരത്തിൽ ഉദ്ഘാടനം ചെയ്ത് ടെണ്ടർ കൊടുത്ത വർക്കാണ്. അതിന്റെ പണി ഇന്നും പൂർത്തീകരിക്കാൻ കഴിഞ്ഞി ട്ടില്ല.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഈ കാര്യം ഞാൻ സൂചിപ്പിച്ചത് ഒരു വിശാലമായ കോൺടെക്സിറ്റിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ആശ യങ്ങൾ അങ്ങ് പറഞ്ഞിരിക്കുന്നതിനനുസരിച്ച് നടപ്പിലാക്കാനാവശ്യമായ ചർച്ചയാണ് ഞാൻ നടത്തുന്നത്. അങ്ങ് അതിനെ വേറെ രീതിയിൽ ചിത്രീകരി ക്കുന്നത് ശരിയല്ല. എന്റെ നിയോജകമണ്ഡലത്തിൽ അവഗണന കാണിച്ചു വെന്ന് ഞാൻ പറഞ്ഞിട്ടുള്ള ചർച്ചയല്ല ഇത്. ഈ ബില്ലിനെക്കുറിച്ച് പറ യുമ്പോൾ, അങ്ങ് ഒരു പ്രധാനപ്പെട്ട ബിൽ പൈലറ്റ് ചെയ്ത് സംസാരിച്ചുകൊ ണ്ടിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുന്നതാണ് റോഡ് ഗതാഗതം. നമുക്കെല്ലാവർക്കും ഇപ്പോഴത്തെ ട്രാഫിക് ചട്ടങ്ങളും പ്രയാസങ്ങളും അറിയാവുന്നതാണ്. നമ്മുടെ ദേശീയ പാതയുടെ അവസ്ഥ എല്ലാവർക്കുമറിയാം. അപ്പോൾ സ്റ്റേറ്റ് ഹൈവേകൾ വർദ്ധിപ്പിച്ച് ഗതാഗതം സുഗമമാക്കേണ്ട ദൗത്യം നമുക്കെല്ലാവർക്കുമുണ്ട്. അതിൽ വരുന്ന ഏത് നിയമനിർമ്മാണത്തേയും ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നവരാണ് കേരളീയർ. അങ്ങനെയുള്ള നിയമനിർമ്മാണങ്ങളുണ്ടാക്കുമ്പോൾ അതിനാവശ്യമായ ഫണ്ട് സമാഹരണത്തിനാവശ്യമായ നടപടികൾകൂടി ഗവൺമെന്റ് സ്വീകരിക്കേണ്ടതായിരുന്നു. അതുപോലെ റോഡ് ക്ളീൻ ചെയ്യുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമ്പോൾ അവിടെയും ചിറ്റമ്മ നയമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നാഷണൽ ഹൈവേയിൽ പോലും സ്ഥലമെടുപ്പ് കാര്യത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? സ്ഥലമെടുക്കുമ്പോൾ തനിക്കിഷ്ടമുള്ള ആളാണെങ്കിൽ അയാളെ ഒഴിവാക്കിക്കൊണ്ട് സ്ഥലമെടുക്കുകയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യമല്ല, റോഡിന്റെ താൽപ്പര്യമല്ല, അവരവരുടെ കാലഘട്ടത്തിൽ ഏതെങ്കിലും വ്യക്തിയുടെ സ്ഥലം മാറ്റിപ്പോകുകയാണെങ്കിൽ അത് മാറ്റിയെടുക്കാൻ വേണ്ടിയുള്ള ശ്രമം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കത്തക്കവിധത്തിലുള്ള നിദ്ദേശങ്ങൾ കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണം. അതോടൊപ്പം വഴിമുടക്കി നിൽക്കുന്ന സ്മാരകങ്ങളും പാർട്ടി ചിഹ്നങ്ങളും മാറ്റാൻ കഴിയണം. കേരളം സാക്ഷര കേരളമാണ്. ചിഹ്നം കെട്ടിവച്ചില്ലെങ്കിലും ജനങ്ങൾ വോട്ടുചെയ്യാതിരിക്കുകയില്ല. വഴിമുടക്കി നിൽക്കുന്ന സ്മാരകങ്ങളുടെ കാര്യത്തിൽ വിപ്ളവകരമായ തീരുമാനമെടുക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാകുമോ? തയ്യാറാകാൻ തീരുമാനിച്ചാൽ അങ്ങേക്ക് ബുദ്ധിമുട്ട് അപ്പുറത്തുനിന്നുണ്ടാകും, ഇപ്പുറത്തുനിന്നുണ്ടാവുകയില്ല, എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു പ്രധാന നിർദ്ദേശം റോഡ് നിർമ്മാണത്തിനാവശ്യമായ പുതിയ എക്യുപ്മെന്റ്സ് വേണം, റോഡ് മോഡേഒണൈസ് ചെയ്യണം എന്നൊക്കെയാണ്. ഈ അടുത്ത ദിവസം മുഖ്യമന്ത്രി കോട്ടയത്ത് റബ്ബറൈസ്ഡ് റോഡിന്റെ പണി ഉദ്ഘാടനം ചെയ്തു. അതിന്റെ പണി നടന്നത് അങ്ങ് ശ്രദ്ധിച്ചോ? ശ്രദ്ധിച്ചില്ലെങ്കിൽ പറയാം. പുതിയ എക്യുപ്മെന്റ്സൊക്കെ ഉപയോഗിച്ചാണ് പണിചെയ്തത്. എന്നോട് അവിടത്തെ ഒരു ടാക്സിഡ്രൈവർ പറഞ്ഞത് റോഡിൽ കൂടിയാണോ ആകാശത്തു കൂടിയാണോ വണ്ടി ഓടിക്കുന്നതെന്ന് എനിക്ക് സംശയമുണ്ടെന്നാണ്. ഏതായാലും ആ റോഡ് പോയി കണ്ടാൽ അറിയാം. പേവർ വച്ച് ചെയ്തതുകൊണ്ട് ഒട്ടും undulations ഇല്ലാതെ ചെയ്യാൻ കഴിയും. അത്തരം എക്യുമെന്റ്സ് വേണം. ഒരു സ്ഥലത്തു മാത്രം ചെയ്തിട്ട് കാര്യമില്ല. Semi-dense bituminous concrete ഈ സിറ്റിയിൽ കുറച്ചു ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിപ്പോൾ സെൻസർ പേവർ വച്ചാണ് ചെയ്യാനുദ്ദേശിക്കുന്നത്. ഒട്ടും തന്നെ undulations റോഡിൽ ഉണ്ടാവുകയില്ല. അത് ധാരാളമായി വേണം. റോഡുകൾ മുഴുവൻ മോഡേണൈസ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള ചില

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കുന്നുണ്ട്. അത് ഈ ഒരു കാര്യത്തിൽ മാത്രമല്ല. സ്പെസിഫിക്കേഷൻസ് എല്ലാം മാറ്റി കൊടുക്കുന്നുണ്ട്. റോഡ് റബ്ബറൈസേഷന്റെ കാര്യം എത്ര കൊല്ലമായി നടന്ന ഒരു ചർച്ചയാണ്? 1970 മുതൽ തുടങ്ങിയതല്ലേ? ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടു കൊല്ലത്തെ ശ്രമഫലമായിട്ടാണ് ഓയിൽ റിഫൈനറിയിൽ നിന്നും കമേർഷ്യലായി bitumen ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയത്. 15000 ടൺ ഈ വർഷംതന്നെ ഉൽപ്പാദിപ്പിക്കുകയാണ്. റിഫൈനറി തയ്യാറാണെങ്കിൽ ടാറിന് 20 ശതമാനത്തോളം തുക കൂടും. പക്ഷേ റോഡിന്റെ ലൈഫ് ഇരട്ടിയാകും. അടുത്ത വർഷം പി.ഡബ്ല്യു.ഡി റോഡുകൾ മുഴുവൻ റബ്ബറൈസ് ചെയ്യാനുള്ള തീരുമാനമെടുത്ത് മുന്നോട്ടു നീങ്ങുകയാണ്. ബി.ഒ.ടി.യുടെ കാര്യം പറഞ്ഞു. അതാണ് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത്. ബി.ഒ.ടി.-സ്കീമിൽ 30 കോടി രൂപയുടെ വർക്ക് അറേഞ്ച് ചെയ്തു. ഏകദേശം രണ്ടുകൊല്ലമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ എടുത്ത നയപരമായ ഒരു തീരുമാനമായിരുന്നു അത്. മട്ടാഞ്ചേരി പാലം ഒറ്റ കൊല്ലംകൊണ്ട് തീർക്കാൻ പോവുകയല്ലേ? 30 കോടി രൂപയുടെ വർക്കാണ്. ഗവൺമെന്റിന് ഒരു പൈസയും മുടക്കമില്ല. പതിമൂന്നര കൊല്ലത്തേയ്ക്ക് ടോൾപിരിക്കാൻ അനുവദിച്ചിട്ടുണ്ട്. അതിനുള്ള തുടക്കം കുറിച്ചുകഴിഞ്ഞു. വേറെ പല റോഡുകളും ബി.ഒ.ടി യിൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഞാൻ സമയച്ചുരുക്കംകൊണ്ട് അതിലേക്ക് കടക്കുന്നില്ല. ഹൈവേസിനെ സംബന്ധിച്ച് ശ്രീ. വി.ജെ. പൗലോസ് പറഞ്ഞ കാര്യങ്ങൾ പ്രസക്തിയുള്ളതാണ്. ഇപ്പോൾ ഏതായാലും കേരളത്തിലെ പി.ഡബ്ല്യു.ഡി.യുടെ കീഴിലുള്ള സ്റ്റേറ്റ് ഹൈവേസ്, മേജർ ഡിസ്ട്രിക്ട് റോഡ്സ് ഇവ ഏകദേശം 15,000 കിലോമീറ്റർ വരും. അത്രയും റോഡ് കിടക്കുകയാണ്. ഭാവിയിൽ നോട്ടിഫൈ ചെയ്യുന്ന റോഡുകൾ അതിൽ ഉൾപ്പെട്ടുവരും. റോഡിലെ പ്രതിമകൾ, സ്തൂപങ്ങൾ എന്നിവ മാറ്റുന്നതിനെക്കുറിച്ച് ശ്രീ. സി.ടി അഹമ്മദ് അലി പറഞ്ഞു, പുറമ്പോക്ക് ഡിമാർക്കേറ്റ് ചെയ്യണമെന്നു പറഞ്ഞു. അതിരുകൾ തിരിക്കണമെന്ന് പറഞ്ഞു. പുതിയ നൂറ്റാണ്ടിലേക്ക് കടക്കുമ്പോൾ ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കാൻ അദ്ദേഹം വച്ച നിർദ്ദേശങ്ങൾ വളരെ സ്വാഗതാർഹമാണ്. വെറുതെ മൃഗങ്ങളെ അഴിച്ചു വിടുന്നത് അപകടങ്ങളുണ്ടാക്കുന്നു. തൃശ്ശൂർ, പാലക്കാട് റൂട്ടിലൂടെ പോകുമ്പോൾ മൃഗങ്ങൾ പോകുന്നത് കാണാം. കുമിളിയിലുമുണ്ട്, ഇടയ്ക്കിടയ്ക്ക് ഹൈവേയിൽകൂടിയും മൃഗങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വണ്ടി ഓടിക്കാൻ തന്നെ ബുദ്ധിമുട്ടാണ്. റോഡിന്റെ ബേസ് എല്ലാം പോകുന്നു.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ശ്രീ. വയലാർ രവി ആഭ്യന്തര മന്ത്രി ആയിരുന്നപ്പോൾ ഇത് തടഞ്ഞു. അന്ന് ഒരു കിലോ ബീഫിന് അഞ്ചുരൂപയോ മറ്റോ ആണ് കൂടിയത്. അത് ചെയ്യരുത്.

<u>ശ്രീ. പി.ജെ. ജോസഫ്</u> : മൃഗങ്ങളെ വാഹനങ്ങളിൽ കൊണ്ടുവരണമെന്നുള്ള നിർദ്ദേശമാണ് വന്നത്. അത് സംബന്ധിച്ച് ചില അമെന്റുമെന്റ്സ് ഉണ്ട്. അത് ചർച്ച ചെയ്യുമ്പോൾ അക്കാര്യം എടുക്കാം. സഭയുടെ വികാരം മാനിച്ചേ ചെയ്യുകയുള്ളൂ. അതുപോലെ വളരെ കുഴപ്പം പിടിച്ച പരസ്യബോർഡുകളുണ്ട്. റോഡിൽ നോക്കുന്നതിനുപകരം ഡ്രൈവർ പരസ്യബോർഡിൽ നോക്കി നിൽക്കും. അപകടമുണ്ടാകും. അത്തരം പരസ്യബോർഡുകൾ വയ്ക്കുന്ന സ്ഥലങ്ങളും അപകടമുണ്ടാക്കുന്ന സ്ഥലങ്ങളിലാണ്. അതുപോലെ ട്രാഫിക് സിഗ്നൽസ് കുറച്ചുകൂടി ഇംപ്രൂവ് ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ കോവളത്തേക്ക് പോകുന്നവർക്ക് റോഡുകളിലുണ്ടാക്കിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സംവിധാനങ്ങൾ കാണാൻ കഴിയും. റിഫ്ളക്ടേസ് വ്യാപകമായി പ്രധാനപ്പെട്ട റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. അതെല്ലാം കഴിഞ്ഞ രണ്ടു കൊല്ലം കൊണ്ടുണ്ടാക്കിയതാണ്. അതിനൊന്നും വലിയ പ്രചരണം കൊടുത്തിട്ടില്ല. പ്രധാനപ്പെട്ട റോഡുകളിൽ റിഫ്ളക്ടേഴ്സ് കാണാം. വ്യാപകമായ തോതിൽ കേരളത്തിലെ റോഡുകളിൽ റിഫ്ളക്ടേഴ്സ് സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഫ്ളൈ ഓവറുകൾ വളരെ പ്രധാനപ്പെട്ട ഒന്നാണ്. എറണാകുളത്തെ വൈറ്റിലയിൽ ഫ്ളൈഓവർ ഉടനെതന്നെ തീർക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം, സിറ്റികളിൽ മൂന്നു ഫ്ളൈഓവറുകൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തന്നെ തീർക്കും.

<u>ശ്രീ. കെ. മുഹമ്മദാലി</u> : പിന്നെ ഒരു പാലം വരുന്നുണ്ടല്ലോ. അത് എറ്റവും വലിയ ജംഗ്ഷനാണ്. അതും ആലോചിക്കണം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : അതും ആലോചിക്കാം.

<u>പ്രൊഫസർ സാവിത്രി ലക്ഷ്മണൻ</u> : നാഷണൽ ഹൈവേയിൽ.....

<u>ശ്രീ. പി.ജെ. ജോസഫ്</u> : അത് ഫ്ളൈ ഓവറല്ല. അതൊരു സബ്വേ ആണ്. അതിനെപ്പറ്റി ആലോചിക്കാം. പിന്നെ ബഹുമാനപ്പെട്ട വേണുഗോപാൽ ചോദിച്ചത് എവിടെ നിന്ന് ഇതിനെല്ലാം പണമുണ്ടാകുമെന്നുള്ളതാണ്. പണമുണ്ടെങ്കിലും റോഡ് തീർക്കാൻ കഴിയില്ലല്ലോ. റോഡ് വികസനത്തിന് ഈ വർഷം 150 കോടി രൂപ നബാർഡിൽ നിന്നും വാങ്ങുന്നതാണ്. ഇത്രയുംനാൾ 50 കോടി രൂപയായിരുന്നു. ഇപ്പോൾ 150 കോടി രൂപയാവുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വളരെ ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയാണ്. അതെല്ലാം ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചല്ല. അത് ഞാനിവിടെ സൂചിപ്പിച്ചു.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : അമേരിക്കയിൽ മുഴുവൻ പ്രൈവറ്റാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : മുഖ്യമന്ത്രിക്ക് അതിനോടെല്ലാം യോജിപ്പാണ്. റോഡിന്റെ കാര്യത്തിൽ നിങ്ങൾക്കറിയാത്ത കാര്യമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലെടുത്ത തീരുമാനമാണ് മട്ടാഞ്ചേരിയിലെ പാലം. ഞാൻ തനിയെ എടുത്ത തീരുമാനമല്ല. നയപരമായി എടുത്ത തീരുമാനമാണ്. 30 കോടി രൂപയുടെ പാലം ഒറ്റ കൊല്ലം കൊണ്ട് തീർക്കാൻ പോവുകയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : എറണാകുളത്തും മറ്റുമായി മൂന്നു ഫ്ളൈഓവറിന്റെ കാര്യം അങ്ങ് പറഞ്ഞല്ലോ, മുഖ്യമന്ത്രി അവിടെയിരുന്നു പറഞ്ഞത് (എല്ലാവരും കേട്ടില്ലെങ്കിലും) അമേരിക്കയിലൊക്കെ സ്വകാര്യമേഖലയിൽ അതേ നടക്കൂ എന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ മൂന്നുഫ്ളൈഓവറും ബി.ഒ.ടി യിലാണോ, സ്വകാര്യ മേഖലയിലാണോ, അതോ സർക്കാർ നേരിട്ടാണോ ചെയ്യാൻ പോകുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വയബിൾ പ്രോജക്ട് മാത്രമേ എടുക്കുകയുള്ളു. അത് ലോൺ എടുത്തിട്ടാണ് ചെയ്യുന്നത്. ലോൺ തിരിച്ച് അടയ്ക്കാനുള്ള വയബിൾ സ്കീം ഉണ്ടാക്കിയേ ചെയ്യാൻ പറ്റുകയുള്ളു. അപ്പോൾ സ്വഭാവികമായും അതൊരു ബി.ഒ.ടി വർക്ക് തന്നെയാണ്. അല്ലെങ്കിൽ ലോൺ കിട്ടുകയില്ല. അങ്ങനെ ലോൺ എടുത്ത് ചെയ്യുകയാണ്. കേരളത്തിൽ കോവളം പോലെ പ്രാധാന്യ

LIBRARY ARCHIVES Kerala Legislative Assembly

മുള്ളതാണ് കുമരകം. കോട്ടയത്തുനിന്നു കുമരകത്തേക്കുള്ള റോഡ് വളരെ നാരോ ആണ്. റോഡ് നിർമ്മാണം മാത്രമല്ല, ലാന്റ് ഡെവലപ്പ്മെന്റ് നടത്തി 300 അടി വീതിയിൽ സ്ഥലം എടുത്തു. ഞങ്ങൾ ചർച്ച ചെയ്തു കഴിഞ്ഞു. ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനുമായിട്ടൊക്കെ ചർച്ച ചെയ്തതാണ്. കോടിമാതയിൽ നിന്നു വരുന്ന റോഡ് മുഴുവനും പാടങ്ങളാണ്. ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് നിർമ്മിച്ചതുപോലെ പാടത്തുനിന്നും മണ്ണെടുത്ത് 300 അടിയിൽ 150 അടിറോഡിന്, ബാക്കി 150 അടി അവിടെ പത്തു സെന്റ് വച്ചു കാർട്ടേഴ്സ് നിർമ്മിച്ചുകൊടുക്കുക. ഇടത്തരം ഫാമിലി സിനൊക്കെ ഉപയോഗിക്കാം. രണ്ടുമുറി തീർത്താൽമതി. ഒരു ദിവസം 3500 രൂപയാണ് വാടക. എന്നാലും മുറി കിട്ടാനില്ല. കഴിഞ്ഞ ഓണക്കാലത്ത് കുമരകത്ത് രണ്ടു മുറി ചോദിച്ചിട്ട് കിട്ടിയില്ല. പി.ഡബ്ല്യു.ഡി മന്ത്രിമാരുടെ ഒരു യോഗം അറേഞ്ച് ചെയ്തു, ഓഫിഷ്യൽസ് വന്നു, കുമരകത്ത് റൂം പോദിച്ചിട്ട് കിട്ടാനില്ല. എത്ര റൂം ഉണ്ടെങ്കിലും കുമരകത്ത് ബുക്കിംഗാണ്. അത്ര മനോഹരമായ ഒരു പ്രദേശമാണ്. അതുകൊണ്ട് 14 കിലോമീറ്റർ നീളത്തിൽ ഇതുപോലെ റോഡും കാർട്ടേഴ്സും കിട്ടത്തക്കവണ്ണമുള്ള നിർമ്മാണപ്രവർത്തനങ്ങൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പുമെന്റ് കോർപ്പറേഷൻ ഏറ്റെടുക്കാൻ പോവുകയാണ്. അതിന് 60 കോടി രൂപ ചെലവാകും. പക്ഷേ 60 കോടി രൂപയിൽ ഒരു പൈസപോലും ഗവൺമെന്റ് മുടക്കില്ല. ലാന്റ് ലേലം ചെയ്ത് വിറ്റാൽ ആ തുക കിട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ പ്രോജക്ടുമായി മുന്നോട്ടു പോവുകയാണ്. പണം എവിടെ നിന്നാണെന്ന് ചോദിച്ചു. പണം നമുക്ക് തന്നെ ഉണ്ടാക്കാം. ഇത്തരം പ്രോജക്ടുകളുമായി മുന്നോട്ടു പോവുകയാണ്. ഇപ്പോൾ നെടുമ്പാശ്ശേരിയിൽനിന്നുള്ള രണ്ട് റോഡുകൾ ഒറ്റക്കൊല്ലംകൊണ്ടാണ് തീർക്കാൻ പോകുന്നത്. കുമരകത്തെ സ്കീം, ലാന്റ് എടുത്തു കഴിഞ്ഞാൽ ഒരു കൊല്ലംകൊണ്ട് തീർക്കത്തക്കരീതിയിൽ ടെൻഡർ വിളിക്കാൻ പോകുകയാണ്. ബഡ്ജറ്റ് അലോക്കേഷൻ കൊണ്ടുമാത്രം തീരില്ല. അതിനാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഉണ്ടാക്കിയത്. കുടിശ്ശിക തീർത്തു കിട്ടിയാൽ നമുക്ക് ഇന്നുള്ളതിന്റെ ഇരട്ടി വർക്ക് ചെയ്യാം. അതിന് ധനകാര്യമന്ത്രിയുമായി ആലോചിച്ചു ധാരണയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കുടിശ്ശിക കംപ്ലീറ്റായിട്ട് തീർക്കുക. കുടിശ്ശിക തീർത്താൽ ഇപ്പോൾ ചെയ്യുന്നതിന്റെ ഇരട്ടിവർക്ക് ചെയ്യാം. ലോകബാങ്കിനെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. അതിൽ താമസമൊന്നും വന്നിട്ടില്ല. താമസമെന്ന് പറയുന്നത്, ഒന്നോ രണ്ടോ മാസത്തെ വ്യത്യാസമേയുള്ളൂ. അത് താമസമല്ല. നമ്മളുമായി ചർച്ചചെയ്യുമ്പോൾ നെടുമ്പാശ്ശേരി-കൊടൈക്കനാൽ റോഡിന്റെ പ്രധാന്യം അവർ മനസ്സിലാക്കിയില്ല. ഇപ്പോൾ ഇവിടെ ട്രാഫിക് ഇല്ല. ട്രാഫിക് ഉള്ളത് മാത്രമാണ് അവർ എടുത്തത്. നെടുമ്പാശ്ശേരി കൊടൈക്കനാൽ എന്നുപറയുമ്പോൾ കൊടൈക്കനാലിലുള്ള റോഡ് മുറിഞ്ഞാൽ മൂന്നാറിന്റെ പ്രാധാന്യം പോകും. അതുപോലെ നെടുമ്പാശ്ശേരിയിൽനിന്നും ഇറങ്ങി നേരെ കൊടൈക്കനാലിലേയ്ക്ക് പോകും. കൊടൈക്കനാലിൽ വരുന്ന ടൂറിസ്റ്റ് ഇങ്ങോട്ടുവരും. തടസ്സം എന്തായിരുന്നു? സ്റ്റോപ്പ് സ്റ്റേഷനിൽനിന്നും ഏതാണ്ട് 70 കിലോമീറ്റർ വനപ്രദേശത്തുകൂടി വേണം കൊടൈക്കനാലിലേക്ക് പോകാൻ. അക്കാര്യം മദ്രാസിൽ പോയി മന്ത്രിയുമായും ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്തു. അവർ തന്നെ മൂവ് ചെയ്യുന്നില്ല. കേന്ദ്രഗവൺമെന്റ് സമ്മതിക്കുകയുമില്ല. ഇതിനിടയിൽ വട്ടവിളയിൽ ഞാൻ ഒരു സ്കൂൾ ഉദ്ഘാടനത്തിന് പോയപ്പോൾ - നാട്ടറിവ് വളരെ വലുതാണ്- പ്രായമായ ഒരാൾ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ കടവരീ, ക്ളാവരി തുടങ്ങിയിട്ടുള്ള സ്ഥലങ്ങളിൽകൂടി കടന്നു പോകുന്ന 5 കിലോമീറ്റർ റോഡ് പുതിയതായി വെട്ടിയാൽ കൊടൈക്കനാലിൽ അതേ ദൂരത്തിൽ പോകാൻ കഴിയും, ഒരു വനപ്രദേശവുമില്ല എന്ന്. എഞ്ചിനീയേഴ്സിനെ കൊണ്ട് സർവ്വേ ചെയ്യിപ്പിച്ചു, ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് തന്നു, ഒരു കിലോമീറ്റർ ദൂരം കുറവേയുള്ളൂ. ദൂരം കൂടുതലില്ല. വട്ടവിളയിൽ നിന്നും ഈ വഴി തീർക്കാൻ കഴിയും, അത് ചെന്നിറങ്ങുന്ന സ്ഥലം കടവരിയിൽ പോയി ചേരും. അവിടെനിന്നും കൊടൈക്കനാലിലേയ്ക്ക് പോകാം. അതുകൊണ്ട് ആ റോഡ് തീർക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്റ്റേറ്റ്ഹൈവേ അലൈൻമെന്റ് വനപ്രദേശത്തുള്ളത് മാറ്റി. ഈ റോഡിനെക്കുറിച്ചു പഠിക്കണമെന്ന് ലോകബാങ്കിനോട് പറഞ്ഞു. അവർ വന്നു, ഞാൻ അവരുമായി മൂന്നാറിൽവച്ച് ചർച്ച ചെയ്തു. ഈ സ്ഥലം നോക്കി, ഇപ്പോൾ അവർ കൺവിൻസ്ഡ് ആണ്. ആ റോഡ്കൂടി എടുക്കാനുള്ള കാര്യത്തിൽ അനുകൂലമായ റിപ്പോർട്ട് കിട്ടുമെന്നാണ് എനിക്ക് തോന്നുന്നത്. നാലുവരിപ്പാതയാണ് ആലോചിക്കുന്നത്. നെടുമ്പാശ്ശേരിയിൽ നിന്നും കൊടൈക്കനാൽ വരെ ടൂറിസം രംഗത്ത് എത്ര വലിയ വികസനമായിരിക്കും! പഴയ മൂന്നാർ റോഡാണ്. വലിയകയറ്റമില്ല. അതായത് പഴയ ആലുവ-മൂന്നാർ റോഡാണ്. 1999-ലെ വെള്ളപ്പൊക്കത്തിൽ ഉപേക്ഷിക്കപ്പെട്ട അലൈൻമെന്റാണ് എടുക്കുന്നത്. ഇത് സ്റ്റഡി ചെയ്യാൻ വേണ്ടി ഒരു മാസമെടുക്കും. താമസമുണ്ടാകുകയില്ല. പ്രശ്നം അവിടെയല്ല. റിപ്പോർട്ട് അവിടെ കിട്ടിയാലും സാംഗ്ഷന്റെ പ്രശ്നം കിടക്കുകയാണ്. പൈസ നമുക്ക് റിലീസ് ചെയ്തു കിട്ടണമെങ്കിൽ അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ അവരുടെ നയം മാറ്റണം. പൊക്രാനിൽ ഒരു ബോംബ് പൊട്ടിയതിന്റെ പേരിൽ ഇന്ത്യയെ സഹായിക്കാൻ അവർ തയ്യാറല്ല. ലോകബാങ്ക് പൈസ നമുക്ക് തരാത്ത നിലയാണ്. ഈ കാര്യത്തിൽ ഒരു മാറ്റം വരുത്തിയാൽ നമ്മൾ റെഡിയാണ്. ഏത് സമയത്തും ഫണ്ട്സ് നമുക്ക് കിട്ടും. 2100 കോടി രൂപയുടെ പദ്ധതിയാണ്. അമേരിക്കൻ സെനറ്റ് വരെ ഇതിനെതിരെ പ്രമേയം പാസ്സാക്കി. ഇന്ത്യയെ സഹായിക്കണം. പക്ഷേ withdraw ചെയ്ത കാര്യത്തെപ്പറ്റി എനിക്ക് ഇൻഫർമേഷൻ കിട്ടിയില്ല. കൂടിപ്പോയാൽ രണ്ടു മൂന്നു മാസത്തിനുള്ളിൽ മാറുമെന്നാണ്. അങ്ങനെയെങ്കിൽ ആറ് മാസത്തിനുള്ളിൽ 2100 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിക്കപ്പെടുന്നത്. എം.സി. റോഡിന്റെ സിംഹഭാഗവും ഇതിൽപ്പെടും, അല്ലെങ്കിൽ ബൈ പാസ് ആക്കി തീർക്കും. കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ അതായത് 2810 കിലോമീറ്ററിൽ 1780 കിലോമീറ്ററാണ് ഇത് കവർ ചെയ്യുന്നത്. അങ്ങനെയുള്ള പ്രോജക്ടുകളുണ്ട്. പൈസ എവിടെനിന്നാണെന്ന് ചോദിച്ചതുകൊണ്ടാണ് ഇതിനെക്കുറിച്ചൊക്കെ പറഞ്ഞത്, ഇഷ്ടംപോലെ പ്രോജക്ടുകളുണ്ട്. അതുപോലെ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ പ്രോജക്ടുകളുണ്ട്. സംസ്ഥാനത്തെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനു വേണ്ടിയുള്ള 500 കോടി രൂപയിൽ എത്ര കോടി റോഡിനുണ്ടെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല. എങ്കിലും ഈ 500 കോടി രൂപയിൽ ഒരു നല്ല ശതമാനം 200 കോടി രൂപയെങ്കിലും-- റോഡിനുകാണും. ഇലക്ട്രിസിറ്റി, റോഡ് തുടങ്ങിയവ. റോഡ് മേജർ ഐറ്റമാണ്. ഇതെല്ലാം അഡീഷണലായി വരുന്ന തുകയാണ്. അതുകൊണ്ട് ഫണ്ട്സിന്റെ കാര്യത്തിൽ ഒട്ടേറെ സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അങ്ങ് വളരെ നല്ല നിർദ്ദേശം പറഞ്ഞു. വേൾഡ് ബാങ്കിൽനിന്നും പണം വാങ്ങുന്ന കാര്യം പറഞ്ഞു. വേൾഡ് ബാങ്കിൽനിന്നും വാങ്ങുമ്പോൾ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

യതുപോലെയുള്ള കരാർ അല്ലാതെ, നമ്മൾ അടിയറവയ്ക്കാത്ത പ്രത്യേക കരാർ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞത് ലോക വ്യാപാര കരാറിനെ സംബന്ധിച്ചായിരിക്കും. ലോകബാങ്കിന്റേത് പുതിയ കാര്യങ്ങളല്ല. ലോകബാങ്കിൽ തുടരുന്നത് എത്രയോ പതിറ്റാണ്ടുകളായിട്ടുള്ള രീതികളാണ്. പതിറ്റാണ്ടുകളായിട്ടുള്ള രീതികൾ നമ്മൾ അംഗീകരിച്ചേ പറ്റൂ. അത് അംഗീകരിക്കണം. ലോകവ്യാപാരകരാർ ആണെങ്കിൽ വ്യത്യാസമുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള 275 കോടി രൂപയുടെ മൂന്നാറിലെ ഒരു പ്രോജക്ട് വേൾഡ് ബാങ്കിന്റെ പണമായതുകൊണ്ട് നിങ്ങളുടെ ക്യാബിനറ്റല്ലേ റിജക്ട് ചെയ്തത്? അത് വേൾഡ് ബാങ്കിന്റെ പണമല്ലായിരുന്നോ?

ശ്രീ. പി. ജെ. ജോസഫ് : അതിന് വേൾഡ് ബാങ്കുമായിട്ട് ബന്ധമില്ല. വേൾഡ് ബാങ്കിന്റെ പ്രശ്നമല്ല. അവിടെ വേൾഡ്ബാങ്കല്ല ഉണ്ടായിരുന്നത്. അത് തെറ്റായ ധാരണയാണ്. അത് വേറെ കാരണങ്ങളാണ്. ലോകബാങ്ക് വന്നുവെന്നുള്ളതല്ല പ്രശ്നം, വേറെ കാരണങ്ങളാണ്. അതിനകത്ത് ഒരു വ്യാത്യാസം പറയാൻ ആഗ്രഹിക്കുന്നു. ലോകവ്യാപര കരാറിൽ ആ കാര്യമാണെങ്കിൽ ഇന്ത്യ വളരെവളരെ കെയർഫുൾ ആയിരിക്കണം.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, വേൾഡ്ബാങ്കിനെ വിടുക..... ബഹളം .....

ശ്രീ. ആര്യാടൻ മുഹമ്മദ് : W.T.O. -നെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ല, ഞാൻ പറഞ്ഞത് നമ്മുടെ മുഖ്യമന്ത്രി സാധാരണ പതിവായി എല്ലാ പ്രസംഗത്തിലും വേൾഡ് ബാങ്കിനെ അടിയറവച്ച കാര്യം പറയാറുണ്ട്. ആ കാര്യമാണ് പറഞ്ഞത്.

ശ്രീ. പി.ജെ. ജോസഫ് : ഞാൻ മുഖ്യമന്ത്രിയുടെ പ്രസംഗം വായിച്ചത് ലോകവ്യാപാര കരാറിൽ ഇന്ത്യയെ അടിയറവച്ചതിനെപ്പറ്റിയാണ്. അത് വളരെ വ്യത്യാസമായ കാര്യമാണ്. ലോകബാങ്ക് പല പതിറ്റാണ്ടുകളായി വായ്പ തരുന്നുണ്ട്, ആ വ്യവസ്ഥകളെ സംബന്ധിച്ച് പ്രത്യേകതയൊന്നുമില്ല. നമ്മൾ സബ്മിറ്റ് ചെയ്ത സ്കീം അവർ അംഗീകരിച്ചു മുന്നോട്ടു നീങ്ങുകയാണ്. ഇതിന് ആവശ്യമായ പുതിയ റോഡുകൾ എടുക്കണമെന്നുള്ളതാണ്. അത് ഏത് സമയത്തും നോട്ടിഫൈ ചെയ്യാം, നോട്ടിഫൈ ചെയ്ത് ഇതിൽ കൊണ്ടുവരാവുന്നതുമാത്രമേയുള്ളൂ. ഹൈവേ ബിൽ എന്നുള്ള പേര് ഇന്ത്യയിൽ മുഴുവൻ അംഗീകരിച്ച ഒരു പേരാണ്. കേന്ദ്രത്തിൽ ഇതിന് രജിസ്ട്രേഷനുണ്ട്. അവിടെയെല്ലാം ഹൈവേ ബിൽ എന്നാണ്. ഹൈവേ ബിൽ എന്നുപറഞ്ഞാൽ ഹൈവേ ആയി ഡിക്ലെയർ ചെയ്യുന്ന ബിൽ എന്നേ അർത്ഥമുള്ളൂ. അതുകൊണ്ട് ആ പേര് മാറ്റേണ്ട ആവശ്യമില്ല.

ശ്രീ. കെ.സി. വേണുഗോപാൽ ശ്രീ. കെ.മുഹമ്മദാലി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(121) In item (iv) of sub clause (f) of clause 2 after the word "watering" add the words "parking of vehicles for long time."

(132) In sub clause (p) of clause 2, add the following words at the end "conducted by the Survey Department"

ആനിമൽസിനെ തന്നെയാണ് captive animals എന്നുപറയുന്നത്. താറാവ് ആനിമൽസിന്റെ കൂട്ടത്തിലും പെടില്ല. പക്ഷികളുടെ കൂട്ടത്തിലും പെടില്ല. അത് ഇഴജന്തുവിന്റെ കൂട്ടത്തിൽ പെട്ടതാണ്. അതുകൊണ്ടാണ് captive animal എന്ന ഭേദഗതി തന്നത്. താറാവ് പക്ഷിയും അല്ല, ആനിമലും അല്ല. captive animal എന്നുപറഞ്ഞത് അതുകൊണ്ടാണ്. താറാവ് ഇഴജന്തുവാണ്. തർക്കിച്ചിട്ടു കാര്യമില്ല. എന്റെ 121-ാമത്തെ ഭേദഗതി, സ്ഥിരമായി റോഡ് സൈഡിൽ വണ്ടി പാർക്ക് ചെയ്യുന്ന ഏർപ്പാടുണ്ട്. കാലത്ത് കൊണ്ടിടും. വൈകിട്ട് എടുത്തുകൊണ്ടുപോകും. പ്രത്യേകിച്ച് രാത്രി പോകുന്ന ടാങ്കർ ലോറിയൊക്കെ സ്ഥിരമായി റോഡ് സൈഡിൽ കൊണ്ടിടുന്ന ഏർപ്പാടുണ്ട്. അതുകൊണ്ടാണ് ഞാൻ 121-ാമത്തെ ഭേദഗതി കൊടുത്തത്.

എന്റെ 132-ാം ഭേദഗതി, റവന്യൂ സർവ്വേ ഡിപ്പാർട്ടുമെന്റ് ഉണ്ട്. അവരും റീ-സർവേ നടത്താറുണ്ട്. റീസർവ്വേ എന്നു പറയുമ്പോൾ അത് ഏത് ഡിപ്പാർട്ടുമെന്റാണ് ചെയ്യുന്നത്. പി.ഡബ്ല്യു.ഡി. യാണോ അതോ ഹൈവേ അതോറിറ്റി ആണോ. അതൊന്ന് ക്ളാരിഫൈ ചെയ്യാൻ വേണ്ടിയാണ് ഞാൻ conducted by the survey department എന്ന് കൊടുത്തത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(118). In clause 2 sub clause (f) (ii) between the words "description" and "for exhibiting" the words "for parking automobiles for maintenance" shall be inserted.

അതിൽ ഒരു പ്രത്യേക വകുപ്പുണ്ട്. ഹൈവേ റോഡുകളിൽ പ്രത്യേകിച്ചും automobile workshop ധാരാളമായി വണ്ടികളുടെ മെയിന്റനൻസ് വർക്ക്ഷോപ്പുകൾ അനധികൃതമായി കാണുന്ന ഒരു കാഴ്ചയാണ്. രാത്രിസമയങ്ങളിൽ ഒരുപാട് അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യതകൂടിയാണ്. വണ്ടി പാർക്ക് ചെയ്യുന്ന ലൈസൻസില്ലാത്ത ധാരാളം വർക്ക്ഷോപ്പുകൾ ഉണ്ട്. ഈ ഭേദഗതി സ്വീകരിച്ചാൽ അത് ഒഴിവാക്കാൻ സഹായകരമായിരിക്കും. അതുകൊണ്ട് അതുകൂടി ചേർക്കണമെന്നാണ് എന്റെ 118-ാം ഭേദഗതി. മറ്റൊന്നും അവതരിപ്പിക്കുന്നില്ല.

ശ്രീ. കെ. ബാബു : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(114). In sub clause (d) of clause 2, delete the words "the Government or" and after the words "appointed by Government" add the words "by notification in the Gazette".

കോംപീറ്റന്റ് അതോറിറ്റിയെ സംബന്ധിച്ചുള്ള ഭേദഗതിയാണിത്. കോംപീറ്റന്റ് അതോറിറ്റിയുടെ ഡെഫിനിഷനിൽ കോംപീറ്റന്റ് അതോറിറ്റി ഗവണ്മെന്റോ അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. യിൽ നിന്നും ഗവണ്മെന്റ് നിയമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറോ എന്നാണ്. എന്നാൽ ഗവണ്മെന്റ് അതിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന് ഒരേ സമയം കൺകറന്റ് ജൂറിസ്ഡിക്ഷൻ നൽകുന്നത് ശരിയല്ല. ഗവണ്മെന്റ് മാത്രമായാൽ എല്ലാ കാര്യത്തിനും ഗവണ്മെന്റിൽ വരേണ്ടതായി വരും. അതുകൊണ്ട് ഗവണ്മെന്റ് എന്നത് നീക്കണം. ഈ കോംപീറ്റന്റ് അതോറിറ്റി ആര് എന്നുള്ളത് ഗസറ്റിൽ പ്രസിദ്ധീകരിക്കണം. അതാണ് എന്റെ ഭേദഗതി.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115). In sub clause (d) of clause 2, after the words " any officer" and before the words "of the Government" add the following:-

"not below the rank of Superintending Engineer".

കോംപീറ്റന്റ് അതോറിറ്റി means the Government or any officer of the Government in Public Works Department എന്നാണ് പറഞ്ഞത്. any officer not below the rank of Superintending Engineer എന്നാകണം, കാരണം എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഹൈവേ അതോറിറ്റിയായി വന്നിരിക്കുന്നത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(116). In sub clause (f) of clause 2 in item (i) for the words "unauthorised erection of a building", the words "unauthorised erection of a building or a dwelling house" shall be substituted.

(117). In clause 2, sub clause (f) (ii) between the words "occupation of highway" and "for stacking" the words "for automobile workshops" shall be inserted.

(119). In clause 2 sub clause (f) (ii) between the words "description" and "for exhibiting" the words "for parking automobiles for maintenance and repair" shall be inserted.

(131). In clause 2, after sub clause (j), a new sub clause shall be added as (jj):-

"(jj) "parking area" means parking place notified by the authority for the purpose of parking of automobiles".

116-ാമത്തെ ഭേദഗതി ബഹുമാന്യനായ മന്ത്രിക്ക് സ്വീകരിക്കാവുന്നതേയുള്ളൂ. Unauthorised erection of a building or a dwelling house എന്നു കൂട്ടിച്ചേർക്കണമെന്നാണ് ഞാൻ ആ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ പൊന്തിവന്ന ഒരു കാര്യം, റോഡ് സൈഡിലുള്ള മാർഗ്ഗതടസ്സങ്ങൾ മുഴുവൻ ഒഴിവാക്കണം എന്നാണ്. ബഹുമാന്യനായ മന്ത്രിക്കും അറിയാവുന്നതാണ്. നമ്മുടെ ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ ഇന്ന് വ്യാപകമായി റോഡിൽ ഗതാഗതതടസ്സം ഉണ്ടാക്കുന്നതിനുതകുന്ന വിധത്തിലാണ് പലയിടത്തും സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് അതിനകത്ത് or automobile workshop എന്നുകൂടി ചേർക്കണം. ക്ളാസ് 2, സബ് സെക്ഷൻ (എഫ്) സബ് സെക്ഷൻ (2)-ൽ അതു കൂടി ചേർക്കണം എന്നാണ് എന്റെ ഭേദഗതി. പിന്നെ 119. ശ്രീ. കെ.പി. രാജേന്ദ്രൻ പറഞ്ഞതിന് സമാനമായിട്ടുള്ള ഒരു ഭേദഗതിയാണിത്. അവിടെ between the words "description" and "for exhibiting" the words "for parking automobiles for maintenance and repair" shall

LIBRARY ARCHIVES Kerala Legislative Assembly

be inserted. ബഹുമാന്യനായ മന്ത്രിക്ക് അറിയാം. എല്ലാ റോഡുകളിലും റോഡ് സൈഡിലിട്ട് വണ്ടികൾ നന്നാക്കുന്ന ഒരു പ്രക്രിയ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അവരോടുള്ള വിരോധംകൊണ്ട് പറയുകയല്ല. ഏറ്റവും കൂടുതൽ തടസ്സങ്ങൾ, പ്രത്യേകിച്ചും ടൗണുകളിലൊക്കെതന്നെ ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കുന്നത് വണ്ടി വഴിയരികിലിട്ട് പണിയുന്നതുകൊണ്ടും വർക്ക് ഷോപ്പുകൾ അവിടെ സ്ഥാപിച്ചിട്ടുള്ളതുകൊണ്ടും ആണ്. അതുകൂടി ഇതിൽ ഉൾപ്പെടുത്തിയാലേ ഈ നിയമം അങ്ങ് ഉദ്ദേശിക്കുന്ന രീതിയിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ.

131-ാം ഭേദഗതിയിൽ ഒരു സബ് ക്ളാസ് കൂടി ആഡ് ചെയ്യണം എന്നാണ്. Parking area means parking place notified by the authority for the purpose of parking of automobiles. ഇപ്പോൾ ഇവിടെ പറഞ്ഞതാണ്, വണ്ടികൾ പാർക്ക് ചെയ്യുന്നതിന് യാതൊരു നിബന്ധനയുമില്ല. അതിന് പ്രത്യേകമായ ഒരു വ്യവസ്ഥ ഇതിനകത്ത് എഴുതിച്ചേർക്കണം എന്നാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(120). In clause 2 (f) (ii) delete the words "for exhibiting articles for sale", "arches, plateforms rostrums" and add at the end the words "in such a manner as to cause injury to the traffic or the highway".

(126). In sub clause (f) of clause 2, after item (vi) add the following as item (vii):-

"(vii) unauthorised occupation of highway for the usage as parking area or for similar purposes of automobile workshops, weigh bridge, or for the storage of materials of private establishments".

(128). Sub clause (h) of clause 2 shall be recast as follows:-

"(h) "highway" means any road, way or land taken over by the public works department or declared as a highway under section 3 and includes any land acquired or demarcated for construction of a highway".

126-ാമത്തെ ഭേദഗതി അനുസരിച്ച് ഇവിടെ ശ്രീ. ജോണി നെല്ലൂരും ശ്രീ. കെ.പി. രാജേന്ദ്രനും പറഞ്ഞ അതേ ആശയമാണ് എനിക്കും പറയാനുള്ളത്. 2-ാം വകുപ്പിന്റെ (എഫ്) എൻക്രോച്ച്മെന്റിൽ പറയുന്ന 1,2,3,4,5,6,7-ാമതായി എനിക്ക് നിർദ്ദേശിക്കാനുള്ളത് Encroachment means unauthorised occupation of highway for the use of parking area or for similar purposes of automobile workshops, weigh bridge, or for the storage of materials of private establishments എന്ന് ചേർക്കണം എന്നാണ്. വർക്ക്ഷോപ്പ് മാത്രമല്ല വേ ബ്രിഡ്ജുകൾ ഉണ്ട്. അതിനുള്ള സ്ഥലം മാത്രം അവരുടെ കൈവശമുള്ള സ്ഥലത്തായിരിക്കും. അവിടെ വരാനുള്ള ലോറികൾ അരകിലോമീറ്ററിലെ റോഡിൽ പാർക്ക് ചെയ്യുകയാണ്. അതുപോലെ ചില വർക്ക്ഷോപ്പുകൾ, അവരുടെ ഇരുമ്പ്, വലിയ കമ്പികൾ തുടങ്ങിയ ഉപകരണങ്ങൾ സ്റ്റോർ ചെയ്യുന്നത് റോഡിലാണ്. വർക്ക്ഷോപ്പ് 5 സെന്റ് സ്ഥലത്ത് കാണും. ബാക്കി സ്റ്റോറേജ് മുഴുവൻ റോഡിലാണ്. ഇങ്ങനെയുള്ള വർക്ക്ഷോപ്പുകളുടേത്, വേ ബ്രിഡ്ജുകളുടെ പാർക്കിംഗ് ഏരിയ, അതുപോലെ storage of materials അതെല്ലാംകൂടി എൻക്രോച്ച്മെന്റിൽപ്പെടുത്തണം എന്നാണ് എന്റെ 126-ാം ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ പറയുന്നത്. 128-ാം ഭേദഗതിയിൽ, "highway" means any road, way or land declared as highway under Section 3 എന്നുമാത്രമേ പറയുന്നുള്ളൂ. അത് പോര. അതനുസരിച്ചാണെങ്കിൽ ഹൈവേയായിട്ടു പ്രഖ്യാപിക്കുന്ന റോഡിനു മാത്രമേ ആ ഡെഫിനിഷൻ വരുന്നുള്ളൂ. എന്റെ അമെന്റ്മെന്റ് "highway" means any road, way or land taken over by the Public Works Department or declared as a highway under Section 3 and includes any land acquired or demarcated for construction of a highway എന്ന് മാറ്റണമെന്നാണ്. ഒരു ഹൈവേയ്ക്കുവേണ്ടി ഡിമാർക്കേറ്റ് ചെയ്യുന്ന റോഡിന്റെ ഏരിയ, അതും ഈ ഡെഫിനിഷനിൽപ്പെടുത്തിയില്ലായെങ്കിൽ നാളെ സ്കീം ഫൈനലൈസ് ചെയ്യുമ്പോൾ ഈ സ്ഥലങ്ങളെല്ലാം അവരുടെ കൈവശമിരിക്കും.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(122). In clause 2 (f) (iv) delete the word "bathing".

'ബാത്തിംഗ്' ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(123). After item (iv) of sub clause (f) of clause 2, insert a new item as follows:-

"(ivA) Shepherd herds of cattle for slaughtering purpose or for any other purpose through highway causing hindrance to traffiemeant".

(125) After item (vi) of sub clause (f) of clause 2 inserth the following as item (vii) :-

"(vii) to cause the emission of amplified sound or noise through loudspeakers which would prevent the motorists from hearing the blow of horns of vehicles".

(133) Clause 2 (p) shall be recast as follows:-

"(p) "survey" includes all operations for the purpose of preparation and implementation of a highway scheme or highway development, it also includes the measuring of road or road boundaries by electronic means or by using chains and the ascertainment of present or future vehicular population on the road".

മൃഗങ്ങളെ റോഡിലൂടെ നടത്തിക്കൊണ്ടുപോകുന്നതിനെപ്പറ്റിയുള്ള ചർച്ചകളൊക്കെ വന്നുകഴിഞ്ഞു. വളരെ കുറച്ചു റോഡുകൾ മാത്രമേ സംസ്ഥാന ഹൈവേകളായി പ്രഖ്യാപിക്കുന്നുള്ളൂ. ആ സംസ്ഥാന ഹൈവേകൾ തീർച്ചയായും ഗതാഗത സാന്ദ്രമായിട്ടുള്ള റോഡുകളാകുകയും ചെയ്യും. ആ റോഡുകളിലൂടെ മൃഗങ്ങളെ നടത്തിക്കൊണ്ടുപോകുന്നത് ഒരിക്കലും ഗുണകരമല്ല. മാത്രവുമല്ല, ഈ റോഡുകൾക്കെല്ലാം സമാന്തരമായ മറ്റ് ചെറിയ റോഡുകളുണ്ട്. ആ റോഡുകൾ ഈ കാര്യത്തിന് ഉപയോഗിക്കാവുന്നതുമാണ്. അതുപോലെ ഉച്ചഭാഷിണികളുടെ ഉപയോഗം പലപ്പോഴും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന സ്ഥിതിയാണുള്ളത്. അതുപോലെ സർവ്വേയിൽ വെഹിക്കുലാർ പോപ്പുലേഷൻകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ 133-ാമത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(124). In sub clause (f) of clause 2, the following shall be added as item (vii):-

"(vii) occupation of highway for running automobile workshops of permanent or temporary nature".

(134) In sub clause (r) of clause 2 between the words 'animal' and 'motor' the word "mechanical" shall be inserted.

ഇവിടെ പറഞ്ഞ വിഷയങ്ങളോട് യോജിപ്പുള്ളതാണ്. സ്ഥിരമായ നിലയിലും താൽക്കാലികമായ നിലയിലും പാർക്ക് ചെയ്യുന്ന ആട്ടോമൊബൈൽ വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഇതിൽ ശ്രീ. ജോണി നെല്ലൂരിന്റെ 119-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.പി. രാജേന്ദ്രന്റെ 118-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. അതുപോലെ ശ്രീ. കെ. ബാബുവിന്റെ 114-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. അതുപോലെ ഒരു പ്രധാനപ്പെട്ട കാര്യമുള്ളത് ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിയാണ്. മുൻപ് റോഡുകളിൽകൂടി മൃഗങ്ങളെ കൊണ്ടുപോകാൻ പാടില്ലായെന്നുള്ളതായിരുന്നു. നാഷണൽ ഹൈവേ ചീഫ് എൻജിനീയറുമായിട്ട് സംസാരിച്ചപ്പോഴും റോഡിന്റെ സൈഡ് എത്ര ചെയ്താലും അൻപത്, അറുപത് ഗ്രൂപ്പുകളായി വാഹനങ്ങൾക്കും സൈഡു പോലും കൊടുക്കാതെ ലാടം കെട്ടിയ മൃഗങ്ങളെ കൊണ്ടുപോയി റോഡിന്റെ സൈഡു മുഴുവൻ ഇടിയുന്നു. അതുകൊണ്ട് നാഷണൽ ഹൈവേയുടേയും സ്റ്റേറ്റ് ഹൈവേയുടേയും പ്രൊട്ടക്ഷന് ഇത് ആവശ്യമാണെന്ന് പറയുകയുണ്ടായി. പാലക്കാടൊക്കെ വേറെ റോഡിൽകൂടി കൊണ്ടുവരാം; പ്രധാനറോഡുകളിൽക്കൂടെ വേണമെന്നില്ല. റോഡുകളുടെ പ്രൊട്ടക്ഷന് ഇതാവശ്യമാണ്. വേറെ റോഡുകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാം. കന്നുകാലികൾ വന്നാൽ അപകടങ്ങൾ വളരെയാണ്. വാഹനങ്ങൾ ഓടിക്കാൻ പറ്റാത്ത സ്ഥിതിയാണ്. അതുകൊണ്ട് അതിന് ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. ഇടുക്കിയിൽ എല്ലാം ഇത് വലിയ പ്രശ്നമാണ്. മൃഗങ്ങളെ കൊണ്ടുപോകുന്നതിനെതിരെ നാട്ടുകാരെല്ലാം രംഗത്തിറങ്ങി. വാഹനങ്ങൾ ഓടിക്കാൻ പറ്റില്ല. കുമിളിയിൽ വലിയ സമരമായിരുന്നു. പിന്നെ മൃഗങ്ങളെ കൊണ്ടുപോകുന്നത് രാത്രികാലങ്ങളിലേയ്ക്ക് മാറ്റി. പാലക്കാട്-തൃശൂർ റോഡിൽ ഇത് സ്ഥിരമായ പ്രശ്നമാണ്. അവിടെ വേറെ റോഡുകളുണ്ട്. അവിടെക്കൂടി കൊണ്ടുപോകാം. അൽപം സമയംകൂടി എടുക്കുമെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറൊക്കെ ഇതിനോട് യോജിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കുമിളിയിലൊക്കെ പ്രശ്നമുണ്ടായതാണ്. ഒരു പ്രമേയം ഒഫിഷ്യൽ ലവലിൽ കൊണ്ടുവരുമ്പോൾ സ്വീകരിക്കാമെന്നാണ് അന്നു പറഞ്ഞത്. എന്നാൽ പ്രായോഗികവശങ്ങൾ നോക്കിയിട്ട് സഭയുടെ ഒപ്പീനിയൻ അനുസരിച്ച് എടുക്കാമെന്നാണ് തോന്നുന്നത്. അതിന് രണ്ടുമിനിറ്റ് സമയം തരണം. ഈ സംസ്ഥാനത്തെ റോഡു സംരക്ഷിക്കുന്നതിന് അതാവശ്യമാണ്, അപകടമൊഴിവാക്കാൻ അതാവശ്യമാണ്. നോട്ടിഫൈ ചെയ്യുന്ന റോഡൊഴിച്ച് ബാക്കി റോഡിൽക്കൂടി കൊണ്ടുവരാമെന്നുള്ളത് സ്വീകരിക്കണോ വേണ്ടായോ എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഭരണപ്രതിപക്ഷ വ്യത്യാസമില്ല. സഭയുടെ അഭിപ്രായമനുസരിച്ച് തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : ഇവിടെത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ചന്ദ്രശേഖരൻ നായർ പ്രസ്താവിച്ചു. ഈ സംസ്ഥാനത്ത് കുളമ്പു രോഗമുണ്ടാക്കുന്നത് മുഴുവനും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മാടുകളാണെന്ന്. അതിർത്തിയിൽ ഈ മൃഗങ്ങളെ നിർത്തിയിട്ട് സ്ലാട്ടർ ഹൗസ് ഉണ്ടാക്കി അവിടെനിന്നും മാംസം കൊണ്ടുവരാനുള്ള സംവിധാനമുണ്ടാക്കുമെന്ന് മൃഗസംരക്ഷണവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഇതിന് നിയന്ത്രണമുണ്ടാക്കുന്നത് നല്ലതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : റോഡുകളിൽകൂടി വാഹനങ്ങളിൽമാത്രമേ മൃഗങ്ങളെ ട്രാൻസ്പോർട്ട് ചെയ്യാവൂ എന്നും നിയമമുണ്ടല്ലോ. അപ്പോൾ പിന്നെ നടത്തിക്കൊണ്ടുപോകാൻ ഇന്ന റോഡു പറ്റും ഇന്ന റോഡ് പറ്റില്ല എന്നുപറയാൻ പറ്റുമോ? കന്നുകാലികളെ നടത്തിക്കൊണ്ടുപോകാൻ പാടില്ല.

ശ്രീ. പി.ജെ. ജോസഫ് : ചില ആശങ്കകളൊക്കെ പ്രകടിപ്പിച്ചുവെങ്കിലും ഇപ്പോഴത്തെ നിലയിൽ ബഹുഭൂരിപക്ഷം മൃഗങ്ങളെയും വാഹനങ്ങളിലാണ് കൊണ്ടുവരുന്നത്. ധാരാളമായി വാഹനങ്ങളിൽ കൊണ്ടുവരുന്നുണ്ട്. അതല്ലാതെ നടത്തിക്കൊണ്ടുപോകണമെങ്കിൽ വേറെ റോഡുകളുണ്ട്. അതുകൊണ്ട് പൊതുവേ പ്രശ്നമുണ്ടായാൽ അതിനെപ്പറ്റി അപ്പോൾ ആലോചിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : മിനിസ്റ്റർ ഇതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതിനുമുൻപ് ഇടുക്കിയിലെയും പാലക്കാട്ടെയും എം. എൽ.എ. മാരുടെ അഭിപ്രായം ചോദിക്കണം, അതിനുശേഷം തീരുമാനമെടുക്കാം.

മി. സ്പീക്കർ : ആലോചിക്കാൻ സമയം ആവശ്യമുണ്ടെങ്കിൽ ഇത് മാറ്റിവയ്ക്കാം.

ശ്രീ. പി.ജെ. ജോസഫ് : എന്നാൽ 123-ാം നമ്പർ ഭേദഗതി അവസാനമെടുക്കാം. ഞാൻ എല്ലാവരുടെയും അഭിപ്രായം ചോദിച്ചുകൊള്ളട്ടെ.

മി. സ്പീക്കർ : ഈ വകുപ്പ് മാറ്റിവയ്ക്കാം. നമുക്ക് അടുത്ത വകുപ്പിലേയ്ക്ക് കടക്കാം. 2-ാം വകുപ്പ് പാസ്സാക്കുന്നത് മാറ്റിവയ്ക്കാം.

(2-ാം വകുപ്പിന്റെ പരിഗണന മാറ്റിവച്ചു).

3-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ എന്റെ 135, 151 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നില്ല. എങ്കിലും ഒരു വാക്ക് പറയാനുണ്ട്. ഗവണ്മെന്റിന് ഗസറ്റ് വിജ്ഞാപനപ്രകാരം ഏതു റോഡുകളും നോട്ടിഫൈ ചെയ്യാമെന്ന് പറയുമ്പോൾ നമ്മൾത്തന്നെ പാസ്സാക്കിയിട്ടുള്ള പഞ്ചായത്ത് രാജ് - നഗരപാലികാ ബില്ലുകളനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരം, അവരുടെ കൈയിലുള്ള റോഡുകൾ, അവരുടെ അനുവാദമില്ലാതെ, അല്ലെങ്കിൽ അവരുടെ റെസലൂഷനില്ലാതെ കൺസൾട്ടേഷനില്ലാതെ ഗവണ്മെന്റ് ഏകപക്ഷീയമായി നോട്ടിഫൈ ചെയ്യാമെന്നു പറയുന്നത് ശരിയല്ലായെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഞാൻ ഇത് മൂവ് ചെയ്യുന്നില്ല. അതു ശരിയല്ല. ജില്ലാ പഞ്ചായത്തിന്റെ റോഡും അതുപോലുള്ള പഞ്ചായത്തുകളുടെ റോഡുകളുമുണ്ട്. അത് ഗൗരവമുള്ള പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(136) In clause 3(1) after the word "Gazette" and before the words "declare any" the following words shall be inserted "with the recommendation of the Local Self Governemnts through which the highway passess".

(137) In clause 3(1) the words "appurtenant thereto" shall be omitted.

136-ാം നമ്പർ ഭേദഗതി ശ്രീ. കെ.പി. രാജേന്ദ്രൻ മൂവു ചെയ്യുന്നില്ലായെന്നു പറഞ്ഞതു തന്നെയാണ്, ആശയം അതുതന്നെയാണ്. ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ ഒരു ഹൈവേ പ്രഖ്യാപിക്കുമ്പോൾ ആ ഹൈവേ കടന്നുപോകുന്ന സ്ഥലത്തെ ലോക്കൽ സെൽഫ് ഗവണ്മെന്റിന്റെ ശുപാർശകൂടി വാങ്ങണമെന്നാണ് ഈ ഭേദഗതിക്കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ബുദ്ധിമുട്ടുമില്ലാത്തതാണിത്. പഞ്ചായത്തിന്റെ അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റിയുടെ ഇതു ഹൈവേയാക്കണമെന്ന ഒരു റെസലൂഷൻകൂടി ഉണ്ടാകണം എന്ന് ചേർക്കണമെന്നാണ് എന്റെ ഭേദഗതി. 137 നെക്കുറിച്ച് ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(139) In clause 3(1) after the words "as a state highway" insert the words "or a hill highway".

(140) In the explanation to clause 3(1) after the words "or a Major District Road" insert the words "or another district road or village road".

(146) In the explanation to clause 3(1) after the words "as a major district road" insert the words "or another district road".

3-ാം വകുപ്പിൽ Declaration of roads, ways or land as highway. അവിടെ പറയുന്നത് to be a highway and classify it as a state highway എന്നാണ്. എന്റെ അമെന്റ്മെന്റ് അതിനുശേഷം or a hill highway or a major district road എന്നു മാറ്റണം എന്നാണ്. കാരണം ഇപ്പോൾ ഹിൽ ഹൈവേ അംഗീകരിച്ച് ഫൈനലൈസ് ചെയ്തിരിക്കുകയാണ്. അതിന്റെ ഒരു ഒമിഷൻ നാളെ ചിലപ്പോൾ പ്രയാസമുണ്ടാക്കിയെന്നുവരാം. 140-ൽ പറയുന്നത് ഇവിടെ മേജർ ഡിസ്ട്രിക്റ്റ് റോഡിന്റെകൂടെ ഒ.ഡി.ആർ. കൂടി ഉൾപ്പെടുത്തണം എന്നാണ്. അതു വളരെ ശക്തമായ അഭിപ്രായമാണ്. കാരണം ഇപ്പോൾ അധികാര കൈമാറ്റത്തിനുശേഷം എല്ലാ ജില്ലകളിലും റോഡുകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. കാരണം ജില്ലാ പഞ്ചായത്തുകൾക്ക് വർക്കു ചെയ്യാൻ പണമില്ല. അലോക്കേഷൻ പോര. പി.ഡബ്ല്യു.ഡി. ക്ക് ചെയ്യാൻ കഴിയുന്നില്ല. കണ്ണൂർ ജില്ലയിൽ പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്ത് സമ്മതിക്കുകയാണെങ്കിൽ റോഡു ചെയ്യാമെന്നു പറഞ്ഞു. ജില്ലാ പഞ്ചായത്ത് പറഞ്ഞു ഞങ്ങൾ സമ്മതിക്കാൻ തയ്യാറല്ലെന്ന്. അവർ റോഡ് വിട്ടുകൊടുക്കുകയില്ല. അവർ റോഡ് ചെയ്യുകയുമില്ല. അങ്ങനെ ഈ ഒ.ഡി.ആർ. റോഡുകളുടെ നിർമ്മാണപ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് റോഡ് നന്നാകണമെങ്കിൽ പി.ഡബ്ല്യു.ഡി. യെ കൊണ്ടേ സാധിക്കുകയുള്ളൂ. ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകൊണ്ട് ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ഹൈവേയുടെ ഡിക്ളറേഷൻ ആ പ്രൊവിഷനകത്ത് സ്റ്റേറ്റ് ഹൈവേ അല്ലെങ്കിൽ ഹിൽ ഹൈവേ അല്ലെങ്കിൽ എം.ഡി.ആർ. അല്ലെങ്കിൽ ഒ.ഡി.ആർ എന്ന് ഉൾപ്പെടുത്തണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(148) In the explanation to clause 3(1) after the words "cities or towns" add the words "or important places of tourists interest or pilgrim centres".

അതിൽ ക്ളാസ് 3-ൽ എക്സ്പ്ളനേഷൻ പറഞ്ഞതിൽ cities or towns റോഡ് ഡിക്ളയർ ചെയ്യുന്ന കാര്യം പറഞ്ഞത് important cities within the State എന്നുപറഞ്ഞതിൽ cities and towns എന്നുകഴിഞ്ഞതിനുശേഷം ഞാൻ പറയുന്നത് important places of tourist interest or pilgrim centres എന്ന് ചേർക്കണമെന്നാണ്. അത് ശബരിമല പോലെയുള്ള സ്ഥലങ്ങളൊക്കെ വരണം. ടൂറിസം ഇമ്പോർട്ടൻസുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തണം. അതുമാത്രമേ പറയുന്നുള്ളൂ.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(149) After the existing explanation to clause 3(1) the following explanation shall be added namely:-

"Explanation II – Prior to the declaration of any major district road or arterial routes of the State linking district headquarters as Highway the Government shall seek the opinion of the respective district panchayats".

സർ, നമ്മുടെ ജനാധിപത്യ സങ്കൽപ്പത്തിൽ ത്രിതല പഞ്ചായത്തുകളുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്ര ഗവണ്മെന്റ് എക്സ്പ്രസ് ഹൈവേ ആരംഭിക്കുമ്പോൾ സംസ്ഥാനങ്ങളുമായി ആലോചിക്കുന്നില്ല എന്നുള്ള പരാതികൾ നമ്മുടെഭാഗത്തു നിന്നു ഉയർന്നുവരാറുണ്ട്. അതുകൊണ്ട് ഇത്തരം ഹൈവേകൾ പ്രഖ്യാപിക്കുമ്പോൾ അതു കടന്നുപോകുന്ന പ്രസ്തുത സ്ഥലത്തെ ജില്ലാ പഞ്ചായത്തുകളോട് അഭിപ്രായം ആരായണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(156) In clause 3(2) the words "in which one shall be an English Newspaper" shall be added at the end.

സർ, രണ്ടു പത്രം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ ഒരെണ്ണം ഇംഗ്ളീഷ് പത്രമാക്കണമെന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. 148-ൽ ഭേദഗതി ചെയ്യേണ്ടിവരും. ആശയത്തോട് യോജിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച മറ്റു ഭേദഗതികളും ശ്രീ. ജോണി നെല്ലൂർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(157) In clause 4(1) for the words "appoint an officer" the words "appoint such number of officers" shall be substituted and the words "as may be specified in the notification" shall be added at the end.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(158) In clause 4(1) for the words "Executive Engineer" substitute the words "Superintending Engineer" and after the words "for a highway" add the words "or class of".

സർ, ഹൈവേ അതോറിറ്റി ആരായിരിക്കണമെന്നതിനെ സംബന്ധിച്ചാണ്. നിയമത്തിൽ എക്സിക്യൂട്ടീവ് എൻജിനീയർ എന്നാണ് പറഞ്ഞിരിക്കുന്നത്. അതു ബില്ലിന്റെ പ്രാധാന്യം കളയുകയാണ്. എന്റെ ഭേദഗതിയിൽ സൂപ്രണ്ടിംഗ് എൻജിനീയർ എന്നാണ് പറഞ്ഞിരിക്കുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഫിനാൻഷ്യൽ പവേഴ്സില്ല. എന്റെ ഭേദഗതി സൂപ്രണ്ടിംഗ് എൻജിനീയർ എന്നാണ്. പക്ഷെ എന്റെ നിർദ്ദേശം ചീഫ് എൻജിനീയർ എന്നാക്കണമെന്നാണ്. എന്നാൽ മാത്രമേ ബില്ലിന് സഭയിൽ പാസ്സാകുന്ന ഗൗരവമുണ്ടാകുകയുള്ളൂ.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(162) In clause 4(1) for the words "an Executive Engineer" the words "a Joint Secretary to Government" shall be substituted.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(163) Clause 4 shall be substituted by the following namely:-

"4. Appointment of highway authorities, - for the purpose of exercising the powers and performing the duties of a highway authority under this Act for such area or for a highway, or part of a highway, the Government shall appoint the Executive Engineer (Roads) of Public Works Department as highway authority of the respective areas".

സർ, ഇതിനകത്ത് ഹൈവേ അതോറിറ്റി എന്നു പറയുന്നത് എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യൂ.ഡി. എന്നാണ്. എക്സിക്യൂട്ടീവ് എൻജിനീയർ റോഡ്സുണ്ട്, ബിൽഡിംഗ്സുണ്ട്, ലോക്കൽ വർക്ക്സുണ്ട്. അതുകൊണ്ട് Executive Engineer റോഡ്സ് എന്നുതന്നെ ആക്ടിൽ വ്യവസ്ഥ ചെയ്യുന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

നല്ലത്. കാരണം, ലോക് അയുക്തയിൽ ആറു മാസം കൊടുത്തിട്ട് അവിടെ competent authority യെ fix ചെയ്യാൻ പറ്റിയില്ല. അതുപോലുള്ള താമസം ഒഴിവാക്കാൻ വേണ്ടിയാണ് ആക്ടിൽ തന്നെ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) ആയിരിക്കും അതോറിറ്റി എന്ന് വ്യവസ്ഥ ചെയ്യണമെന്ന് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതിയിൽ 'എക്സിക്യൂട്ടീവ് എൻജിനീയർ റോഡ്സ്' എന്നുള്ളത് സ്വീകാര്യമാണ്. വാക്കുകൾ മോഡിഫൈ ചെയ്യേണ്ടിവരും. ഭേദഗതി ചെയ്ത രീതി രണ്ടാമത് മോഡിഫൈ ചെയ്തു കൊണ്ടുവരാം. 'റോഡ്സ്' എന്നു മാത്രമേയുള്ളൂ. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : അത് ഇതിന്റെ കൂടെ അഡോപ്റ്റ് ചെയ്യണം.

ശ്രീ. പി.ജെ. ജോസഫ് : ഇതിന്റെ കൂടെ തന്നെയാണ്. രണ്ട് മൂന്നു മിനിറ്റു വേണ്ടിവരും.

ശ്രീ. ആര്യാടൻ മുഹമ്മദ് : Rules of procedure അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് കറക്ട് ചെയ്യാൻ അധികാരമുണ്ട്.

മി. സ്പീക്കർ : ഒരു ഭേദഗതി മാത്രമല്ല, എല്ലാ ഭേദഗതികളും അങ്ങനെ അഡോപ്റ്റ് ചെയ്യാൻ പറ്റുകയില്ല.

ശ്രീ. പി.ജെ. ജോസഫ് : ഈ കാര്യത്തിൽ ക്ളിയറാണ്. എക്സിക്യൂട്ടീവ് എൻജിനീയർ, റോഡ്സ് എന്നുതന്നെയാണ് ചേർത്തിരിക്കുന്നത്.

മി. സ്പീക്കർ : അതു പിന്നീട് കൺഫ്യൂഷനുണ്ടാക്കും. ഞാൻ പറയേണ്ട കാര്യമില്ലല്ലോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോണി നെല്ലൂർ, ശ്രീ. പാലോട് രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(164) In clause 5(a), after the words "to execute" add the word "highway".

(165) In clause 5(b) add the words "of highways" at the end.

(166) In clause 5(c) add "on highways or lands appurtaining thereto" at the end.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly

ഹൈവേകൾക്ക് കൂടുതൽ ഇംപോർട്ടൻസ് കിട്ടാൻ വേണ്ടിയാണ് ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്. ഈ മൂന്നു ഭേദഗതികളും കറസ്പോണ്ടിംഗാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(171) In clause 5 the following shall be substituted as (d).

"(d) to prevent and remove unauthorised planting of trees on roadsides".

(172) In clause 5 the following shall be substituted as (e)

"(e) to prevent and remove sticking of bills on signal boards, milestones, and other boards placed by the authority or by the Government".

(173) In clause 5, the following shall be added as (f) and (g)

"(f) to prevent and remove banners and electronic display boards on roadsides.

(g) to prevent and remove statues on roadsides.

(174) In clause 5, "(d)" and "(e)" shall be renumbered as "(h)" and "(i)" respectively.

സർ, Powers and functions of highway authority എന്നതിനകത്ത് ചില കാര്യങ്ങൾ ചേർക്കണം. 171-ൽ to prevent and remove unauthorised planting of trees on roadsides എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ രാഷ്ട്രീയ പാർട്ടികൾ ഒരു ഇലവുമരം റോഡിൽ നട്ടിട്ട് പിന്നീട് അതിന്റെ പണി എടുക്കാനുള്ള തർക്കംവരെ ഇന്നു നടത്തുകയാണ്. അതു മുറിച്ചുമാറ്റുന്നില്ല. രാഷ്ട്രീയ സ്വാധീനം കൊണ്ടാണ് അങ്ങനെ വരുന്നത്. അതുകൊണ്ട് ഇതുപോലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ അധികാരം വേണം. 172-ൽ സബ്സ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നാണ്. To prevent and remove sticking of bills on signal boards milestones and other boards placed by the authority or by the Government. മൈൽ സ്റ്റോണുകൾ, കിലോമീറ്റർ സ്റ്റോണുകൾ, നെയിം സ്റ്റോണുകൾ എന്നിവയിലെ സ്റ്റിക്കർ ഒട്ടിച്ചിരിക്കുകയാണ്. വെളിയിൽ നിന്ന് ഒരാൾ ഇവിടെ വന്നാൽ എത്ര കിലോമീറ്റർ സഞ്ചരിക്കണം. ഇത് ഏതു സ്ഥലമാണ് എന്നറിയാൻ പറ്റുകയില്ല. അതുകൊണ്ട് സ്പെസിഫിക്കായിട്ട് ഇതിനകത്ത് ഒരു ക്ളാസ് വേണം. 173 ഒരു പുതിയ സബ് ക്ളാസ്സാണ്.

(f) to prevent and remove banners and electronic display boards on roadsides എന്നാണ്. ചില സ്ഥലത്ത് ഇലക്ട്രോണിക് ഡിസ്പ്ളേ ബോർഡുകൾ ഉണ്ട്. വാഹനം ഓടിച്ചുപോകുന്നവർ അതു കണ്ടിട്ട് പെട്ടെന്ന് വാഹനം നിർത്തി എത്തിനോക്കിയാൽ അപകടമുണ്ടാകും. അതുകൊണ്ട് ഞാൻ പറയുന്നത്, to prevent and remove banners and electronic display boards on roadsides എന്ന് കൂടി ചേർക്കണം. കൂടാതെ to prevent and remove statues on roadsides. റോഡുസൈഡിലുള്ള സ്റ്റാച്യൂസിന്റെ കാര്യമാണ്. നിയമത്തിൽ ഇത് വ്യവസ്ഥ ചെയ്താൽ വലിയ ചർച്ചയില്ലാതെ കാര്യങ്ങൾ നടത്താം. അല്ലെങ്കിൽ എല്ലാവരെയും വിളിച്ച് സംസാരിക്കാൻ നിന്നാൽ എന്ത് ഉദ്ദേശത്തിൽ ഈ ബിൽ കൊണ്ടുവന്നോ, ആ പർപ്പസ് സെർവ് ചെയ്യാൻ പറ്റുകയില്ല എന്നതുകൊണ്ട് സ്പെസിഫിക്കായിട്ട് ഇതിനകത്ത് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

174 എന്ന് പറയുന്നത് shall be renumbered. റീ നമ്പർ ചെയ്യണമെന്നാണ്. അതു മാത്രമേയുള്ളൂ. ഈ പറഞ്ഞ കാര്യങ്ങൾ ബില്ലിൽ പറഞ്ഞുപോയാൽ പർപ്പസ് സെർവ് ചെയ്യും. അല്ലെങ്കിൽ പർപ്പസ് സെർവ് ചെയ്യുകയില്ല. അതുകൊണ്ടാണ് ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(176) In clause 5 the following shall be added as (d) and other items shall be renumbered accordingly.

"(d) to execute proper maintenance".

(177) In clause 5 after item (c) the following items shall be inserted as (d) and (e) and the existing items (d) and (c) shall be renumbered as (f) and (g).

"(d) to rehabilitate the hutmeant dwellers evicted from road porampokes",

"(e) to maintain the Highways in proper condition".

(180) In clause 5 the following shall be added as (e) and other items renumbered accordingly.

"(e) to collect user charges".

ഇതിൽ പവേഴ്സ് ആന്റ് ഫംഗ്ഷൻസ് ഓഫ് ഹൈവേ എന്നു പറയുന്നതിൽ രണ്ടുമൂന്നു കാര്യങ്ങൾ കൂടി ചേർക്കണമെന്നാണ് ഈ ഭേദഗതികൾ കൊണ്ടുദ്ദേശിക്കുന്നത്. നമ്മളുദ്ദേശിക്കുന്ന ഫലം ഉളവാകണമെങ്കിൽ 176-ാം ഭേദഗതിയനുസരിച്ച് to execute proper maintenance എന്ന് കൂടി കൂട്ടിച്ചേർക്കണം. 177-ൽ റോഡു പുറമ്പോക്കുകളിൽ ചെറിയ കുടിലുകൾ കെട്ടി താമസിക്കുന്ന ധാരാളം ആളുകളുണ്ട്. അവരെ ഒഴിവാക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള അധികാരം കൂടി നമ്മുടെ ഹൈവേ അതോറിറ്റിക്കു കൊടുക്കണമെന്നുള്ളതാണ്. മറ്റൊന്ന് 180-ൽ to maintain the highways in proper condition എന്നാണ്. അതും നിയമം നടപ്പിൽ വരുത്തുമ്പോൾ എല്ലാ വിധത്തിലും കുറ്റമറ്റതാക്കാനുള്ള ഒരു ഭേദഗതി ആയിട്ട് കൂട്ടിച്ചേർക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(178) After clause 5(d) insert a new item (dd) as follows:-

"(dd) to purchase and procure cranes and recovery vehicles for recovering or removing motor vehicles involved in accidents".

ഹൈവേകളിൽ വളരെയേറെ അപകടങ്ങളുണ്ടാകുന്നു. അതുകൊണ്ട് ഹൈവേ അതോറിറ്റിയുടെ പ്രവർത്തനം കുറേക്കൂടി വിപുലപ്പെടുത്തണമെന്നാണ് എനിക്ക് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(181) In clause 5 add the following proviso:

"provided for any change in structural plan for an area, the Highway authority shall consult the concerned development authorities".

LIBRARY ARCHIVES Kerala Legislative Assembly

ഇത് powers and functions of Highway authority എന്നാണ്. ഇപ്പോൾ നമ്മുടെ മിക്കവാറും നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുണ്ടാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല നമ്മുടെ പുതിയ ബിൽഡിംഗ് റൂൾസ് അനുസരിച്ച് താഴേക്ക് അധികാരം കൊടുത്തിട്ടുണ്ട്. അപ്പോൾ ആ സ്ട്രക്ചറൽ പ്ലാനുമായി ബന്ധിപ്പിക്കുന്ന ഒരു പുതിയ അലൈന്റ്മെന്റ് വന്നുകഴിഞ്ഞാൽ ചിലപ്പോൾ നോട്ടിഫിക്കേഷൻ അറിയാതെ അവരും എടുത്തെന്നിരിക്കും. അതുകൊണ്ട് ഡെവലപ്മെന്റ് അതോറിറ്റിയുമായി കൺസൾട്ട് ചെയ്യുന്ന ഒരു പ്രൊവിസോയാണ് ഞാൻ കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ ഭേദഗതികളൊന്നും തന്നെ സ്വീകാര്യമല്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. തമ്പാനൂർ രവി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(183) In clause 6(1) (d) (iv) the words "so far as feasible" shall be deleted.

(191) In the proviso (iii) to clause 6(i)(d), the words "reasonable opportunity and facility shall be allowed" shall be deleted and the following shall be added.

"suitable rehabilitation shall be given".

(201) In clause 6(1) (d) after the words "standing crop" and before the word "or", the following words shall be added.

"after giving prior notice to the owner".

(204) In the proviso (ii) to clause 6(1)(d) after the word "entered" and before the word "except", the following shall be added.

"or without giving rehabilitation facility".

(208) In clause 6, the following shall be added as sub clause "(3)".

"(3) If the owner or occupier had any complaint, he can appeal to Government".

Power to enter on land for survey in connection with a highway scheme. So far as feasible എന്ന വാക്കുകൾ ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് 183-ാം നമ്പർ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 191-ാം നമ്പർ ഭേദഗതി പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് എന്റർ ചെയ്യുന്ന സമയത്ത് സ്ത്രീകൾ താമസിക്കുകയാണെങ്കിൽ അവിടെ suitable rehabilitation shall be given എന്നുകൂടി ചേർക്കണമെന്നുള്ള താണ്. റീഹാബിലിറ്റേഷനുശേഷം മാത്രമേ നടപടിയുണ്ടാകാവൂ എന്നാണ് പറയുന്നത്. 201-ാം നമ്പർ ഭേദഗതി after the words standing crop and before the word "or" after giving prior notice to the owner എന്നു ചേർക്കണമെന്നാണ്. എടുക്കാം, പക്ഷേ പ്രയറായി ഒരു നോട്ടീസ് ഓണർക്ക് കൊടുക്കണം. കൊടുത്തിട്ട് അതെടുക്കാമെന്നാണ്. 204-ാം നമ്പർ ഭേദഗതിയിൽ ഒരു ക്ളാസ് ആഡ് ചെയ്യണമെന്നാണ് പറയുന്നത്. Without giving rehabilitation facility ഇത് വെളിപ്പെടുത്താതെ എടുക്കുന്ന ആളുകൾക്ക് റീഹാബിലിറ്റേഷൻ ഫെസിലിറ്റീസ് കൊടുത്തിട്ടേ ഏറ്റെടുക്കാൻ പറ്റുകയുള്ളൂ എന്നാണ്. 208-ാം നമ്പർ ഭേദഗതിയിൽ If the owner or occupier had any complaint, he can appeal to the Government എന്നാണ്. ഈ അതോറിറ്റി ബലാൽക്കാരമായി മറ്റൊരു പ്രശ്നത്താൽ ഓക്കുപ്പൈ ചെയ്തുകഴിഞ്ഞാൽ should give a chance to appeal the matter before the Government. ഇതാണ് എന്റെ അമെന്റുമെന്റ്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(188). In clause 6(1) for "highway scheme" substitute "highway or scheme thereof with police assistance if necessary".

(189) In clause 6(1)(d) for "standing crop" substitute "growing crops or standing timber".

(194) In clause 6(1) after the words "a highway scheme" and before the word "and" the following shall be added:-

"after giving seven day's notice".

(195) In clause 6(1) (a) after "workmen" add "police force".

(196) In clause 6(1) (c) after "cutting trenches" add "or planting stones".

194-ാം നമ്പർ ഭേദഗതിയെക്കുറിച്ചു മാത്രമേ സംസാരിക്കുന്നുള്ളൂ. Power to enter on land for survey in connection with a highway scheme – (1) The highway authority or any officer not below the rank of an Assistant Engineer of Public Works Department or any agency authorised by the highway authority in this behalf, may undertake a survey in connection with a highway scheme and may for this purpose. എന്നു കഴിഞ്ഞിട്ട് after giving seven days notice എന്നാണ്. കാരണം നോട്ടീസ് കൊടുക്കാതെ മറ്റുള്ളവരുടെ വസ്തുവിൽ കയറി (a) enter upon any land ..... (b) mark such levels, dig or bore into the subsoil and do all other acts necessary to ascertain whether the land is suitable or not, അതുകൊണ്ട് 7 ദിവസത്തെ നോട്ടീസ് സാമാന്യ നീതിക്ക് കൊടുക്കേണ്ടതാവശ്യമാണ്. ആ നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ അതിന് സ്റ്റേ കൊണ്ടുവരികയെന്നുള്ളതാണ്, കാരണം അയാൾക്ക് പിന്നെ തർക്കം ഉന്നയിക്കാൻ പറ്റാത്തവിധത്തിൽ 7 ദിവസത്തെ നോട്ടീസ് കൊടുക്കണമെന്നുള്ള ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

[4 PM]

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(190) The proviso to clause 6(1) (d) shall be substituted by the following:

"(i) No such entry shall be made into a dwelling house or a place of worship

(ii) due regard shall be had to the social and religious customs and usages of the owners of the premises entered upon

(iii) no act causing permanent injury to the land or building thereon shall be committed.

ക്ലാസ് 6(1)(ഡി)യിൽ ഒരു പ്രൊവിസോ കൊടുത്തിട്ടുണ്ട്. അതുസംബന്ധിച്ചാണ് എനിക്ക് സംശയവും തർക്കവുമൊക്കെയുള്ളത്. ഡിപ്പാർട്ടുമെന്റിലെ ചിലർ എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്യാതിരിക്കണം എന്നുള്ള കാര്യങ്ങൾ വ്യവഹരിക്കുന്ന ഇടമാണത്. സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും ഇടയ്ക്ക് കയറരുത്, താമസിക്കുന്നവരുടെ സമ്മതത്തോടുകൂടിയോ അല്ലെങ്കിൽ 48 മണിക്കൂർ നോട്ടീസോടുകൂടിയോ മാത്രമേ കയറാൻ പാടുള്ളൂ, താമസിക്കുന്ന സ്ഥലത്തെ സ്ത്രീക്ക് ഇറങ്ങി മാറാൻ വേണ്ടത്ര സമയം കൊടുത്തിട്ടേ കയറാവൂ, സാമൂഹ്യവും മതപരവുമായ ആചാരങ്ങൾക്ക് കഴിയുന്നത്ര പരിഗണന നൽകണം, അവിടെ പറ്റുന്ന വിധത്തിൽ So far as feasible, എന്നാണ് പറയുന്നത്. ഈ പ്രൊവിസോയൊക്കെ എന്തിനാണെന്നറിയാമോ? പി.ഡബ്ല്യൂ.ഡി.യിൽ ഒരു എ.ഇ.യിൽ താഴാത്ത റാങ്കുള്ള ഒരുദ്യോഗസ്ഥന് സ്വന്തം തൊഴിലാളികളോടും സർവ്വേ ടീമിനോടുമൊപ്പം ഏതു ഭൂമിയിൽ വേണമെങ്കിലും കയറി അളവെടുക്കാനും ലവൽ മാർക്കു ചെയ്യാനും കുഴിക്കാനും അധികാരമുണ്ട്. Dig or bore എന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. എന്നുമാത്രമല്ല അതുകഴിഞ്ഞ് do all other acts necessary to asecertain whether the land is suitable or not;---------- അപ്പോൾ എന്തും ചെയ്യാം. ഈ ടീമിനോടൊപ്പം അവിടെ കയറിച്ചെന്ന് എന്തും ചെയ്യാം. സർവ്വേ മാർക്കിടാൻ, ട്രഞ്ചസ് കട്ട് ചെയ്യാൻ, ഇതിനൊക്കെ ഉപരിയായി cut down and clear any part of a standing crop, or fence in cases where survey cannot be completed, levels taken or boundaries marked otherwise: ഇതൊക്കെ ചെയ്യാനാണ് ഈ പ്രൊവിസോ കൊടുത്തിരിക്കുന്നത്. അപ്പോൾ ഈ നിയമം പാസ്സാക്കി നാട്ടിലേക്കുപോയാൽ തല്ലുകൊള്ളാതിരിക്കാൻ പുറത്ത് പാളയും കെട്ടിവച്ച് നടക്കേണ്ടി വരും. അളവുകാർക്ക് എന്ത് തോന്ന്യാസവും കാണിക്കാനുള്ള ഒരു പ്രൊവിസോയാണിത്. യാതൊരു കാരണവശാലും അവർ ഇങ്ങനെ വീടുകളിൽ കയറാൻ അനുവദിക്കരുത്, ആരാധനാലയങ്ങളിലും അവർ അങ്ങനെ കയറണ്ട. ഇപ്പോഴിവിടെ റീസർവ്വേ നടത്തിയപ്പോൾ വീടുകളിലും ആരാധനാലയങ്ങളിലും കയറിയല്ലല്ലോ റീസർവ്വേ നടത്തിയത്? അതുപോലെ സർവ്വേയ്ക്കുവരുന്നവർ ഭൂമിക്ക് സ്ഥിരമായി തകരാറുണ്ടാക്കുന്ന കാര്യങ്ങളൊന്നും ചെയ്യാൻ പാടില്ല. അത് വളരെ ഇംപോർട്ടന്റായി ഞാനാഗ്രഹിക്കുന്ന കാര്യമാണ്. ഹൈവേയുടെ അലൈൻമെന്റ് ചിലപ്പോൾ മാറും, അല്ലെങ്കിൽ അളക്കുന്ന അത്രയും വേണ്ടിവരില്ല, ആ സ്ഥിതിക്ക് ഭൂമിക്ക് സ്ഥിരമായി തകരാറുണ്ടാക്കാൻ പാടില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(192) In clause 6(2) the words "Payable by the highway authority" shall be substituted by the words "payable forthwith by the highway authority".

"Payable by the Highway authority"..... എന്നുള്ളതിൽ forthwith എന്നുകൂടി കൂട്ടിച്ചേർക്കണമെന്നാണ് ഞാൻ ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(195) In sub-clause 2 of clause 6 the words after the word "district" shall be substituted by the following words "and the Collector will take a decision thereon within thirty days".

നഷ്ടപരിഹാരത്തെക്കുറിച്ചുള്ള തർക്കങ്ങൾ ജില്ലാ കളക്ടർക്ക് റഫർ ചെയ്തുകഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ കളക്ടർ തീരുമാനം എടുത്തിരിക്കണമെന്നാണ് എന്റെ ഭേദഗതിയിൽ പറയുന്നത്.

ശ്രീ. എം.കെ. മുനീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(197) In clause 6(1)(d) add the following words in the beginning "give notice to the owner or occupier of the land to" ക്ലാസ്സ് 6(1)(ഡി) തുടങ്ങുന്നതിനു മുമ്പായി give notice to the owner or occupier of the land to cut down and clear any part of a standing crop, എന്നു ചേർക്കണമെന്നാണ് പറയുന്നത്. അതുപോലെ 185-ാം നമ്പർ ഭേദഗതിയുണ്ട്. അതിൽ ഇവിടെ പറഞ്ഞ സർവ്വേയിൽ പ്രവേശിക്കുന്ന പരിസരത്ത് താമസിക്കുന്നവരുടെ സാമൂഹ്യവും മതപരവുമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും സാധ്യമാകുന്നിടത്തോളം എന്നൊരു വരിയുണ്ട്. അല്ലെങ്കിലേ അർഹമായ പരിഗണന നൽകേണ്ടതാണ്. അത് ഡിലീറ്റ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(202) In clause 6(1)(d) proviso and the following as item (i) and renumber the remaining items

"(i) no such entry shall be made into a place of worship".

സർവ്വേയ്ക്കു വരുന്നവരുടെ നെഗ്ളിജൻസുകൊണ്ട് നഷ്ടമുണ്ടാകാൻ പാടില്ല. അവർ വന്ന് എന്തെങ്കിലും തോന്ന്യാസം കാണിച്ചിട്ടുപോകും, അതുകൊണ്ട് ആ നെഗ്ളിജൻസ് ഒഴിവാക്കുന്നതിനുവേണ്ടി അവർക്ക് ഒരു വാണിംഗ് കൊടുക്കാൻ വേണ്ടിയാണ് ഞാനിത് അവതരിപ്പിച്ചിരിക്കുന്നത്. നെഗ്ളിജൻസ് കാണിക്കുകയാണെങ്കിൽ അതിന് നഷ്ടപരിഹാരം കൊടുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(203) In clause 6(1)(d) proviso and the following as item (i) and renumber the remaining items

"(i) no such entry shall be made into a place of worship".

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(205) In the proviso of clause 6(1)(d) add the new proviso as (v).

"(v) the value of the standing crop to be cut down or cleared shall be assessed by the proper authority in advance and arrangements shall be made for the payment of compensation".

(206) In clause 6(2) after the word "damage" add the words "or loss".

എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത് 6-ാം വകുപ്പിൽ പി.ഡബ്ല്യു.ഡി. എ.ഇ.-ക്ക് അൺലിമിറ്റഡ് പവേഴ്സ് കൊടുത്തിരിക്കുകയാണ്, അനിയന്ത്രിതമായ പവേഴ്സ് കൊടുത്തിരിക്കുകയാണ്, ആരുടേയും പറമ്പിൽ കയറാം, ആരുടേയും വസ്തുവകകൾ വെട്ടി നശിപ്പിക്കാം. ഇത് വലിയ അപകടം ചെയ്യും എന്നതിനാൽ എന്തെങ്കിലും നിയന്ത്രണം വേണം. ഇവിടെ പറയുന്നുണ്ട്. "Assistant Engineer of Public Works Department or any agency authorised by the highway authority in this behalf, may undertake a survey in connection with a highway scheme and may for this purpose,

(a) enter upon any, land (d) cut down and clear any part of a standing crop.

അങ്ങനെ അനിയന്ത്രിതമായ ഒരു അധികാരം എ.ഇ.-യ്ക്ക് കൊടുക്കുന്നത് സൂക്ഷിച്ചുവേണം എന്നുള്ളതാണ് എന്റെ അഭിപ്രായം. എന്റെ അമന്റ്മെന്റിൽ പറയുന്നത് സ്റ്റാന്റിംഗ് ക്രോപ്പ്സ് നശിപ്പിക്കുകയാണെങ്കിൽ അതിന് കോംപൻസേഷൻ കൊടുക്കണം എന്നാണ്. മറ്റൊരു കൃഷിക്കാരന്റെ പറമ്പിൽ കയറി കൃഷി നശിപ്പിക്കുകയാണ്. അങ്ങനെ പോകാൻ പറ്റുകയില്ല. അങ്ങനെയുണ്ടെങ്കിൽ ആദ്യമേ അസസ്സ് ചെയ്തിട്ടിട്ട് പ്രോപ്പർ കോമ്പൻസേഷൻ കൊടുക്കാം. രണ്ടാമത്തേത് ഇവിടെ ക്ലാസ് (2)-ൽ പറയുന്നത് ഹൈവേ അതോറിറ്റി, (2) the highway authority or the officer or the agency referred to in sub-section (1) shall in exercise of any power conferred by that sub-section do as little damamge as may be possible..... 'as little loss as may be possible' എന്നാക്കണം.

<u>ശ്രീ. കെ. ബാബു</u> : Sir, I move the following amendment

(207) In clause 6(2) add the following proviso namely:-

"Provided that if any injury is caused to a dwelling house or a place of worship during the course of survey referred to in this Section, the hgihway authority shall pay compensation as if the entire house or place of worhsip has been damaged."

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, 6-ാം വകുപ്പിലെ 193-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് കാര്യങ്ങളിലൊക്കെ അതിന്റേതായ സംരക്ഷണമുണ്ടാകും. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി, ശ്രീ. പി.ജെ. ഫ്രാൻസിസ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീ. ജോണി നെല്ലൂർ, ശ്രീ. എം.കെ. മുനീർ, ശ്രീ. പാലോട് രവി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ. ബാബു എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : Sir, I move the following amendments:

(213) In clause 7(1) after the words "on the written request by the competent authority" the words "or the Member of Legislative Assembly concerned or a resolution passed by any local authority" shall be inserted.

സ്കീം തയ്യാറാക്കുന്ന കാര്യത്തെക്കുറിച്ചാണ് അതിനകത്ത് പറയുന്ന ത്. കോംപീറ്റന്റ് അതോറിറ്റിയിൽ നിന്ന് റിക്വസ്റ്റ് കിട്ടിയാൽ സ്കീം തയ്യാറാ ക്കാമെന്നാണ്. കോംപീറ്റന്റ് അതോറിറ്റി എന്നുകഴിഞ്ഞ് ജനപ്രതിനിധി കൾക്കും അവരുടേതായ ഉത്തരവാദിത്വങ്ങളുണ്ട്. "the Member of Legislative Assembly concerned or a resolution passed by any local authority, കോംപീറ്റന്റ് അതോറിറ്റി എന്നുള്ളതിന്റെ കൂട്ടത്തിൽ ഇതുംകൂടി ചേർക്കണം. ഒരു പങ്കാളി ത്തമുണ്ടാക്കാൻ വേണ്ടി പറയുകയാണ്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : Sir, I move the following amendments:

(214) In clause 7(1) after the words " a new highway" and before the words "or realignment" the words "or parallel highway to the extent of the portion of the existing highway where there is a bridge for making diversion of the traffic when the said bridge becomes unsafe" shall be inserted.

(215) In clause 7(2)(d) the words "without causing much difficulty for the traffic in the case of closing a highway" shall be added at the end.

(223) In clause 7(4) after the words "of such notification" and before the word "shall" the words "including in the local language" shall be added.

214-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യാൻ കാരണം തോട്ടപ്പള്ളി സ്പിൽവേയിൽ എപ്പോഴെങ്കിലും ആക്സിഡന്റ് ഉണ്ടായിക്കഴിഞ്ഞാൽ ട്രാഫിക് ഡൈവേർട്ട് ചെയ്തുകൊടുക്കാൻ പ്രയാസമുണ്ടാകും. അതുകൊ ണ്ടാണ് ഞാൻ ക്ലാസ് ഓഫ് Preparation of Scheme-ൽ പറഞ്ഞ The highway authority may, of its own accord, or shall, on the written request by the competent authority, prepare a detailed scheme for the construction of a new highway or realignment, ആ റി-അലൈൻമെന്റിന് മുമ്പായി "or parallel highway to the extent of the portion of the existing highway where there is a bridge for making diversion of the traffic when the said bridge be comes unsafe". ഒരു പാരലൽ ഹൈവേ കൂടിയുണ്ടാകണം. അതാണ് എന്റെ ഭേദഗതി. (223)-ൽ സബ് ക്ലാസ് (4)-ൽ 7(4)-The notification shall also be published in two daily newspapers, of

LIBRARY ARCHIVES Kerala Legislative Assembly

which one shall be in the local language, having wide circulation in the locality where the highway is situated, and copies of such notification shall....."

" including in the local language shall also be prominently displayed at least in two conspicuous places in the locality". ഇതാണ് എന്റെ ഭേദഗതി.

ശ്രീ. എം.കെ. മുനീർ : Sir, I move the following amendment

(217)In clause 7(2)(e) between the words "lighting arrangements" and the words "and planting of trees" insert the words "construction of overbridges and underground pedestrian crosses wherever necessary" എന്നുകൂടി ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : Sir, I move the following amendments:

(221) After clause 7(2)(g) add the following as item (h) namely.- "(h) construct foot overbridges and sub-paths for pedestrians".

(231) After sub clause (7) of clause 7, the following shall be inserted as sub clause (8).

"(8) the Highway Authority shall seek the opinions of the District Panchayat through whose area any new highway or part of the highway would pass before the preparation of new scheme".

ഇതിൽ ശ്രീ. എം.കെ. മുനീർ ഉന്നയിച്ച പ്രശ്നം തന്നെയാണ്. മേൽപ്പാലങ്ങളും ഭൂഗർഭപാതകളും നിർമ്മിക്കുന്ന സമയത്ത് ജില്ലാ പഞ്ചായത്തുകളോട് അഭിപ്രായം ആരായേണ്ടതാണ് എന്നുള്ളതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move the following amendment:

(222) In clause 7(3) after the words "it shall" add the words "in consultation with the local self-government the area in respect of which the realignment is made".

നമ്മൾ അധികാരം താഴേയ്ക്ക് കൊടുക്കുമെന്ന് പറയുകയും എല്ലാം കയ്യേറുകയുമാണ്. അതു ശരിയല്ല. ഒരു കൺസൾട്ടേഷനെങ്കിലും ലോക്കൽ സെൽഫ് ഗവൺമെന്റുമായി നടത്തണം അതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ശ്രീ. എം.കെ. മുനീർ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതിയിൽ whenever necessary എന്നത് ഒഴിവാക്കി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം.കെ. മുനീർ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി ഭേദഗതി ചെയ്ത പ്രകാരം അംഗീകരിക്കപ്പെട്ടു.

സർവ്വശ്രീ. ജോണി നെല്ലൂർ, പി.ജെ. ഫ്രാൻസിസ്, പി.പി. സുലൈമാൻ റാവുത്തർ, ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. പാലോട് രവി : Sir, I move the following amendment:

(232) After clause 8(b)add the following as item (c) and reletter the remaining items.

" (c) provide alternate sites to encroachers, if any and remove the encroachments".

ശ്രീ. ജോണി നെല്ലൂർ : Sir, I move the following amendment:

(234) In clause 8 after item (d) the following item shall be added.-

"(c) to make arrangements for the rehabilitation of families if any to be evicted due to the execution of the scheme".

റോഡ് പുറമ്പോക്കുകളിൽ നിന്ന് ഒഴിവാക്കപ്പെടുന്ന ആളുകളെ പുനരധിവസിക്കാൻ പദ്ധതികളുടെ നടത്തിപ്പിനായി വർക്കുകൾ ചെയ്യുന്ന കൂട്ടത്തിൽ അതിനുള്ള പ്രൊവിഷൻ കൂടി ചേർക്കണമെന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി,

9-ാം വകുപ്പ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : Sir, I move the following amendment:

(236) In clause 9 after sub clause (1) add the following as sub-clause (2) and renumber the existing sub-clause (2).

"(2) whenever the alignment of an existing highway is altered or closed the highway authority shall make necessary changes in the plans of that highway".

ഓരോ സർവ്വേയ്ക്കുശേഷം കോംപീറ്റന്റ് അതോറിറ്റി അംഗീകരിച്ച പ്രകാരമുള്ള റോഡ്സിന്റെ പ്ലാൻ ഹൈവേ അതോറിറ്റി സൂക്ഷിക്കണമെന്ന് ഈ ക്ലാസിൽ പറയുന്നുണ്ട്. റോഡിന്റെ അലൈൻമെന്റ് മാറ്റാനൊക്കെ ഈ ഹൈവേ അതോറിറ്റിക്ക് അധികാരമുണ്ട്. ആ അധികാരം വച്ച് ഹൈവേയിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ അതനുസരിച്ചുള്ള പ്ലാനും ഹൈവേ അതോറിറ്റി സൂക്ഷിക്കണം. ഇതിനുള്ളതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(238) After clause 10 add the following new clause 10 A.

"10A. Electrification of Highway and maintenance of street lights.-

The Highway authority, in liasion with the respective local authorities through whose jurisdiction the highway passes, shall electrify and maintain street lights in the highway.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

11-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(239) In the marginal heading of clause 11 the word "Annual" shall be deleted.

(240) In the second line of clause 11 the word "annual" shall be deleted.

(242) In clause 11 after the word "charge" and before the word "with" the following shall be added "twice in a year".

മന്ത്രിയുടെ സമീപനം കൊള്ളാം. ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(241) "In the second line of clause 11 for the word "annual" the word "periodical" shall be substituted.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(242) Clause 11 shall be numbered as sub-clause (1) of that clause and after sub-clause (1) as so renumbered, add the following as sub-clause (2).

LIBRARY ARCHIVES Kerala Legislative Assembly

"(2) Discipilinary actions may be initiated against officers who ignore, or fails to take necessary action in time against, encroachment or unauthorised occupation of highway".

റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാൻ വേണ്ടിയുള്ള ഭേദഗതിയാണ്. ഉദ്യോഗസ്ഥൻമാരുടെ ആന്വൽ ചെക്കിംഗ് നടത്തണമെന്നുണ്ട്. അത് നടന്നില്ലെന്നു വരികയാണെങ്കിൽ എന്ത് നടപടിയാണ് എടുക്കാൻ പോകുന്നത്? അതു സംബന്ധിച്ചാണ് എന്റെ ഭേദഗതി, ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(244) In Clause 11 the following sub-clause shall be added as (2) .

''(2) Disciplinary action shall be initiated against any officer delegated by the highway authority who fail, to locate and remove encroachments.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

<u>ശ്രീ. പി.പി സുലൈമാൻ റാവുത്തർ</u> അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. ജോണി നെല്ലൂർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11 -ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

(245) After clause 11 add the following new clause as 11 A "11A. Erection of signal posts and ramparts. It shall be the duty of the highway authority to erect electronic/electrical or mannual traffic control posts and ramparts.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ: ജോസഫ്</u>): ഭേദഗതി സ്വീകാര്യമല്ല. ശ്രീ.പി.പി സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

<u>12-ാം വകുപ്പ്</u>

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ശ്രീ. കെ.സി വേണുഗോപാലിന്റെ 246-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് പ്രസ്തുത ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

In clause 12 add the following words at the begining: "Not with standing anything contained in any other law for the time being in force''

ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്നഭേദഗതി അവതരിപ്പിക്കുന്നു.

(247) In clause 12 after the word 'highway' and before the word 'which', the following shall be added; 'And which is required for immediate traffic purpose'

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(252) In Clause 12 add the following proviso 'provided that such of the highways which are vested in the local self Government institutions on the commencement of this Act shall continue to vest in them till they are resumed by the Government.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഔദ്യോഗിക ഭേദഗതി സ്വീകരിക്കണം. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി : ശ്രീ. കെ. ബാബു എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

13-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(253) In Clause 13, after the word 'person' and before the word 'shall', the words 'or firm' shall be inserted.

പേഴ്സൺ എന്നു പറഞ്ഞാൽ വ്യക്തിയെ മാത്രമാണ് ഉദ്ദേശിക്കുന്നത്. ഇതിൽ സ്ഥാപനങ്ങളും വരും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണം.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(254) In clause 13 after the words 'No person shall occupy' the words or continue to occupy' shall be added.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 253-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 254-ാംനമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

14 - വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

14 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15 -ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(257) In clause 15(1) add the following proviso namely:-

"provided that where such encroachment has taken place before the respective road was declared a highway under section 3 the highway authority shall pay compensation to the encroachers in lieu of removing the eviction."

സെക്ഷൻ (3) അനുസരിച്ച് ഹൈവേയായിട്ട് നോട്ടിഫൈ ചെയ്യുന്നതിനു മുൻപ് ഒരു കാര്യം കൂടി ചെയ്യാനുണ്ട്. വർഷങ്ങളായി താമസിക്കുന്ന പാവപ്പെട്ട ആളുകളുണ്ട്. അവർക്ക് മറ്റ് യാതൊരു മാർഗ്ഗവുമില്ല. അവരെ ഒഴിപ്പിച്ചുകഴിഞ്ഞാൽ താമസിക്കുന്നതിന് ഇടമില്ലാതെ വരികയാണ്. ഒഴിപ്പിക്കേണ്ടത് ആവശ്യമാണ്. അവർക്ക് അതിനുള്ള നഷ്ടപരിഹാരം കൊടുത്ത്, അതിനുള്ള സൗകര്യം ചെയ്തുകൊടുത്തില്ലെങ്കിൽ അവരെ തെരുവിലേയ്ക്ക് വലിച്ചെറിയുകയാണ് ചെയ്യുന്നത്. അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള പ്രൊവിഷനാണ് ഈ ഭേദഗതിയിലൂടെ ഞാൻ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(258) In Clause 15(1) add the following proviso, namely :- Provided that encroachment by the hutment dwellers on the highway land shall be removed only after making arrangement for the rehabilitation of such encroachment.

പുറമ്പോക്കിൽ താമസിപ്പിക്കുന്നവരെ ഒഴിപ്പിക്കണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷെ പുറംപോക്കിലുള്ള വീടുകൾ ഒഴിപ്പിക്കുന്നതിന് മുൻപ് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള അറേഞ്ച്മെന്റ് എന്തായിരിക്കണമെന്നുള്ളത് ഉറപ്പു വരുത്തണം. അല്ലാതെ വഴിയിലിറക്കി അനാഥരാക്കി വിടരുത്. അതിനുള്ള അറേഞ്ചുമെന്റ് കൂടി ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(259) In clause 15(2) the following shall be added at the end:

Criminal case may be initiated against the person responsible for the encroachment.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല, സ്വീകാര്യമല്ല എന്നു പറയുമ്പോൾ ആശയത്തെ എതിർക്കുന്നില്ല. ഇപ്പോൾ അങ്ങനെ ഒരാളെയും ഇറക്കിവിടാറില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും അങ്ങനെ ഉണ്ടായിട്ടില്ല. റീഹാബിലിറ്റേറ്റ് ചെയ്യാം. ഉടനെ ഈ ഭേദഗതി സ്വീകരിച്ചാൽ ഇന്നു കൊണ്ട് ഒരു കുടിൽ കെട്ടുന്നവനും നഷ്ടപരിഹാരം കൊടുക്കേണ്ടിവരും. അതിൽ പ്രശ്നമുണ്ട്. ശ്രീ. തമ്പാനൂർ രവിയുടെ ഭേദഗതി "Criminal case may be initiated against the person responsible for the encroachment" എന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇപ്പോഴുള്ള ക്ലാസ്സ് മതിയെന്നാണ് എനിക്ക് പറയാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. വേറെ വീടിലില്ലാത്തവരെ പുനരധിവസിപ്പിക്കാം. മുൻ ഗവൺമെന്റും ഈ ഗവൺമെന്റും വീടിലില്ലാത്ത ആരെയും അങ്ങനെ ഇറക്കിവിട്ടിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ പ്രൊവിഷൻ വച്ച് വേണമെങ്കിൽ ഇറക്കിവിടാം. റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള സ്കീം ഇതിൽ വേണം. ഇപ്പോൾ ഇത് അംഗീകരിക്കുന്നില്ലെങ്കിലും അതിനെക്കുറിച്ച് അല്പോചിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ.ജോണി നെല്ലൂർ , ശ്രീ.തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(265) Clause 16 shall be numbered as sub clause (1) of that clause and after sub clause (1) as so numbered add the following as sub clause (2) :-

"(2) Any person injuriously affected by the decision of the highway authority or the competent authority may within a period of fourty–five days from the receipt of the order, recover appeal to the Government in the prescribed manner and the decision of the Government thereon shall be final."

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(266) In clause 17 the words "such width may be fixed taking into account the requirements in the distant future" shall be added at the end. ഇതിനകത്ത് ഒറ്റ കാര്യമേയുള്ളൂ. ഈ ക്ലാസിൽ പറയുന്നത്, Standard width of the highway "Such width may be fixed taking into account the requirements in the distant future" എന്നാണ്. ഇപ്പോൾ ആവശ്യത്തിന് വിഡ്ത്ത് നമ്മൾ തീരുമാനിക്കുന്നു. ഭാവിയിൽ നമുക്ക് വീണ്ടും വേണ്ടിവരും. അപ്പോൾ ഭാവിയിലുണ്ടാകാവുന്ന ആവശ്യംകൂടി കണക്കിലെടുത്ത് വിഡ്ത്ത് ഫിക്സ് ചെയ്യണം എന്നുള്ളതാണ് എന്റെ അമെന്റ്മെന്റ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(267) In clause 17 add the following proviso namely :

"provided that the Government may having regard to the volume of traffic through a highway revise the standard width so decided, at any time".

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അമെന്റ്മെന്റും ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞതു പോലെ തന്നെയാണ്. ഇതിനകത്ത് പറയുന്നത്. ഒരിക്കൽ നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ പിന്നെ അത് റിവൈസ് ചെയ്യാനുള്ള പ്രൊവിഷൻ ഇല്ല എന്നാണ്. അത് റിവൈസ് ചെയ്യേണ്ടി വരും. വാഹനങ്ങളുടെ എണ്ണം കൂടുന്ന തനുസരിച്ച് കാലാകാലങ്ങളിൽ ഇത് റിവൈസ് ചെയ്യേണ്ടി വരും. അങ്ങനെ റിവൈസ് ചെയ്യണമെങ്കിലുള്ള ഒരു പ്രൊവിഷനാണ് ഞാൻ കൊണ്ടുവന്നത്. Provided that the Government may having regard to the volume of traffic through a highway revise the standard width so decided, at any time". എപ്പോൾ വേണമെങ്കിലും ഗവണ്മെന്റിന് അത് റിവൈസ് ചെയ്യാം. ഇപ്പോൾ നിലവിൽ മന്ത്രി കൊണ്ടുവന്നതാണെങ്കിൽ ഒരിക്കൽ റിവൈസ് ചെയ്താൽ രണ്ടാമത് റിവൈസ് ചെയ്യാനുള്ള പ്രൊവിഷൻ ഇല്ല. ഞാൻ അതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(268) In clause 17 add the following proviso namely:-

"Provided that there shall be separate standard width for the highways passing through highrange and hilly areas".

ഇടുക്കി ജില്ലയിൽ നിന്നുള്ള ഒരംഗം എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ഇതൊന്ന് പ്രത്യേകമായി ശ്രദ്ധിക്കണം. സംസ്ഥാന ഹൈവേയുടെ വീതി നിർണ്ണയിച്ചു കഴിയുമ്പോൾ ഇടുക്കി ജില്ല ഉൾപ്പെടെയുള്ള മലയോര പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഒരു പ്രശ്നം മലയിടുക്കുകളും പാറക്കെട്ടുകളും ഉൾക്കൊള്ളുന്ന സ്ഥലങ്ങളിലൂടെയാണ് ഹൈവേ കടന്നു പോകേണ്ടത്. പല പ്പോഴും താഴ്വാരങ്ങളിലുള്ള വീതി ഈ റോഡുകൾക്ക് അവിടെ ലഭിച്ചുവെന്ന് വരില്ല. വീതി ഇല്ല എന്നതിന്റെ പേരിൽ പല സംസ്ഥാന ഹൈവേകളും നഷ്ട പ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : ഭേദഗതികൾ സ്വീകാര്യമല്ല. ഹൈവേ മാത്രമല്ല മേജർ ഡിസ്ട്രിക്ട് റോഡും ഉണ്ട്. അതിന്റെ വിഡ്ത്തിനെ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല. അതിന് ഭേദഗതി ആവശ്യമില്ല.

ശ്രീ. തമ്പാനൂർ രവി, ശ്രീ. ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(269) In clause 18(1) for the words "The competent authority shall determine", the words "The competent authority shall, with the previous approval of the Government, determine" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(272) In clause 18(2) after the word "Gazette" and before the word, "by" the words "and in two daily newspapers" shall be inserted.

ഗസറ്റിൽ മാത്രം പബ്ലിഷ് ചെയ്തു കഴിഞ്ഞാൽ അത് ജനങ്ങളെല്ലാം അറിയില്ല. അതുകൊണ്ട് shall be published in the Gazette and in two daily newspapers by the competent authority എന്നു ചേർക്കണം എന്നാണ് എന്റെ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(273) In clause 18 the following shall be added at the end:-

"In the case of towns, business centres and major markets overall future development of these areas may be taken into account".

ഹൈവേയിൽ വരുന്ന വലിയ ബിസിനസ് സെന്ററുകൾ, മാർക്കറ്റുകൾ എന്നീ സ്ഥലങ്ങളിലുള്ള overall future development കൂടി കണക്കിലെടുത്ത് ഇതു കൂടി അഡീഷണലായിട്ട് ചേർക്കണം എന്നാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ, ശ്രീ. തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(274) In clause 19(1) (a) delete the words "or a compound wall".

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(275) In the proviso to clause 19(1) the words "or to any agricultural operation" shall be added at the end.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

20-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(277) In sub clause (a) of clause 20 the words "or after the level of land by lowering, raising, digging or filling up" shall be omitted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(278) In clause 21(3) the following new sub clause (3A) shall be added:-

"(3A) where the highway authority refuses to grant permission, the applicant has the right to appeal to Government and the Government shall take decision thereon within 30 days from the date of filling of the appeal.

ഹൈവേ അതോറിറ്റി അനുവാദം നിഷേധിച്ചാൽ അപേക്ഷകന് സർക്കാരിൽ അപ്പീൽ പോകാനുള്ള അനുവാദം ഉറപ്പാക്കുന്നതാണ് എന്റെ ഭേദഗതി.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(280) In sub clause (5) of clause 21 the words "two months" shall be substituted by the words "one month".

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(281) In clause 21 (8) for the words "thirty days" the words "sixty days" shall be substituted.

ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്തില്ലെങ്കിലും മന്ത്രി മനസ്സിൽ നിശ്ചയിച്ച് ഉറപ്പിച്ചു വന്നിട്ടുണ്ടെങ്കിൽ അദ്ദേഹം അത് സ്വീകരിക്കും എന്നാണ് ഇപ്പോൾ കണ്ടത്. എന്നാലും ഒരു പ്രതീക്ഷയോടുകൂടി, അപ്പീൽ നൽകാൻ 30 ദിവസം പോര, 60 ദിവസം വേണം എന്നതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചത്.

ശ്രീ. കെ. ബാബു : അപ്പീൽ ടൈമിനെ സംബന്ധിച്ചുള്ളതാണ് എന്റെ ഭേദഗതി. 30 ദിവസമാണ് അപ്പീൽ പറഞ്ഞിട്ടുള്ളത്. അത് അറുപതു ദിവസമാക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോണി നെല്ലൂർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(285) In clause 22 (4) the word "seven" shall be substituted by the word "fifteen".

ഈ ക്ളാസിൽ സബ് ക്ളാസ് 3 അനുസരിച്ച് ഒരു തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചാൽ അപ്പീൽ നൽകുന്നതിന് ഏഴ് ദിവസമേ പറയുന്നുള്ളൂ. സുപ്രീംകോടതി തൂക്കിക്കൊല്ലാൻ വിധിച്ചാൽപോലും രാഷ്ട്രപതിയുടെ അടുത്ത് ദയാഹർജിക്ക് സമയമുണ്ട്. അപ്പോൾ ഏഴ് ദിവസം തീരെ കുറവാണ്. അത് 'പതിനഞ്ച് ദിവസം' ആക്കണമെന്നാണ് എന്റെ അമെന്റ്മെന്റ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(287) In clause 22 (4) after the word "authority" the following words shall be inserted:- "and the authority will take a decision in the matter within thirty days".

(288) In clause 22 after sub clause (4) the following shall be added as sub clause (5) and renumbered:-

"(5) Any person aggrieved by the decision of appellate authority under sub section (4) may file a second appeal to Government and the Government shall take a decision on the second appeal within 60 days from the date of filing of the second appeal".

അപ്പലേറ്റ് അതോറിറ്റി മുപ്പതു ദിവസങ്ങൾക്കുള്ളിൽ തീരുമാനം എടുക്കണമെന്നാണ് 287-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്.

ഒരു സെക്കന്റ് അപ്പീൽ ഗവണ്മെന്റിലേക്ക് പോകുന്നതിനുള്ള അനുവാദം നൽകണമെന്നുള്ളതാണ് 288-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(289) In sub clause (5) of clause 22 the words "together with fifteen percent overhead charges thereon" shall be deleted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23 മുതൽ 25 വരെയുള്ള വകുപ്പുകൾ

23 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

25-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(290) After clause 25 add the following as clause 25A:

"25A:- Restriction of vehicles laden with toxic, explosive and other dangerous articiles:- Where the highway authority is satisfied that traffic of vehicles laden with toxic, explosive and other dangerous articles in the highway would endanger the safety of life and property of people, the highway authority may restrict, regulate or prohibit the traffic of such vehicles".

റോഡുകളിലൂടെ വിഷപദാർത്ഥങ്ങൾ, സ്ഫോടകവസ്തുക്കൾ, അപകടകരമായ മറ്റ് വസ്തുക്കൾ എന്നിവ കൊണ്ടുപോകുന്നതിന് ഒരു നിയന്ത്രണം വേണമെന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറയുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, അത് പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുണ്ട്, ഭേദഗതി സ്വീകാര്യമല്ല. ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

26-ാം വകുപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(291) In the end of sub clause (2) of clause 26 the following shall be added:-

"Immediately after the completion of the work consented to, the highway authority has to do the necessary works for the restoration of the highway".

ഞാൻ ഇത് അവതരിപ്പിക്കാൻ കാരണം റോഡിന്റെ അരികിൽ കുഴിക്കാനോ മറ്റോ കൺസെന്റ് കൊടുത്തുകഴിഞ്ഞാൽ അതിന് ചാർജ്ജ് ഈടാക്കും, പക്ഷെ ഇപ്പോഴും ചാർജ്ജൊക്കെ ഈടാക്കുന്നുണ്ട്. എങ്കിലും ആ ചാർജ്ജ് ഈടാക്കിക്കഴിഞ്ഞാൽ പണി കഴിഞ്ഞാൽ ആ റോഡ് മെയിന്റെയിൻ ചെയ്യുന്നില്ല. അതുകൊണ്ടാണ് സബ് ക്ളാസ് രണ്ടിന്റെ അവസാനഭാഗത്ത്,

"Immediately after the completion of the work consented to, the highway authority has to do the necessary works for the restoration of the highway".

എന്നുകൂടി നിയമത്തിൽ ചേർക്കണമെന്ന് പറഞ്ഞിട്ടുള്ളത്. ഇന്ന് രാവിലെ വാട്ടർ അതോറിറ്റി സംബന്ധിച്ച ചോദ്യത്തിന് ഉത്തരം നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

വേളയിലും ഇതുതന്നെ പറഞ്ഞു. കാൾ കൊടുത്തതാണ്. പക്ഷേ റിപ്പെയർ ചെയ്യുന്നില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(292) In explanation of clause 27 the word "habitual" shall be deleted.

(293) In the explanation of clause 27 (1) the words "and poultry" shall be deleted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(294) In clause 28 after the word "negotiation" the following words shall be inserted:-

"with the assistance of the concerned local self Government".

Where any land is required for the execution of a highway scheme or for removal of any encroachment or for any purpose of this Act, the highway authority may acquire such land, by free surrender by the owner of such land or by purchase by negotiation. Purchase by negotiation എന്നു കഴിഞ്ഞിട്ട് ഞാൻ അവതരിപ്പിക്കുന്നത് with the assistance of the concerned local self-government after following such procedure. By free surrender by the owner of such land or by purchase by negotiation with the assistance of the concerned local self Government എന്നാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കാലതാമസം ഉണ്ടാക്കും എന്നുള്ളതുകൊണ്ട് ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(295) In clause 29 in between the numbers "6" and "19" the number "18" shall be inserted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 295-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(296) In clause 30, the words "five hundred" and the words "two thousand" shall be substituted by the words "one thousand" and "five thousand" respectively.

ബഹുമാനപ്പെട്ട മന്ത്രിക്ക് അത് സ്വീകരിക്കാവുന്നതേയുള്ളൂ.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(301) In clause 31 the word "two in the last line shall be substituted by the word "five".

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(302) In clause 31 the words "two thousand" shall be substituted by the words "one thousand".

പിഴ 'രണ്ടായിരം' വേണ്ട 'ആയിരം' മതി എന്നുള്ള ഒരു ചെറിയ ഭേദഗതിയാണ്. സ്വീകരിക്കാമെങ്കിൽ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(305) In clause 32 delete sub clause (2)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

33-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(307) In clause 33 the words "plus a daily levy not exceeding five hundred rupees for each day for which the offence continues shall be deleted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

34-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(308) In clause 34 for the words "ten thousand" substitute the words "two thousand".

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(309) In clause 34 delete the words "or animal".

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

35-ാം വകുപ്പ്

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

36-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(310) In sub clause (2) of clause 36, item (c) shall be omitted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

37-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(310) Sub clause (1) of clause 37 shall be recast as follows:

"(1) The Government may, by notification in the Gazette consitute an appellate authority for the purpose of this Act".

(313) In sub-clause (2) of clause 37, the word "Superintending Engineer" shall be substituted by the word "Chief Engineer".

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(312) In sub-clause (2) of clause 37, for the words "Superintending Engineer" the words "Chief Engineer" shall be substituted.

'എസ്.ഇ.' ക്കു പകരം 'ചീഫ് എൻജിനീയർ' വേണമെന്നാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ, ശ്രീ. തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

38-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(324) In item (b) of sub-clause (1) of clause 38, add the following at the end, namely:-

"or by publishing in the newspapers".

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

39 മുതൽ 41 വരെയുള്ള വകുപ്പുകൾ

39 മുതൽ 41 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39 മുതൽ 41 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

42-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(328) In clause 42, after sub-clause (1) the following proviso shall be inserted:-

"Provided that nothing contained in the sub-section shall render any such person liable to any punishment, if he proves that the offence was committed without his knowledge or that he had exercised all due diligence to prevent the Commission of such offence".

ഈ പ്രൊവൈസോ കൂടി ചേർക്കണം, അത് മന്ത്രിക്ക് സ്വീകരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സബ്ജക്ട് കമ്മിറ്റിയിൽവച്ച് അത് ഒഴിവാക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു. പക്ഷേ നിയമപരമായി ഈ വ്യവസ്ഥ ആവശ്യമാണെന്നാണ് കണ്ടിരിക്കുന്നത്. അതുകൊണ്ട് 328-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

43-ഉം 44-ഉം വകുപ്പുകൾ

43-ഉം 44-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

43-ഉം 44-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

45-ാം വകുപ്പ്

Shri. Thiruvanchoor Radhakrishnan :- Sir, I move the following amendment.

(330) The marginal heading of clause 45 shall be substituted as "Duties of Local body officials to report to highway authority" and the words "Every Village Officer, Village Assistant or other Village official by whatever name called" shall be replaced by the words "Every officials of Local bodies".

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

46-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(332) In clause 46 the words "and dispose of the produce, if any, of such lands" shall be deleted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

47-ഉം 48-ഉം വകുപ്പുകൾ

47-ഉം 48-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47-ഉം 48-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

48-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(333) After clause 48 the following shall be inserted as clause 49 and renumber the existing clause 49 as clause 50.

"49. Over-riding effect of Act:- The provisions of this Act or Rules or Order made thereunder shall have effect notwithstanding anything inconsistent

LIBRARY ARCHIVES Kerala Legislative Assembly

therewith contained in any law other than this Act or any instrument having effect by virtue of any law other than this Act".

എന്റെ 333-ാം നമ്പർ ഭേദഗതികൂടി ചേർത്താലേ അതിനൊരു ക്ളാരിറ്റി ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് അത് അംഗീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

49-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(334) In clause 49, sub-clause (2) shall be deleted.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മാറ്റിവച്ച 2-ാം വകുപ്പ്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 2-ാം വകുപ്പിൽ ശ്രീ. പി.പി. സുലൈമാൻ റാവുത്തറുടെ 123-ാം നമ്പർ അമെന്റ്മെന്റ് സ്വീകാര്യമില്ല. അതിനെ സംബന്ധിച്ച് പിന്നീട് സഭയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം പറയുന്നതായിരിക്കും നല്ലത് എന്ന് പ്രതിപക്ഷ നേതാവു പറഞ്ഞതുകൊണ്ടാണ് 2-ാം വകുപ്പിന്റെ പരിഗണന മാറ്റിവച്ചത്. അതിപ്പോൾ സ്വീകരിക്കേണ്ടതില്ല എന്നാണ് തീരുമാനം.

ശ്രീ. ജോണി നെല്ലൂർ : സർ, 114, 118, 119 എന്നീ ഭേദഗതികൾ സ്വീകാര്യമാണെന്ന് മന്ത്രി പറഞ്ഞിരുന്നു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതിയും ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച മറ്റു ഭേദഗതികളും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. പി.ജെ. ഫ്രാൻസിസ്, ശ്രീ. കെ.സി. ജോസഫ്, ശ്രീ. പാലോട് രവി, ശ്രീ. കെ. മുഹമ്മദാലി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : നേരത്തെ പാസ്സാക്കിയ 4-ാം വകുപ്പിൽ 163-ാം നമ്പർ ഭേദഗതിയിൽ ഒരു മാറ്റം ആവശ്യമുണ്ട്. അതിനാൽ 4-ാം വകുപ്പ് റീ-ഓപ്പൺ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അത് റീ-ഓപ്പൺ ചെയ്യണം. സഭയുടെ അനുമതിയോടുകൂടി റീ-ഓപ്പൺ ചെയ്യാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അങ്ങ് പറഞ്ഞത് കറക്ടാണ്. റീ-ഓപ്പൺ ചെയ്യണം.

4-ാം വകുപ്പ് സഭയുടെ അനുമതിയോടുകൂടി റീ-ഓപ്പൺ ചെയ്തു.

റീ-ഓപ്പൺ ചെയ്ത 4-ാം വകുപ്പ്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 4-ാം വകുപ്പിന് ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതിയിൽ രണ്ടുവാക്കുകൂടി ചേർക്കണം. ആ ഭേദഗതി സഭ അംഗീകരിച്ചതാണ്. എക്സിക്യൂട്ടീവ് എൻജിനീയർ റോഡ്സ് എന്നുള്ളതിൽ 'ബൈ നോട്ടിഫിക്കേഷൻ' എന്ന വാക്കുകൾകൂടി ചേർക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് നാഷണൽ ഹൈവേ റോഡ്സ് എന്നു പറയണമെന്നാണോ? നാഷണൽ ഹൈവേയിൽ റോഡ്സിന്റെ എക്സിക്യൂട്ടീവ് എൻജിനീയർ മാത്രമായിരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) എന്ന് പറഞ്ഞില്ലായെങ്കിൽ എക്സിക്യൂട്ടീവ് എൻജിനീയർ (ബിൽഡിംഗ്സ്) ഉണ്ട്. എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) ഉണ്ട്. നാഷണൽ ഹൈവേ (റോഡ്സ്) ഉണ്ട്. അതിൽ രണ്ടു കാര്യങ്ങളാണ്. 'ബൈ നോട്ടിഫിക്കേഷൻ' എന്ന വാക്കുകൾ കൂടി ചേർക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : നാഷണൽ ഹൈവേയ്ക്ക് ഒരു എക്സിക്യൂട്ടീവ് എൻജിനീയർ ഉണ്ടോ? എല്ലാ ഡിസ്ട്രിക്ടിലും ഉണ്ടോ?

[5 PM] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, എല്ലാ ജില്ലകളിലും ഇല്ല. 4-ാം വകുപ്പിനെ സംബന്ധിച്ച് "by notification" എന്നുള്ള വാക്കുകൾ ചേർത്താൽ മതിയാകും. "Executive Engineer (Roads) by notification എന്ന് വന്നാൽ കറക്ടാകും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് ചെയ്യുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ ഞങ്ങൾ എതിരല്ല. പക്ഷേ അപ്പോൾ ഹൗസിലുണ്ടായിരുന്ന ഒരു സ്പിരിറ്റ് എന്താണെന്ന് ചോദിച്ചാൽ ഇത് നോട്ടിഫൈ ചെയ്യാൻ ഇടവരരുത് എന്നാണ്. നമ്മുടെ നേരത്തേയുള്ള ബില്ലിന്റെ ഉദാഹരണം പറഞ്ഞു. എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) എന്ന് പറഞ്ഞാൽ എല്ലാ ജില്ലയിലുമുള്ള എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) ആയിരിക്കും. അത് നോട്ടിഫൈ ചെയ്യേണ്ട കാര്യമില്ല. നോട്ടിഫിക്കേഷൻ നടത്താതിരിക്കാനാണ് ഈ അമന്റുമെന്റ് കൊണ്ടുവന്നത്. അതായിരുന്നു ഈ അമെന്റ്മെന്റിന്റെ ഉദ്ദേശം.

മി. സ്പീക്കർ : അത് മനസ്സിലായി.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, "by notification" എന്ന് പറഞ്ഞാൽ ഇനിയും നോട്ടിഫൈ ചെയ്യണം. മറ്റേതാണെങ്കിൽ വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇതിൽ ഒരു പ്രശ്നമുണ്ട്. സ്റ്റേറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നാഷണൽ ഹൈവേയെ സംബന്ധിച്ച് നോട്ടിഫൈ ചെയ്യാൻ അധികാരമില്ല. അത് ചെയ്യുന്നത് ശരിയല്ല. പ്രശ്നമുള്ളതുകൊണ്ട് അത് രണ്ടും രണ്ടായിട്ട് തന്നെ നോട്ടിഫൈ ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി, മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയോടുകൂടി അംഗീകരിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം, വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri. Thampanoor Ravi : Sir, I move the following amendment :

(103) The name of the Bill shall be changed as "The Kerala Highway Protection Authority Bill, 1999".

സർ, ഇപ്പോൾ ഈ ബില്ലിന് കൊടുത്ത പേര് 'The Kerala Highway Protection Bill' എന്നാണ്. അതിനെ അതോറിറ്റികൂടി ചേർത്ത് ' The Kerala Highway Protection Authority Bill' - എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

Shri. Johny Nelluoor : Sir, I move the following amendments

(105) In the preamble for the words " and use of Highways for purposes which will adversely affect the safety of traffic and proper conditon of ' shall be deleted.

(109) In sub clause (1) of clause 1 the words "the Kerala Highway Protection Act, 1999" shall be changed to "the Kerala Highway Development and Protection Act, 1999".

(110) In Clasue 1 sub clause (3) shall be recast as follows :

"It shall come into force at once".

Shri Thiruvanchoor Radhakrishnan :- Sir, I move the following amendment :

(108) In sub clause (1) of clause 1 the words "the Kerala Highway Protection Act, 1999" shall be substistuted with the words "the Kerala Highway Construction and Protection Act, 1999".

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

മേശപ്പുറത്തുവച്ച കടലാസുകൾ (തുടർച്ച)

[5 PM] ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999 നവംബർ മാസം 11-ാം തീയതിയിലെ G.O.P.No.2211/99/Fin. S.R.O. No. 920/99 ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ഇന്നലെ സഭയ്ക്ക് നൽകിയ ഉറപ്പ് പാലിച്ചിരിക്കുന്നു.

XI. എസ്.ആർ.ഒ. സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ഏത് സ്കീമാണെങ്കിലും റൂളാണെങ്കിലും മുൻകൂട്ടി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കണം. വളരെ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മാത്രമേ മറിച്ച് വരാൻ പാടുള്ളൂ. അത് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ചിട്ടില്ലെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ എല്ലാ എസ്.ആർ.ഒ.യും വയ്ക്കാറില്ല. ഇത് സഭയിൽത്തന്നെ വയ്ക്കാമെന്ന് ഇന്നലെ അങ്ങ് റൂൾ ചെയ്തത് അനുസരിച്ച് സമ്മതിച്ച സ്ഥിതിക്ക് ഞാൻ ഇന്ന് ഇവിടെ വയ്ക്കാമെന്ന് പറഞ്ഞു; ഞാൻ മേശപ്പുറത്ത് വച്ചു. ഇനി അത് റീ-ഓപ്പൺ ചെയ്യുന്നത് ശരിയാണോ?

മി. സ്പീക്കർ : ഭംഗിയായിട്ട് തന്നെ അത് അങ്ങ് നിർവ്വഹിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ഞാൻ പറഞ്ഞതും രണ്ടും രണ്ടാണ്. ഏത് സ്കീമാണെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ച് അപ്രൂവ് ചെയ്തേ എസ്.ആർ.ഒ. ആക്കാൻ പാടുള്ളൂ. അതാണ് എന്റെ അഭിപ്രായം. അതേ ചെയ്യാൻ പാടുള്ളൂ. ഇവിടെ വയ്ക്കാത്തത് അല്ല തെറ്റ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വാദിക്കേണ്ടത് ഇതാണ്. Article 249 of the Constitution - Ordinance has got all the status of an Act. Act empowers the Government to come out with the scheme under Section (3). We have come out with the scheme, by issuing

LIBRARY ARCHIVES Kerala Legislative Assembly

an S.R.O. Ordinarily, the S.R.O. must go to the Subject Committee. But, in extraneous circumstances... അദ്ദേഹം തന്നെ പറഞ്ഞു 11-ാം തീയതി ബില്ലും സ്കീമും ബോണ്ടും ഇറക്കി എന്ന്. extraneous circumstances-ൽ Subject Committee യിൽ വയ്ക്കാതെയും എസ്.ആർ.ഒ. കൊണ്ടുവരാമെന്ന് റൂളിൽ ഉണ്ട്.

മി. സ്പീക്കർ : റൂളിൽ അതിനുള്ള വ്യവസ്ഥയുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണ്. പക്ഷേ, ചിലപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് തന്നെ റൂൾ പുറപ്പെടുവിക്കാൻ കഴിയാതെയും വരാം. എന്നാൽ, ആ റൂൾ തന്നെ ഡിഫങ്റ്റാണോയെന്ന് ഞാൻ സംശയിക്കുകയാണ്. എനിക്ക് തന്നെ പലപ്പോഴും പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്; പല പെറ്റിഷൻസും കിട്ടിയിട്ടുണ്ട്. അപ്പോൾ ആ റൂളിനെ സംബന്ധിച്ച് നമ്മൾ ഒന്നുകൂടി ഒരു പുനഃപരിശോധന നടത്തണം. സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കുന്നില്ല എന്നത് പോകട്ടെ. അതിന്റെ റാറ്റിഫിക്കേഷന് പോലും പോകുന്നില്ല. അതിനെങ്കിലും പോകണ്ടേ? റാറ്റിഫിക്കേഷൻ എന്നു പറഞ്ഞാൽ സാധാരണ പ്രൊസിഡ്യൂവർ അല്ലേ? അതുപോലും ചെയ്യുന്നില്ല. അതാണ് ഞാൻ പറഞ്ഞത്, ആ റൂൾ പോലും ഡിഫങ്റ്റാണോയെന്ന് ഇന്ന് എനിക്ക് സംശയമുണ്ടെന്ന്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങ് പറയുന്നത് ശരിയാണ്. Ordinarily, the S.R.O. should go to the Subject committee. ആ വകുപ്പിൽത്തന്നെ പറയുന്നുണ്ട്, in extraneous Circumstances-ൽ സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കാതെയും കൊണ്ടുവരാമെന്ന്. ആ റൂൾ ഉപയോഗിച്ചാണ് എസ്.ആർ.ഒ. കൊണ്ടുവന്നത്. അത് പിന്നെ റാറ്റിഫിക്കേഷന് സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുപോകണം. നിരവധി എസ്. ആർ.ഒ.കൾ ഒന്നിച്ചാണ് ഞങ്ങൾ റാറ്റിഫൈ ചെയ്യുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഒരു അസാധാരണ സാഹചര്യത്തിൽ മാത്രം വേണമെങ്കിൽ നോട്ടിഫൈ ചെയ്യാം. എന്നാൽ അത് അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ വച്ച് പാസ്സാക്കണമെന്നുള്ളതാണ് കീഴ്വഴക്കം. അങ്ങും പറഞ്ഞത് അതാണ്. അതാണ് ഇവിടെ ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നം.

മി. സ്പീക്കർ : അതാണ് വേണ്ടത്. അക്കാര്യത്തിൽ സംശയമൊന്നും ഇല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അങ്ങ് പറഞ്ഞതുപോലെ അത് അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ വച്ച് റാറ്റിഫൈ ചെയ്യാം. അതാണ് ശരി.

മി. സ്പീക്കർ : ജനറലായിട്ടുള്ള കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. നടപടിക്രമമനുസരിച്ച് ജനറലായിട്ട് ഇങ്ങനെയൊരുനിലയുള്ളപ്പോൾ, ഒരു റൂൾ നിലനിൽക്കുമ്പോൾ അത് ഫങ്ഷൻ ചെയ്യുന്നില്ല എന്നാണ് പറയുന്നത്. റൂൾ ഫങ്ഷൻ ചെയ്യാൻ വേണ്ടിയല്ലേ ഉണ്ടാക്കിയിരിക്കുന്നത്? എന്നിട്ട് ഇത് ഫങ്ഷൻ ചെയ്യാതിരിക്കുക എന്നത് ശരിയല്ല. നിയമസഭയെ സംബന്ധിച്ച് അത് ഗൗരവമുള്ള ഒരു പ്രശ്നമാണ്. അത് നമുക്ക് വേറെ പരിശോധിക്കാം.

നിയമനിർമ്മാണകാര്യം (തുടർച്ച)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാല ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവി

LIBRARY ARCHIVES Kerala Legislative Assembly

കസനവും ബിൽ എടുക്കാം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് ബിൽ അവതരിപ്പിക്കാം.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ[+] പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(2) Notwithstanding anything contained in sub-section (1), where any offence under this Act has been committed by a company, and it is proved that the offence has been committed with the consent or connivance of, or that the commission of the offence is attributable to any neglect on the part of any director, manager, secretary or other officer of the company, such director, manager, secretary or other officer shall be deemed to be guilty of that offence and shall be liable to be proceeded against and punished accordingly.

Explanation.-For the purpose of this section,-

(a) 'company' means any body corporate and includes a firm or other organisation or association of persons or a co-operative society.

(b) 'director' in relation to a firm, means a partner in the firm

43. *Cognizance of offences.*- No court shall take cognizance of any offence punishable under this Act except on a report in writing of the facts constituting such offence made by a highway authority or any other officer authorised by the Government in this behalf".

44. *Police officers to assist highway authorities.*- Every police officer shall forthwith furnish information to the nearest highway authority, or to the nearest officer subordinate to the highway authority, of any offence comingto his knowledge which has been committed against this Act or the rules made thereunder and shall be bound to assist the highway authority and its officers and servants in the exercise of their lawful authority.

45. *Duties of village officials to report to highway authority.*- Every village officer, village assistant or other village official by whatever name called, shall forthwith inform the nearest police station or the nearest highway authority whenever he becomes aware that any survey marks showing the building line or

LIBRARY ARCHIVES Kerala Legislative Assembly

control line determined in respect of a highway has been destroyed, damaged, removed, displaced or otherwise tampered with or that any damage to any highway or encroachment on any highway land has been made.

46. *Power to utilities highway land for purposes other than road purpose.*- The highway authority may utilise temporarily, for purposes, other than road purposes, the land forming part of a highway which is not immediatly required for the purposes of the traffic and dispose of the produce, if any, of such lands, in such manner as may be prescribed.

47. *Saving as regards land under the control of Central Government.*- Nothing in this Act shall apply to lands vested in or under the control of Central Government or to any area falling within the limits of a Cantonment Board, Major Port Trust or other authority under the administrative control of the Central Government.

48. *Mode of recovery of sums payable to highway authority.*- Any sum payable to the highway authority under this Act shall, without prejudice to any other mode of recovery, be recoverable on behalf of the highway authority as an arrear of public revenue due on land.

49. *Repeal and saving.*- (1) The Kerala Highway Protection Ordinance, 1999 (6 of 1999), is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ 1999 ഡിസംബർ മാസം 8-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 1999 ഡിസംബർ 14-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) 1999 ഡിസംബർ 15-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

ഉപഖണ്ഡം (സി)യിൽ ''വ്യവസായ'' എന്ന വാക്ക് വിട്ടുകളയുക.

ഉപഖണ്ഡം (എം)-ൽ ''അർഹതയുള്ളതും പത്തു ലക്ഷം രൂപയിൽ കുറയാത്ത മൂലധന നിക്ഷേപമുള്ളതുമായ'' എന്നതിനു പകരം ''അർഹത യുള്ള'' എന്ന പദം ചേർക്കുക.

ഖണ്ഡം 3

ഉപഖണ്ഡം (6)-ൽ ''കൂട്ടുകൂടാവുന്നതും'' എന്ന പദത്തിനു പകരം ''കൂട്ടുചേരാവുന്നതും'' എന്ന വാക്കും ''കൂട്ടുകൂടിയ'' എന്ന പദത്തിന് പകരം ''കൂട്ടുചേർന്ന'' എന്ന വാക്കും ചേർക്കുക.

ഖണ്ഡം 4

ഉപഖണ്ഡം (1)-ൽ ഓരോ ജില്ലയിലും എന്നതിനു ശേഷം ''രണ്ടു ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപം ഉള്ളതുമായ'' എന്ന് ചേർക്കുക.

ഉപഖണ്ഡം (6)-ൽ ''അത്തരം'' എന്ന വാക്കിനു പകരം ''അപ്രകാര മുള്ള'' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 5

ഉപഖണ്ഡം (3) (ഡി)-ൽ ''അധികാരി'' എന്ന വാക്ക് ഒഴിവാക്കുക.

ഉപഖണ്ഡം (6)-ൽ ''കൂട്ടുകൂടാവുന്നതും'' എന്ന വാക്കിനു പകരം ''കൂട്ടുചേരാവുന്നതും'' എന്നും ''കൂട്ടുകൂടപ്പെട്ട'' എന്ന വാക്കിനു പകരം ''കൂട്ടുചേർന്ന'' എന്ന വാക്കും ചേർക്കുക.

ഖണ്ഡം 6

''ഒഴിവാക്കുന്നതാണ്'' എന്ന വാക്കിനുപകരം '' ഒഴിവാക്കേണ്ടതാണ്'' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 8

ഉപഖണ്ഡം (1)-ൽ അടങ്ങിയിരുന്നാലും എന്ന വാക്കിനുശേഷം വരുന്ന ''ഏതെങ്കിലും'' എന്ന വാക്ക് മാറ്റി പകരം ''രണ്ടു ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപവുമുള്ള'' എന്ന വാക്കുകൾ ചേർക്കുക.

ഉപഖണ്ഡം (3)-നു ശേഷം താഴെ പറയുന്ന ഉപഖണ്ഡം (4) ആയി ചേർക്കുക.

(4) തത്സമയം പ്രാബല്യമുള്ള ഏതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും രണ്ടു ലക്ഷം രൂപയിൽ താഴെ മൂലധന നിക്ഷേപ മുള്ള ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാ രസ്ഥാനത്തിന്റെ മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ മാറ്റങ്ങളോടുകൂടി ശുപാർശ ചെയ്യപ്പെ ടുകയോ ചെയ്യുകയാണെങ്കിൽ സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശുപാർശയോ ബന്ധപ്പെട്ട അധികാരസ്ഥാനത്തിൽ നിന്ന് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം അത്തരം ഉത്തരവിന് എതി രായി നിർണ്ണയിക്കപ്പെട്ട പ്രകാരം ജില്ലാ ബോർഡിന് അപ്പീൽ സമർപ്പിക്കാവു ന്നതും അപ്രകാരമുള്ള അപ്പീൽ അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

ഖണ്ഡം 9

LIBRARY ARCHIVES Kerala Legislative Assembly

ഉപഖണ്ഡം (2) (ബി)യിൽ "അനുമതി പത്രം" എന്ന വാക്കിനുപകരം "അനുമതി" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 11

ഉപഖണ്ഡം (3)-ൽ "കീഴിലുള്ള" എന്ന വാക്കിനു പകരം " കീഴിൽ" എന്ന വാക്കും "ചുമതലകളും" എന്നതിനുശേഷം "അങ്ങനെയുള്ള" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 16

ഉപഖണ്ഡം (3) താഴെപറയുന്ന പ്രകാരം ചേർക്കുക.

"(3) മേൽപ്പറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്ത ഒരു മുനിസിപ്പൽ കൗൺസിലിനേയോ അതിന്റെ ചെയർമാനേയോ സെക്രട്ടറിയെയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും വ്യവസായ നഗരപ്രദേശ അധികാര സ്ഥാനത്തിനേയോ അതിന്റെ ചെയർമാനേയോ അല്ലെങ്കിൽ ചീഫ് ഓഫീസറേയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുൻസിപ്പൽ കൗൺസിലിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ജീവനക്കാരനേയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥനെയോ ജീവനക്കാരെയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുൻസിപ്പാലിറ്റിയുടെ പ്രാദേശിക അതിരുകളെ സംബന്ധിച്ചുള്ള എല്ലാ റഫറൻസുകളും, അതത് സംഗതിപോലെ, വ്യവസായ നഗര പ്രദേശത്തെ അതിരുകളെ സംബന്ധിച്ചുള്ള റഫറൻസായും വ്യാഖ്യാനിക്കേണ്ടതാണ്."

ഖണ്ഡം 22

"ഉപനിയമത്തിനോ കീഴിലോ" എന്ന വാക്കുകൾക്ക് പകരം "ഉപനിയമത്തിനോ കീഴിൽ" എന്ന വാക്കുകൾ ചേർക്കുക.

വിയോജനക്കുറിപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സുശീലാ ഗോപാലൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി-IV

LIBRARY ARCHIVES Kerala Legislative Assembly

MINUTES OF DISSENT

We oppose the provisions of this Bill as reported by the Subject Committee on the following grounds.

2. This Bill intends to save the potential entrepreneurs from the cumbersome and time consuming procedures in existence for obtaining the several licences, clearances or certificates required for commencing new industries in the State. However the time specified for taking a decision on a petition submitted by an applicant is thirty days in the case of Industrial Area Boards, sixty days as regards the District Boards and forty-five days in respect of the State Board. The Comittee are of the view that the functioning of the respective Board should be so ideal, smooth, transparent and efficient that one who submits an application should be able to walk away with the required licence, clearance or certificate in the evening. Then only we can say that the delays are ostracised for once and all, However in the interest of expendency we may suggest that the Board concerned should take a decision within a fortnight from the date of presentation of the application. The period of taking decision on appeal petitions filed before the District Board, the State Board and the Government should also be fifteen days. We want to incorporate necessary changes in this behalf.

3. According to the provisions contained in this Bill it is not necessary to obtain permits from certain authorities for the construction of buildings for starting industries if such industries are located in an industrial area. So also the provisions of the Bill have over riding effect in respect of the provisions contained in some other enactments on an area being declared as an industrial area. These benefits are not available in the case of new industries proposed to be started in areas other than in industrial areas.We want to exten this benefit to the new industries proposed to be started in places other than in industrial areas also.

4. In certain cases in order to establish large scale industries the sanction or clearance of the Government of India might be required. We are of the view that it should be the duty of the District Board and the State Board to assist the entrepreneures to obtain such sanctions and clearances. Necessary provisions should be incorporated in this Bill for the purpose.

Thiruvananthapuram	K Babu	(Sd.)
15.12.1999	Therambil Ramakrishnan	(Sd.)

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടിരിക്കുന്നത് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു. നക്ഷത്ര ചിഹ്നം ഒഴിവാക്കിയതിനെ സൂചിപ്പിക്കുന്നു]

കേരള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- സംസ്ഥാനത്ത്, വ്യവസായങ്ങളുടെ സുഗമമായ സ്ഥാപനവും അവയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും വ്യവസായ നഗര പ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദത്തിന്റെ (1)-ാ ഖണ്ഡം, അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു വ്യവസായ നഗരം സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

ഒരു വ്യവസായ നഗരത്തിന്റെ ഭരണ നിർവഹണത്തിനും, വ്യവസായ വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി വ്യവസായ പ്രദേശ വികസന അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായിരിക്കുന്നതിനാലും;

ഇപ്പറഞ്ഞ എല്ലാ കാര്യങ്ങൾക്കും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംസത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.- (1) ഈ ആക്ടിന് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് എന്ന് പേർ പറയാം.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

(2) നിർവ്വചനങ്ങൾ.- ഈ ആക്ടിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) ''അധികാരസ്ഥാനം'' എന്നാൽ സംസ്ഥാനത്ത് ഒരു വ്യവസായ സംരംഭം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ നൽകേണ്ടതായ ഏതെങ്കിലും സർക്കാർ വകുപ്പോ, സർക്കാർ ഏജൻസികളോ, ഗ്രാമ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(ബി) 'ഉപ നിയമങ്ങൾ' എന്നാൽ ഈ ആക്ട് പ്രകാരം സംസ്ഥാന ബോർഡ് ഉണ്ടാക്കിയ ഉപനിയമങ്ങൾ എന്നർത്ഥമാകുന്നു;

(സി) ''ജില്ലാ ബോർഡ്''എന്നാൽ ഈ ആക്ടിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ ***** ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) ''വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥൻ'' എന്നാൽ ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ പ്രസ്തുത വ്യവസായ പ്രദേശത്തിന്റെ വികസനവും സംരക്ഷണവും സംബന്ധിച്ച് ആവശ്യങ്ങൾക്കായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

(ഇ) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്)''വ്യവസായ പ്രദേശം'' എന്നാൽ, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംമൂലം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സംസ്ഥാനത്തെ ഏതൊരു പ്രദേശവും എന്നർത്ഥമാകുന്നതും, അതിൽ വ്യവസായ എസ്റ്റേറ്റുകൾ, വികസന പ്രദേശങ്ങൾ, വികസന പ്ലോട്ടുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ വ്യവസായ പാർക്കുകൾ, വളർച്ചാ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(ജി) ''വ്യവസായ പ്രദേശ ബോർഡ്'' എന്നാൽ ഈ ആക്ടിന്റെ 5-ാംവകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

(എച്ച്) ''വ്യവസായ നഗര പ്രദേശം'' എന്നാൽ ഈ ആക്ടിന്റെ 14-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു വ്യവസായ പ്രദേശം എന്നർത്ഥമാകുന്നു;

(ഐ) ''വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം'' എന്നാൽ 15-ാം വകുപ്പും പദ്ധതിയും പ്രകാരം ഒരു വ്യവസായ നഗര പ്രദേശത്തിനായി രൂപീകരിച്ച ഒരു വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം, എന്നർത്ഥമാകുന്നു;

(ജെ) ''വ്യവസായ സംരംഭം'' എന്നാൽ നീരാവികൊണ്ടുള്ള ഊർജ്ജമോ, ജലോർജ്ജമോ, മെക്കാനിക്കൽ ഊർജ്ജമോ, വൈദ്യുത ഊർജ്ജമോ ഉപയോഗിക്കപ്പെടുന്ന ഒരു ഫാക്ടറിയോ, വർക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ അഥവാ മേൽപ്പറഞ്ഞ ഏതങ്കിലും ഊർജ്ജത്താൽ പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രങ്ങളോ, ഉൽപ്പാദന പ്ലാന്റുകളോ സ്ഥാപിച്ചിരിക്കുന്ന ഏതെങ്കിലും പരിസരങ്ങളോ, അഥവാ ഊർജ്ജത്തിന്റെ സഹായത്താലോ അല്ലാതെയോ

LIBRARY ARCHIVES Kerala Legislative Assembly

പത്തോ അതിലധികമോ തൊഴിലാളികൾ ജോലിക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായ സംരംഭമോ, എന്നർത്ഥമാകുന്നു;

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "പദ്ധതി" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(എം) "ചെറുകിട വ്യവസായ സംരംഭം" എന്നാൽ 1951-ലെ വ്യവസായങ്ങൾ (വികസനവും നിയന്ത്രണവും) ആക്ട് (1951-ലെ 65-ാം കേന്ദ്ര ആക്ട്) 11 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളനുസരിച്ച് പ്രസ്തുത ആക്ടിന്റെ ആവശ്യത്തിനായി ഒരു ചെറുകിട വ്യവസായ സംരംഭമായി പരിഗണിക്കണപ്പെടാൻ അർഹതയുള്ള (** ** ** ** ** ** ** ** ** **) ഒരു വ്യവസായ സംരംഭം എന്നർത്ഥമാകുന്നു;

(എൻ) "സംസ്ഥാന ബോർഡ്" എന്നാൽ ഈ ആക്ടിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച "കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ്" എന്നർത്ഥമാകുന്നു;

(ഒ) "സംസ്ഥാന നിയമം" എന്നാൽ തിരുവിതാംകൂറിന്റെയോ, കൊച്ചിയുടെയോ ഒരു വിളംബരമോ, ആക്ടോ, തിരുകൊച്ചിയുടെ ഒരു ആക്ടോ, ഓർഡിനൻസോ, കേരള സംസ്ഥാന നിയമ നിർമ്മാണസഭ പാസ്സാക്കിയ ഒരു ആക്ടോ അല്ലെങ്കിൽ ഗവർണർ പുറപ്പെടുവിച്ചതും സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്നതുമായ ഒരു ഓർഡിനൻസോ എന്നർത്ഥമാകുന്നതും അതിൽ അത്തരം ഏതെങ്കിലും ആക്ടുമൂലം നൽകപ്പെട്ട ഒരു അധികാരം വിനിയോഗിച്ച് സർക്കാരോ സർക്കാരിന്റെ കീഴിലുള്ള ഒരു അധികാരസ്ഥാനമോ ഉണ്ടാക്കിയ ഒരു ചട്ടമോ, ഉത്തരവോ, ഉപനിയമമോ അല്ലെങ്കിൽ റഗുലേഷനോ ഉൾപ്പെടുന്നതുമാകുന്നു.

അദ്ധ്യായം II

സംസ്ഥാന ബോർഡും ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും

3. സംസ്ഥാന ബോർഡ്.- (1) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്ത് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ശാശ്വതപിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശ സ്വയംഭരണം, റവന്യൂ, നികുതി, ജലസേചനം, ഊർജ്ജം, വനം എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ;

(ഡി) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ക്ലിപ്തം;

(ഇ) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ;

(എഫ്) കേരള സംസ്ഥാന വ്യവസായ ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ ക്ലിപ്തം;

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെയർമാൻ;

(എച്ച്) കേരള ധനകാര്യ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ഐ) ചീഫ് ടൗൺ പ്ലാനർ;

(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(കെ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(എൽ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(എം) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ;

(എൻ) ആരോഗ്യ വകുപ്പ് ഡയറക്ടർ.

(4) ഗവൺമെന്റ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സംസ്ഥാന ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

(5) ചെയർമാൻ നിശ്ചയിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും സംസ്ഥാന ബോർഡ് യോഗം ചേരേണ്ടതും, അതിന്റെ കാര്യനിർവ്വഹണത്തിനായി ഉപനിയമങ്ങളിൽ പറഞ്ഞിട്ടുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(6) സംസ്ഥാന ബോർഡിന്, ഈ ആക്ടു പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ തേടുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമായി ഏതൊരു വ്യക്തിയുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആൾക്ക് ആ ആവശ്യം സംബന്ധിച്ച് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, അദ്ദേഹത്തെ സംസ്ഥാന ബോർഡിന്റെ ഒരംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാണ്.

4. ജില്ലാ ബോർഡുകൾ .- (1) സംസ്ഥാനത്തെ ഓരോ ജില്ലയിലും രണ്ട് ലക്ഷം രൂപയിൽ കുടുതൽ മുലധന നിക്ഷേപമുള്ളതുമായ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി ഒരു ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡും, ഏത് ജില്ലയ്ക്കു വേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത്, ആ ജില്ലയുടെ പേരിലുള്ള ശാശ്വതമായ പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും ഉള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) ജില്ലാ കളക്ടർ;

(ബി) ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റോ അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ,

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ജില്ലാ ഓഫീസറോ, അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസറോ, അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്)നഗരാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യ ടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഐ) ഫാക്ടറീസും ബോയിലേഴ്സും ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസേഴ്സ്;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗര വികസന അതോറിറ്റിയുടെ സെക്രട്ടറി അഥവാ ജില്ലാ പഞ്ചായത്തു സെക്രട്ടറി;

(എൻ) വിൽപ്പന നികുതിയും-കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മിഷണർ;

(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, കേരള ജല അതോറിറ്റിയിലെ ഒരുദ്യോഗസ്ഥൻ;

(4) ജില്ലയിലെ കളക്ടർ ജില്ലാ ബോർഡിന്റെ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ അതിന്റെ കൺവീനറും ആയിരിക്കേണ്ടതാണ്.

(5) ജില്ലാ ബോർഡ്, അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും വച്ച് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച് ഉപനിയമങ്ങളിൽ പറയുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) ജില്ലാ ബോർഡിന്, ഈ ആക്ടുപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിനു ആവശ്യമെന്നുതോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കും വേണ്ടി ഏതൊരു ആളുമായും പങ്കു ചേരാവുന്നതും അപ്രകാരം പങ്കുചേർന്ന ആളിന് ആ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ജില്ലാ ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും ജില്ലാ ബോർഡിന്റെ അംഗമായി കരുതാൻ പാടില്ലാത്തതുമാണ്.

5. വ്യവസായ പ്രദേശ ബോർഡുകൾ.-(1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങളോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിന് വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനം മൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനും വേണ്ടി വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന് വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡും ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഏത് ജില്ലയ്ക്ക് വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ പേരിലുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് അതായത്:-

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത ** ** അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ആഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ

(ജി) നഗരാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(ജെ) ഫാക്ടറീസും ബോയിലേഴ്സും ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(കെ) ഡിവിഷണൽ ഫയർഫോഴ്സ് ഓഫീസർ;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

LIBRARY ARCHIVES Kerala Legislative Assembly

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) വിൽപ്പന നികുതിയും കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മിഷണർ

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(4) സർക്കാരിന്, ജില്ലാ കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത, വ്യവസായ പ്രദേശ ബോർഡിലെ ഒരു അംഗത്തെ അതിന്റെ ചെയർമാനായി നിയമിക്കാവുന്നതും ആ വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനം വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതും ആണ്.

(5) വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും വ്യവസായ പ്രദേശബോർഡ് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവഹണം സംബന്ധിച്ച് ഉപനിയമങ്ങളിൽ പറയുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(6) വ്യവസായ പ്രദേശ ബോർഡിന്, ഈ ആക്ട് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കും വേണ്ടി ഏതൊരാളുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആളിന് ആ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ വ്യവസായ പ്രദേശ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, വ്യവസായ പ്രദേശ ബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

6. ലൈസൻസ് മുതലായവയിൽനിന്നും ഒഴിവാക്കൽ.-തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവസായ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങളെയും മുനിസിപ്പാലിറ്റികൾ അഥവാ ഗ്രാമപഞ്ചായത്തുകൾ, നഗര ആസൂത്രണ വകുപ്പ് അഥവാ വികസന അതോറിറ്റികൾ എന്നിവയിൽ നിന്നും, വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട പെർമിറ്റുകൾ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7. വ്യവസായ പ്രദേശ ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും.- (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു വ്യവസായ പ്രദേശത്ത് ഒരു വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിനായി ബന്ധപ്പെട്ട നിയമപ്രകാരം നല്കേണ്ടതായ ഫീസ് എന്തെങ്കിലുമുണ്ടെങ്കിൽ അതുസഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) വ്യവസായ പ്രദേശ ബോർഡ്, ഇതിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചതിനുശേഷവും, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകവും,-

LIBRARY ARCHIVES Kerala Legislative Assembly

(എ) അപേക്ഷിച്ചിട്ടുള്ള ലൈസൻസോ അനുവാദമോ, യാതൊരു മാറ്റവുമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനായി ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ അഥവാ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ അഥവാ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നിരസിക്കുന്നതിനോ തീരുമാനമെടുക്കേണ്ടതാണ്.

(3) വ്യവസായ പ്രദേശ ബോർഡ് എടുക്കുന്ന തീരുമാനം, അതിന്റെ നിയുക്ത അധികാരസ്ഥൻ, അപേക്ഷകനെയും ബന്ധപ്പെട്ട അധികാരസ്ഥാനത്തെയും അറിയിക്കേണ്ടതാണ്.

8. ജില്ലാ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.- (1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രണ്ടുലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, യഥാക്രമമുള്ള അതത് ബന്ധപ്പെട്ട നിയമപ്രകാരം നല്കേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) ജില്ലാ ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനകവും,

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ ലൈസൻസോ അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നല്കാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അതിന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നല്കുന്നത് നിരസിക്കുന്നതിനോ;

തീരുമാനമെടുക്കേണ്ടതാണ്.

(3) ജില്ലാ ബോർഡ് എടുക്കുന്ന തീരുമാനം ജില്ലാ ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും അറിയിക്കേണ്ടതാണ്.

(4) തത്സമയം പ്രാബല്യമുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും രണ്ടു ലക്ഷം രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ മാറ്റങ്ങളോടുകൂടി ശുപാർശ ചെയ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശുപാർശയോ ബന്ധപ്പെട്ട അധികാരസ്ഥാനത്തിൽ നിന്ന് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം ജില്ലാ ബോർഡിന് അപ്പീൽ സമർപ്പിക്കാവു

LIBRARY ARCHIVES Kerala Legislative Assembly

ന്നതും അപ്രകാരമുള്ള അപ്പീൽ അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

9. <u>സംസ്ഥാന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.</u>- (1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചെറുകിട വ്യവസായ സംരംഭം അല്ലാത്ത ഏതൊരു വ്യവസായ സംരംഭവും സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരമുള്ള ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ബന്ധപ്പെട്ട നിയമപ്രകാരം നല്കേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) സംസ്ഥാന ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ നാല്പത്തിയഞ്ചു ദിവസത്തിനകവും,

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്നു തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ അപേക്ഷിച്ച പ്രകാരമുള്ള ലൈസൻസോ അനുവാദമോ നല്കാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുവാനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ, സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം അനുമതി നിരസിക്കുവാനോ;

തീരുമാനമെടുക്കേണ്ടതാണ്.

(3) സംസ്ഥാനബോർഡ് എടുക്കുന്ന തീരുമാനം സംസ്ഥാന ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും അറിയിക്കേണ്ടതാണ്.

10. <u>ശുപാർശകളുടെ അടിസ്ഥാനത്തിൽ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകൽ.</u>- തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബന്ധപ്പെട്ട അധികാരസ്ഥാനം സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ ശുപാർശ ലഭിച്ച് പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം അതതുസംഗതിപോലെ സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ ശുപാർശകൾക്കനുസൃതമായി അപേക്ഷിച്ച പ്രകാരമുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ നല്കേണ്ടതാണ്. അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ, പ്രസ്തുത സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലാത്തപക്ഷം അതതു ബോർഡ് ശുപാർശ ചെയ്ത പ്രകാരമുള്ള അനുമതിപത്രമോ, ലൈസൻസോ സർട്ടിഫിക്കറ്റോ അതതുസംഗതിപോലെ പ്രസ്തുത പത്ത് പ്രവൃത്തിദിവസങ്ങൾ അവസാനിച്ചതിനുശേഷം, നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

11. <u>സംസ്ഥാന ബോർഡിന്റെ അപ്പലേറ്റ് അധികാരപരിധി.</u>- (1) ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ

LIBRARY ARCHIVES Kerala Legislative Assembly

നിരസിക്കപ്പെടുകയോ, മാറ്റങ്ങളോടുകൂടി ശുപാർശ ചെയ്യപ്പെടുകയോ ചെയ്തുകയാണെങ്കിൽ, സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശുപാർശയോ ജില്ലാ ബോർഡിൽ നിന്നോ വ്യവസായ പ്രദേശ ബോർഡിൽ നിന്നോ ലഭിച്ച തീയതിമുതൽ മുപ്പതു ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന ബോർഡിന് ആവശ്യമെന്ന് അതു കരുതുന്ന പക്ഷം, കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള വിശദാംശങ്ങൾ ഹാജരാക്കപ്പെട്ടശേഷവും സങ്കടമനുഭവിക്കുന്ന വ്യക്തിക്കും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷവും, അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്. പ്രസ്തുത അപ്പീലിൻമേലുള്ള സംസ്ഥാന ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) സംസ്ഥാന ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അതു നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഈ വകുപ്പിൻകീഴിൽ അതിന്റെ അധികാരങ്ങളും ചുമതലകളും അങ്ങനെയുള്ള നിയന്ത്രണങ്ങളും വ്യവസ്ഥകളും എന്തെങ്കിലുമുണ്ടെങ്കിൽ അതിനു വിധേയമായി അതു രൂപീകരിക്കുന്ന ഏതെങ്കിലും ഉപസമിതിക്ക് ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(4) ഉപസമിതിയുടെ ഘടന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന ബോർഡോ അതിന്റെ ഉപസമിതിയോ ഈ വകുപ്പിൻകീഴിൽ, എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ലൈസൻസോ, ക്ലിയറൻസോ സർട്ടിഫിക്കറ്റോ ബന്ധപ്പെട്ട നിയമത്തിൻകീഴിൽ നൽകപ്പെട്ടതായി കരുതപ്പെടുന്നതാണ്.

12. സർക്കാരിന്റെ അപ്പലേറ്റ് അധികാരപരിധി.-അതതുസംഗതിപോലെ, ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ തീരുമാനത്തിൻമേൽ 11-ാം വകുപ്പിൻകീഴിലുള്ള അപ്പീലിൽ എടുത്ത തീരുമാനങ്ങളുടെ സംഗതികളിലൊഴികെ, സംസ്ഥാന ബോർഡിന്റെ തീരുമാനത്തിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന ബോർഡിന്റെ അപ്രകാരമുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം സർക്കാരിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

13. ലൈസൻസുകൾ റദ്ദാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം. - (1) സംസ്ഥാന ബോർഡിന്, സ്വമേധയാ ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടികളെ സംബന്ധിച്ച രേഖകൾ ഏതു സമയത്തും പരിശോധിക്കാവുന്നതും, ഈ ആക്റ്റിൻകീഴിലുള്ള ക്ലിയറൻസോ സർട്ടിഫിക്കറ്റോ ലൈസൻസോ പ്രധാന വസ്തുതകൾ തെറ്റായ രീതിയിൽ ധരിപ്പിച്ചുകൊണ്ടോണ് സമ്പാദിച്ചിട്ടുള്ളതെന്ന് സംസ്ഥാന ബോർഡിന് ബോദ്ധ്യംവന്നാൽ, അതിന്, ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അവർ നൽകിയ ലൈസൻസോ, സർട്ടിഫിക്കറ്റോ ക്ലിയറൻസോ റദ്ദാക്കാൻ ഉത്തരവ് മുഖേന നിർദ്ദേശിക്കാവുന്നതാണ്:

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ, ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരുത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ബോർഡ് പാസ്സാക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻകീഴിൽ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നല്കപ്പെട്ടിട്ടുള്ള ആളോ അധികാരസ്ഥാനമോ, അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലോ അഥവാ ഏതെങ്കിലും സംഗതിയിൽ ഉചിതമെന്നു കണ്ടു സംസ്ഥാന ബോർഡ് നീട്ടിക്കൊടുത്ത സമയത്തിനുള്ളിലെ ഏതു വ്യവസായ രംഗത്തെ സംബന്ധിച്ചാണോ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നല്കിയിട്ടുള്ളത്, അത് സ്ഥാപിക്കുന്നതിലോ അഥവാ സ്ഥാപിക്കുന്നതിനായി ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിനോ പരാജയപ്പെട്ടതായി ഇതിലേക്കുള്ള ഒരു റഫറൻസ് മുഖാന്തിരമോ മറ്റു വിധത്തിലോ സംസ്ഥാന ബോർഡിന് ബോദ്ധ്യം വന്നാൽ, അതിന്, നൽകിക്കഴിഞ്ഞ ലൈസൻസോ ക്ലിയറൻസോ സർട്ടിഫിക്കറ്റോ റദ്ദാക്കുവാൻ ബന്ധപ്പെട്ട അധികാരിയോട് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അവ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു നടപടി ക്രമത്തിന് ബാധകമാകുന്നതുപോലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിനും ബാധകമാകുന്നതാണ്.

അദ്ധ്യായം III

വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം

14. വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം. - (1) ഗവർണ്ണർക്ക് ഒരു വ്യവസായ പ്രദേശത്തിന്റെ വലിപ്പവും ആ പ്രദേശത്ത് നല്കി വരുന്നതോ ഒരു ഏജൻസി മുഖേന നല്കാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സർവ്വീസുകൾ കണക്കിലെടുത്തുകൊണ്ട്, ഇൻഡ്യൻ ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം ഒരു പൊതുവിജ്ഞാപനം മുഖേന, ആ പ്രദേശത്തെ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കാവുന്നതാണ്.

വിശദീകരണം. - ഈ വകുപ്പിൽ ഒരു വ്യവസായ പ്രദേശം എന്ന പദപ്രയോഗത്തിന് ഒരു വ്യവസായ പ്രദേശത്തിന്റെ പ്രയോജനം ലഭിക്കുന്ന ഒരു പ്രദേശം എന്നർത്ഥമാകുന്നു.

(2) ഏതെങ്കിലും പ്രദേശം (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള രീതിയിൽ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കപ്പെട്ടാൽ പ്രസ്തുത പ്രദേശം, അതതു സംഗതിപോലെ 1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ് (1994-ലെ 13) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു പഞ്ചായത്തിലോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റിയിലോ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള പഞ്ചായത്തിൽ നിന്നോ, മുനിസിപ്പാലിറ്റിയിൽ നിന്നോ ഒഴിവാക്കിയതായി കരുതപ്പെടേണ്ടതാണ്.

(3) അധികാരസ്ഥാനത്തിന് ഒരു വ്യവസായ നഗരപ്രദേശത്ത് ഒരു മുനിസിപ്പാലിറ്റിക്കുണ്ടായിരിക്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

15. വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ രൂപീകരണം. – (1) സർക്കാരിന്, വ്യവസായ നഗരപ്രദേശത്തിന്റെ ഭരണനിർവ്വഹണത്തിനും ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനുമായി, വിജ്ഞാപനംമൂലം, ഓരോ വ്യവസായ നഗരപ്രദേശത്തിനും ഒരു വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം രൂപീകരിക്കാവുന്നതാണ്.

(2) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിൽ സർക്കാർ നിയമിക്കുന്ന അത്രയും ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(3) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ചുമതലകൾ, വ്യവസായ നഗരപ്രദേശത്തെ ഭരണനിർവ്വഹണവും ആസൂത്രിതവികസനം കൈവരിക്കലും പ്രസ്തുത പ്രദേശത്തിന്റെ സംരക്ഷണവും ആയിരിക്കുന്നതാണ്.

(4) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം, ഈ ആക്റ്റിലും പദ്ധതിയിലും വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം, വ്യവസായ നഗരപ്രദേശത്തെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പദ്ധതിയിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ഡയറക്ടർമാരെ തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നവിധം;

(ബി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ യോഗങ്ങൾ നടത്തേണ്ടവിധം;

(സി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തെ സഹായിക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ;

(ഡി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ സൂക്ഷിക്കലും, കണക്കുകളുടെ ആഡിറ്റ് നടത്തേണ്ട വിധവും;

(ഇ) വ്യവസായ നഗരപ്രദേശ അധികാര സ്ഥാനം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും;

(എഫ്) പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ, അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതും അനുയോജ്യമായതുമായ മറ്റേതെങ്കിലും സംഗതി.

(6) ഈ വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള ഓരോ പദ്ധതിയും അതു പുറപ്പെടുവിച്ചശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ മുൻപാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വെയ്ക്കേണ്ടതും, അപ്രകാരം അതു വെയ്ക്കുന്ന സമ്മേളനമോ, അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ പദ്ധതി രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ പദ്ധതിക്ക് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ പദ്ധതി പ്രകാരം മുൻപ് ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

16. മുനിസിപ്പൽ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ബാധകമാക്കൽ. - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, തത്സമയം പ്രാബല്യത്തിലുള്ള മുൻസിപ്പാലിറ്റികളെ സംബന്ധിച്ച നിയമത്തിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ഒരു വ്യവസായ നഗരപ്രദേശത്തിന് ബാധകമാണെന്നും പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും പ്രഖ്യാപിക്കാവുന്നതാണ്.

(2) അപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഒരു വ്യവസായ നഗരപ്രദേശത്തിന് ബാധകമാക്കുന്നതിനായി, അതിന്റെ സത്തയെ ബാധിക്കാത്തതും ആവശ്യവും അനുയോജ്യവുമായ ഭേദഗതികളോടുകൂടിയും വ്യാഖ്യാനിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ ഒരു മുൻസിപ്പൽ കൗൺസിലിനേയോ അതിന്റെ ചെയർമാനെയോ സെക്രട്ടറിയേയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും വ്യവസായ നഗരപ്രദേശ അധികാര സ്ഥാനത്തിനേയോ അതിന്റെ ചെയർമാനേയോ അല്ലെങ്കിൽ ചീഫ് ഓഫീസറെയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുനിസിപ്പൽ കൗൺസിലിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുനിസിപ്പാലിറ്റിയുടെ പ്രാദേശിക അതിരുകളെ സംബന്ധിച്ചുള്ള എല്ലാ റഫറൻസുകളും, അതത് സംഗതിപോലെ, വ്യവസായ നഗരപ്രദേശത്തെ അതിരുകളെ സംബന്ധിച്ചുള്ള റഫറൻസായും വ്യാഖ്യാനിക്കേണ്ടതാണ്.

അദ്ധ്യായം IV

അനുബന്ധവും പലവകയുമായ വ്യവസ്ഥകൾ

17. 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) (1965-ലെ 2) ആക്ട് ബാധകമാക്കൽ. - 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ആക്ട് (1965-ലെ 2) 15-ാം വകുപ്പിൻകീഴിലുള്ള വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ വകയായുള്ള ഏതെങ്കിലും പരിസരങ്ങൾക്ക് ബാധകമാകുന്നതല്ല.

18. ആക്ടിന്റെ അതിപ്രഭാവ പ്രാബല്യം.- ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും പ്രദേശത്തെ, വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെടുമ്പോൾ, അപ്രകാരമുള്ള പ്രദേശം ടൗൺ പ്ലാനിംഗ് ആക്ടി (1108-ലെ 4)ൻ കീഴിലോ 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടിൻകീഴിലോ (1920-ലെ 7-ാം മദ്രാസ് ആക്റ്റ്) കേരള നിയമസഭാ നിയമ നിർമ്മാണം നടത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ആക്റ്റിൻകീഴിലോ ഉള്ള മാസ്റ്റർ പ്ലാനിലോ മേഖലാ [illegible]ക സന പദ്ധതിയിലോ ഉൾപ്പെടുത്തിയിട്ടുള്ള അത്രയും പ്രദേശം അപ്രകാരമുള്ള പ്രഖ്യാപനത്തിന്റെ തീയതി മുതൽ അപ്രകാരമുള്ള ഏതെങ്കിലും പദ്ധതിയിൽ നിന്നും നീക്കം ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

19. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ .- സർക്കാരിന്, അതതു സമയം ഈ ആക്ടിലെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്തവുമെന്ന് അത് കരുതുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നയപര

LIBRARY ARCHIVES Kerala Legislative Assembly

മായ നിർദ്ദേശങ്ങൾ സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യവ സായ പ്രദേശ ബോർഡിനോ വ്യവസായ നഗര പ്രദേശ അധികാരസ്ഥാന ത്തിനോ നൽകാവുന്നതും, അതതു സംഗതിപോലെ, വ്യവസായ നഗരപ്ര ദേശമോ സംസ്ഥാന ബോർഡോ, ജില്ലാ ബോർഡോ, വ്യവസായ പ്രദേശ ബോർഡോ, വ്യവസായ നഗരപ്രദേശ അധികാരസ്ഥാനമോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാനും നടപടികൾ കൈക്കൊള്ളാനും ബാദ്ധ്യസ്ഥരാ യിരിക്കുന്നതാണ്.

20. റിട്ടേണുകളും, പരിശോധനകളും.- (1) സർക്കാർ കാലാകാല ങ്ങളിൽ ആവശ്യപ്പെടുന്ന റിപ്പോർട്ടുകളും റിട്ടേണുകളും മറ്റുവിവരങ്ങളും വ്യവ സായ നഗര പ്രദേശ അധികാരസ്ഥാനം സർക്കാരിന് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, സർക്കാരോ, സർക്കാർ അതിലേക്കായി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച റിപ്പോർട്ടുകളോ റിട്ടേണു കളോ മറ്റു വിവരങ്ങളോ വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്.

(3) സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾക്കോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥനോ പദ്ധതി യിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടോയെന്നോ അല്ലെങ്കിൽ നടപ്പിലാക്കി യിട്ടുണ്ടോ എന്നോ അല്ലെങ്കിൽ അപ്രകാരമുള്ള പദ്ധതിക്കനുസൃതമായി ട്ടാണോ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയോ അഥവാ നടപ്പിലാക്കുകയോ ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിനായി ഏതൊരു സ്ഥലത്തും ജോലിക്കാരുടെ സഹായത്തോടെയോ അല്ലാതെയോ പ്രവേശി ക്കാവുന്നതാണ്.

(4) സൂര്യോദയത്തിനും സൂര്യാസ്തമനത്തിനും ഇടയ്ക്കുള്ള സമ യത്തല്ലാതെയോ സ്ഥലത്തിന്റെയോ കെട്ടിടത്തിന്റെയോ കൈവശക്കാരനോ അയാളുടെ അഭാവത്തിൽ ഉടമസ്ഥനോ മതിയായ നോട്ടീസ് നൽകാതെയോ അപ്രകാരം പ്രവേശിക്കുവാൻ പാടുള്ളതല്ല.

21. അംഗങ്ങളും ഉദ്യോഗസ്ഥരും സർക്കാർ ഉദ്യോഗസ്ഥനായിരിക്കു മെന്ന്.- വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെയോ സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡിലെയോ ഓരോ അംഗവും ഉദ്യോഗസ്ഥനും മറ്റ് ജീവനക്കാരും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതാണ്.

22. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം.- ഈ ആക്ടിൻകീഴിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടത്തി നോ, റെഗുലേഷനോ, ഉപനിയമത്തിനോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ ഏതെങ്കിലും പ്രവൃത്തി സംബന്ധിച്ച് ഏതെങ്കിലും ആളിനെതിരായി യാതൊരു വ്യവഹാരമോ കുറ്റവി ചാരണയോ മറ്റു നടപടിയോ കൈക്കൊള്ളാൻ പാടില്ലാത്തതാണ്.

23. ക്രമക്കേടുകൾ ഒഴിവുകൾ എന്നിവമൂലം ആക്ടിന് നിയമസാധുത ഇല്ലാതെ ആകുന്നില്ലായെന്ന്.- ഈ ആക്ട് പ്രകാരം സംസ്ഥാന ബോർഡോ ജില്ലാ ബോർഡോ വ്യവസായ പ്രദേശ ബോർഡോ സംസ്ഥാന ബോർഡോ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ച ഏതെങ്കിലും സബ് കമ്മിറ്റിയോ ചെയ്ത യാതൊരു പ്രവൃത്തിയും എടുത്ത യാതൊരു നടപടിയും-

(എ) സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡിലെയോ സംസ്ഥാന ബോർഡിന്റെ ഏതെങ്കിലും സബ്കമ്മിറ്റിയിലെയോ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുണ്ടായ ഏതെങ്കിലും അപാകതയോ; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും ബോർഡിലേയോ സബ് കമ്മിറ്റിയിലെയോ ഏതെങ്കിലും അംഗത്തിന്റെ നിയമനത്തിലുള്ള ഏതെങ്കിലും അപാകതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) ആ പ്രവൃത്തിയിലോ നടപടിക്രമത്തിലോ സംഗതിയുടെ ഗുണമേന്മയെ ബാധിക്കാത്ത ഏതെങ്കിലും അപാകതയോ ക്രമക്കേടോ; ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

24. <u>ഉപനിയമങ്ങൾ ഉണ്ടാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം.</u>- (1) സംസ്ഥാന ബോർഡിന് പൊതുവായി ഈ ആക്ടിലെ ലക്ഷ്യങ്ങൾ നേടുന്നതിനായി, ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടും കൂടി, ഗസറ്റ് വിജ്ഞാപനം വഴി, ബൈലോകൾ ഉണ്ടാക്കാവുന്നതാണ്.

(2) അപ്രകാരമുള്ള ബൈലോകളിൽ,-

(എ) സംസ്ഥാന ബോർഡും, ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും അവയുടെ കാര്യങ്ങളുടെ നടത്തിപ്പിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ.

(ബി) സംസ്ഥാന ബോർഡോ, ജില്ലാ ബോർഡുകളോ, വ്യവസായ പ്രദേശ ബോർഡുകളോ ലൈസൻസുകളോ ക്ലിയറൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകുന്നതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ;

ഇവയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

25. <u>സംസ്ഥാന ബോർഡിനും, ജില്ലാ ബോർഡുകൾക്കും വ്യവസായ പ്രദേശ ബോർഡുകൾക്കും ഫീസുകൾ പിരിക്കാനുള്ള അധികാരം.</u>- സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും വ്യവസായ പ്രദേശ ബോർഡിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഫീസ് നിശ്ചയിച്ച് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാവുന്നതാണ്.

26. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>- (1) സർക്കാരിന് ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ആ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പു നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ, ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

27. വ്യവസായ നഗര പ്രദേശ അധികാരസ്ഥാനത്തിന് റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.- (1) ഒരു വ്യവസായ നഗര പ്രദേശാധികാര സ്ഥാനത്തിന്, അത് രൂപീകരിക്കപ്പെട്ട ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഈ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) സർക്കാരിന്, റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമവും അതിന്റെ പ്രസിദ്ധീകരണവും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.- (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഈ ആക്ടിന് വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിനു തോന്നുന്നതുമായ ഏത് നടപടിയും സന്ദർഭാനുസരണം ഉത്തരവുമൂലം, എടുക്കാവുന്നതാണ്:

എന്നാൽ, ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Government of Kerala
കേരള സർക്കാർ
1999

Reg.No. KL/TV(N)/12
രജി. നമ്പർ

KERALA GAZATTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. XLII Thiruvananthapuram 30th December 1999
വാല്യം 44 Thursday 1999 ഡിസംബർ 30 No.
തിരുവനന്തപുരം, 9th Pousha 1921 നമ്പർ 2426
വ്യാഴം 1921 പൌഷം 9

SECRETARIAT OF THE KERALA LEGISLATURE
NOTIFICATION

No. 986/Table.1/99/Leg *Dated, Thiruvananthapuram, 30th, December, 1999*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twelth Session of the Tenth Kerala Legilative Assembly with effect from December 29, 1999 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപ ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 1999 ഡിസംബർ 29-ാം തീയതി അതിന്റെ സമ്മേളനം അവസാനിപ്പിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
K. GOPALAKRISHNAN UNNITHAN,
Secretary (in-charge),
Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly